2025 DECEMBER 3

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122



## ഫൊക്കാന ജനറൽ ബോഡി മാതൃക: വ്യക്തമായ നിലപാടുകളുമായി സംഘടന



## ന്യു യോർക്ക് ഗവർണർ സ്ഥാനാർഥി എലീസ് ന്റ്റഫനിക്കിന് സ്വീകരണം


SPECTRUM
AUTO
Exceeding Perfection
CERTIFIED COLLISION CENTER
TESLA
APPROVED COLLISION CENTER
GOLD CLASS
PLATINUM
5.0 average rating
OEM CERTIFICATIONS
HONDA
HYUNDAI
RAM
INFINITI
ACURA
CHRYSLER
DODGE
Jeep
KIA
FIAT
NISSAN
GT-R CERTIFIED COLLISION REPAIR PROVIDER
gm COLLISION REPAIR NETWORK
SCAN ME
845 348 7777 | SPECTRUMAUTOINC.COM
175 SOUTH ROUTE 303, WEST NYACK, NY 10994

# ഫൊക്കാന മിഡ്–ടേം ജനറൽ ബോഡി ഏവർക്കും മാതൃകാപരം:

## സംഘടനയുടെ ദിശയെക്കുറിച്ച് വ്യക്തമായ നിലപാട്



ന്യൂ ജെഴ്സി: ഫൊക്കാനയുടെ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ചേർന്ന മിഡ് ടേം ജനറൽ ബോഡി മീറ്റിങ്ങ് മാതൃകാപരമായിരുന്നു. വ്യക്തമായ കാഴ്ചപ്പാടോടും, സമയ ക്ലിപ്തതയോടും നടത്തിയ മീറ്റിങ്ങ് അനാവശ്യ ചർച്ചകളും , വാക്കുതർക്കങ്ങളും ഒഴിവാക്കി അച്ചടക്കത്തോട് കൂടിയാണ് നടന്നത്.

പ്രസിഡന്റ് സജിമോൻ ആന്റണിയും സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താനും, ട്രഷർ ജോയി ചക്കപ്പൻ, ട്രസ്റ്റീ ബോർഡ് ചെയർ ജോജി തോമസ് എന്നിവർ സംഘടനയുടെ പ്രവർത്തനത്തെ പറ്റി വിശദമായി സംസാരിച്ചു. കഴിഞ്ഞ ഒരു വർഷത്തെ ഫൊക്കാനയുടെ പ്രവർത്തനം വിലയിരുത്തുന്നതിന് വേണ്ടിയും സംഘടനയുടെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനും വേണ്ടിയാണ് മിഡ് ടെം ജനറൽ ബോഡി വിളിച്ചതെന്ന് പ്രസിഡന്റ് സജിമോൻ അറിയിച്ചു.

ഫൊക്കാനയുടെ പ്രവർത്തനങ്ങൾ വളരെ നല്ല രീതിയിൽ പോകുന്നു. ഞങ്ങളുടെ ഭാഗത്തുനിന്നും എന്തെങ്കിലും തെറ്റുകളോ കുറ്റങ്ങളോ ഉണ്ടായിട്ടുണ്ടെങ്കിൽ അത് ചൂണ്ടിക്കാണിക്കേണ്ടത് നിങ്ങളാണ്. അതിനുവേണ്ടിയാണ് ജനറൽ ബോഡി നമ്മളിവിടെ കുടിയിരിക്കുന്നത് എന്ന് ട്രസ്റ്റീ ബോർഡ് ചെയർ ജോജി തോമസ് അഭിപ്രായപ്പെട്ടു

ഫൊക്കാനയുടെ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങൾ ഏവരെയും അതിശയിപ്പിക്കുന്നതാണ് .'ഫൊക്കാനയുടെ മെഡിക്കൽ കാർഡ്, പ്രിവിലേജ് കാർഡ് എന്നീ രണ്ട് കാർഡുകളും സംഘടനയുടെ മുഖച്ഛായ മാറ്റിമറിച്ച ഒരു കാര്യമാണ്. ഫൊക്കാനയുടെ പ്രവർത്തന ശൈലിയിലും അതിലൂടെ മാറ്റം വന്നു. ഓരോ മെഡിക്കൽ കാർഡിലൂടെയും 10000 മുതൽ 75000 രൂപ രൂപ വീതം ഡിസ്കൗണ്ട് കിട്ടിയത് ഞങ്ങളെ വിളിച്ച് സന്തോഷം







അറിയിക്കാറുണ്ട് , കേരള സമൂഹത്തിനുവേണ്ടി പ്രവർത്തിക്കുന്ന നിങ്ങളെ ഞങ്ങൾ എത്ര പ്രശംസിച്ചാലും മതിവരില്ല എന്ന് പറഞ്ഞു അഭിനന്ദിക്കുമ്പോൾ നമ്മുടെ കമ്മിറ്റിക്ക് അഭിമാനമുണ്ട്.സജിമോൻ ആന്റണിയിലൂടെ ഫൊക്കാനയ്ക്കൊരു ഫുൾ ടൈം പ്രസിഡന്റിനെ കിട്ടി., ഏത് സമയത്ത് വിളിച്ചാലും 24*7 അവൈലബിനോടൊപ്പം വിഷനോടും മിഷനോടെയും കൂടി പ്രവർത്തിക്കുന്നതാണ് അദ്ദേഹത്തിന്റെ രീതി. മെഡിക്കൽ കാർഡും പ്രിവിലേജ് കാർഡുമൊക്കെ ഇഷ്യൂ ചെയ്യുന്നതിന് കഴിഞ്ഞ ആഴ്ചകളിൽ മണിക്കൂർ ട്രാവൽ ചെയ്തിട്ട് മീറ്റിംഗ് നടത്തി ഏകദേശം 150 ഓളം കാർഡുകൾ കൊടുത്തു. ഒരു ആവറേജ് എടുത്ത് കഴിഞ്ഞാൽ 4000-ത്തിനും 5000-ത്തിനും ഇടയ്ക്ക് കാർഡുകൾ നമ്മുടെ കേരള കമ്മ്യൂണിറ്റിയിലെ എത്തിക്കാൻ ഫൊക്കാനയ്ക്ക് കഴിഞ്ഞു എന്ന് സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ .അഭിപ്രയപെട്ടു.

ജനങ്ങളിലേക്കിറങ്ങിച്ചെന്ന് ജനങ്ങളോട് സംവദിക്കാനും ജനങ്ങളുടെ കാര്യത്തിനുവേണ്ടി പ്രവർത്തിക്കാനും അതുപോലെ മലയാളികൾക്ക് വേണ്ടുന്ന കാര്യങ്ങൾ കണ്ടുപിടിച്ച് അതിൽ പ്രവർത്തിക്കാനും കഴിയുന്ന ഒരു ടീമാണ് ഇവിടെയുള്ളത്. പൊക്കാനയുടെ യൂത്ത് ക്ലബ്ബ് ഏകദേശം 100 ഓളം മെമ്പേഴ്സിനെ ഉൾപ്പെടുത്തിയാണ് രൂപീകരിച്ചിരിക്കുന്നത്. . ഫൊക്കാനയുടെ രൂപം മാറി, ഭാവം മാറി. അത് കൂടുതൽ മാറണം.





ചെറുപ്പക്കാരെ വളർത്തേണ്ടത് നമ്മുടെ ആവശ്യമാണ് എന്നുള്ള ഒരു കൺസെപ്റ്റോടുകൂടി തന്നെയാണ് ഈ ഈ നേതൃത്വം മുന്നോട്ട് കൊണ്ടുപോകുന്നത്. ഏകദേശം 250-ൽ അധികം മെമ്പേഴ്സുള്ള ഒരു വിമൻസ് ഫോറം ഈ ടീമിന്റെ ഭാഗമായി പ്രവർത്തിക്കുന്നുണ്ട്. ഫൊക്കാനയുടെ റീജിയണൽ ഇനോഗുറേഷൻ എല്ലാ റീജിയണിലും ഒന്നിനൊന്ന് മെച്ചമായി നടന്നു. ചരിത്രത്തിൽ ആദ്യമായി പ്രവർത്തനം തുടങ്ങി എല്ലാ റീജിയണൽ ഇനോഗുറേഷനുകളും 500-ഉം 600-ഉം പേരുള്ള ഫൊക്കാനയുടെ ഒരു മിനി കൺവെൻഷൻ തന്നെ ആയിരുന്നു . റീജണൽ കണ്വെൻഷനുകളുടെ തുടക്കമായി ന്യൂ യോർക്ക് (അപ്പ്സ്റ്റേറ്റ് ) റീജണൽ കൺവെൻഷനും വൻപിച്ച വിജയം ആയിരുന്നു

ചരിത്രത്തിൽ ആദ്യമായി ഫൊക്കാനക്ക് ഒരു സ്പോർട്സ് ക്ലബ്ബ് തുടങ്ങുവാൻ സാധിച്ചു. ആ സ്പോർട്സ് ക്ലബ്ബ് ന്യൂയോർക്കിൽ ഒരു ടൂർണമെന്റ് നടത്തി. ചിക്കാഗോയിൽ മറ്റൊന്ന് നടത്തുന്നു. അങ്ങനെ ഇന്ന് ഫൊക്കാന യുവാക്കളുടെ കൈകളിൽ എത്തിയിരിക്കുന്നു.

ഫൊക്കാന കേരള കൺവെൻഷൻ ഒരു ചരിത്രം സൃഷ്ടിച്ചു. ഒരു പ്രവാസി സംഘടനയിൽ നടത്തിയിട്ടില്ലാത്ത കൺവെൻഷനാണ് നമ്മൾ നടത്തിയത്. ഇവിടെ ഇരുന്നുകൊണ്ട് മാനേജ് ചെയ്ത് അവിടെ ആയിരത്തിലധികം പേരെ വരുത്താമെങ്കിൽ ഇവിടെ പ്രവർത്തിക്കുന്ന നമുക്കെന്തുകൊണ്ട് കൽഹാരി കൺവെൻഷനിൽ





5000 പേരെ വരുത്തിക്കൂടാ . ഞങ്ങളുടെ എയിം അതാണ്. കേരള കൺവെൻഷൻ ഞങ്ങൾക്ക് ഒരു പ്രചോദനമായിരുന്നു. കാരണം കേരളത്തിന്റെ ചരിത്രത്തിൽ ഒരു പ്രവാസി സംഘടന നടത്തിയിട്ടില്ലാത്ത മൂന്ന് ദിവസത്തെ കൺവെൻഷനാണ് അവിടെ നടന്നത്. അവിടുത്തെ സാഹിത്യ സമ്മേളനം, മീഡിയ സെമിനാർ, വിമൻസ് ഫോറം സെമിനാർ, ഭാഷക്ക് ഒരു ഡോളർ, ബിസിനെസ്സ് സെമിനാർ, സിം കേരളാ സിം, ലൈഫ് ആൻഡ് ലിമ്പുമായി സഹകരിച്ചു 44 പേർക്ക് കൃത്രിമ കാലുകൾ നൽകി അങ്ങനെ ഓരോന്നോരോന്ന് എടുത്തു കഴിഞ്ഞാൽ കേരളത്തിലെ പത്രങ്ങൾ മൊത്തം എഴുതിയ ഒരു കേരള കൺവെൻഷനായിരുന്നു നമ്മൾ ഒരുക്കിയത്.

ഫൊക്കാനയുടെ പ്രവർത്തനം ഒരു വർഷം ഇത്രയും ഭംഗിയായി കൊണ്ടുപോകാൻ നമുക്ക് പ്രചോദനമായി ലീഡർഷിപ്പ് തന്ന പ്രസിഡന്റ് സജിമോനെ എത്ര അഭിനന്ദിച്ചാലും മതിയാവില്ല. ' ശ്രീകുമാർ ഉണ്ണിത്താൻ വിശദീകരിച്ചു.

ഫൊക്കാനയിലെ പ്രവർത്തനങ്ങൾക്ക് അതിലുള്ളവർക്ക് ലഭിക്കുന്ന വരുമാനം പൂജ്യമാണെന്ന് അധ്യക്ഷപ്രസംഗത്തിൽ പ്രസിഡന്റ് സജിമോൻ ആന്റണി പറഞ്ഞു. എക്സിക്യൂട്ടീവ് കമ്മിറ്റിയിലെയും നാഷണൽ കമ്മിറ്റിയിലെയും ട്രസ്റ്റി ബോർഡിലെയും അംഗങ്ങൾക്കും





മുൻ പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും അദ്ദേഹം നന്ദി അറിയിച്ചു.ഫൊക്കാനയിലെ 850 ഡെലിഗേറ്റ്സിന്റെയും പേര് തനിക്കാരോടും ചോദിക്കാതെ അറിയാമെന്നും അദ്ദേഹം അഭിമാനത്തോടെ സൂചിപ്പിച്ചു.

ഫൊക്കാനയോടുള്ള സ്നേഹംകൊണ്ട് 2013-ൽ ഒരു സാധാരണ പ്രവർത്തകനായി തുടക്കംകുറിക്കുകയും 2016-ൽ ഒരു നാഷണൽ കമ്മിറ്റി അംഗവും 2018-ൽ ട്രഷററും 2020-ൽ സെക്രട്ടറിയുമായി.ഫൊക്കാനയുടെ എല്ലാ ബോഡിയിലും ഒരു സാന്നിധ്യം അറിയിച്ച് പ്രവർത്തിച്ച് മനസ്സിലായതിനുശേഷം പ്രസിഡന്റായതാണ് തന്റെ നേട്ടമെന്ന് അദ്ദേഹം വിലയിരുത്തി. 2012 തൊട്ട് 2025 വരെ സാധാരണ ഒരു ജനറൽ ബോഡിയോ മിഡ് ടേം ജനറൽ ബോഡിയോ വിളിച്ചാൽ എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ അംഗങ്ങൾപോലും എല്ലാവരും എത്തിയിരുന്നില്ല, ആ സ്ഥാനത്താണ് ഇന്ന് 200 -ൽ അധികം ആളുകൾ എത്തിച്ചേർന്നതെന്ന് സജിമോൻ ആന്റണി പറഞ്ഞതും ഏവരും കയ്യടിച്ചു. കാനഡയിൽ നിന്നും ചിക്കാഗോയിൽ നിന്നും വാഷിംഗ്ടൺ ഡിസിയിൽ നിന്നുമെല്ലാം ആളുകൾ എത്തിയിട്ടുണ്ട്.

ആരോഗ്യപ്രശ്നങ്ങൾ ഉള്ളവരും സംഘടനയോടുള്ള സ്നേഹംകൊണ്ട് എത്തിച്ചേർന്നു. തന്റെ കമ്മിറ്റിയോട് പലരും റിപ്പീറ്റ് ചെയ്യാൻ ആവശ്യപ്പെട്ടിരുന്നെന്നും അതിൽ താല്പര്യമില്ലെന്നും അദ്ദേഹം തുറന്നുപറഞ്ഞു.

'1983ൽ തുടങ്ങിയ സംഘടന ഇന്ന് 42 വർഷം പിന്നിടുമ്പോൾ ഭാഷയ്ക്കൊരു ഡോളർ പോലെയുള്ള നല്ല പ്രൊജക്ടും ഒരു വാശിയേറിയ ഇലക്ഷനും പിന്നെ ഒരു വാശി കുറഞ്ഞ കേസും പിന്നെ കുറച്ചു നാൾ കേസ് ഇല്ലാതിരിക്കുകയും ഒരു കൺവെൻഷനും 75 പേര് വെച്ച് നടത്തിയ കൺവെൻഷനിൽ ഞാൻ പങ്കെടുത്തിട്ടുണ്ട്. 75 പേരായിരുന്നു ഉദ്ഘാടന ദിവസം കൺവൻഷനിൽ ഉണ്ടായിരുന്നത്. ആ ചരിത്രവും ഞാൻ കണ്ടതാണ്. നിങ്ങളിൽ പലരുടെയും പ്രായമില്ലെങ്കിലും ഞാൻ ഇതൊക്കെ ഒബ്സർവ്വ് ചെയ്തിട്ടുണ്ട്. പ്രവർത്തനങ്ങളുടെ ഒരു ഘോഷയാത്രയായിട്ടാണ് ഇന്ന് ഫൊക്കാന പൊയ്ക്കൊണ്ടിരിക്കുന്നത്. അതിനകത്ത് എ ടീമോ ബി ടീമോ അങ്ങനെയൊന്നുമില്ല, ജയിച്ച ടീമോ തോറ്റ ടീമോ ഒന്നുമില്ല. ഈ ഒരു കമ്മിറ്റി ചരിത്രത്തിൽ ആദ്യമായിട്ട് തോറ്റ എല്ലാവരെയും നെഞ്ചിൽ ചേർത്ത് കൊണ്ട് ആദ്യത്തെ ദിവസം തന്നെ ഒന്നിച്ച് പോകാനായിട്ട് തീരുമാനമെടുത്ത്, ചേർത്ത് പിടിച്ചപ്പോൾ ആ കാണിക്കുന്നത് സത്യമാണോ എന്ന് അവർപോലും പേടിച്ചിരിക്കാം. കാരണം സത്യം പറഞ്ഞാൽ ഒരിക്കലും മുൻപ് അവർ അങ്ങനെ കണ്ടിട്ടില്ലല്ലോ?

ഇനി നമുക്ക് 10 മാസമുണ്ട്. ആ 10 മാസങ്ങളിലേക്ക് നിങ്ങൾ പ്രവർത്തിക്കൂ. ഫൊക്കാന എന്ത് ചെയ്തു എന്നുചോദിച്ചാൽ ഫിസിക്കലി മെറ്റീരിയലി കാണിക്കാൻ കാശ് തിരിച്ച് ഇങ്ങോട്ട് കിട്ടുന്ന മെഡിക്കൽ കാർഡും പ്രിവിലേജ് കാർഡും ഉണ്ട്. എന്തുകൊണ്ട് നമുക്കൊരു പതിനായിരം കുടുംബങ്ങളിൽ ഈ കാർഡുകൾ എത്തിച്ചുകൂടാ?



ഇതൊന്നും വെറുതെ ഉണ്ടാകുന്നതല്ല. ഞാനും എന്റെ കമ്മിറ്റിയും ചോരയും നീരുമൊഴുക്കിയാണ് അത് സാധ്യമാക്കിയത്.

കൊച്ചി രാജഗിരി, പാലാ മെഡ്സിറ്റി, കിംസ് ട്രിവാൻഡ്രം, ബേബി മെമ്മോറിയൽ കോഴിക്കോട്, ബിലീവേഴ്സ് തിരുവല്ല, കാരിത്താസ് കോട്ടയം അങ്ങനെ ആറ് ഹോസ്പിറ്റലാണ് അവിടെ അഞ്ചു മുതൽ 15% വരെ ഡിസ്കൗണ്ട് നാട്ടിലെ പ്രത്യേക സാഹചര്യത്തിൽ നമ്മൾ പോയി കഴിയുമ്പോൾ 50 പേര് അവിടെ ഇരിപ്പുണ്ടെങ്കിലും ഈ കാർഡുമായിട്ട് പോകുന്ന ആൾക്കാർക്ക് ഗ്രീൻ ചാനലിൽ കൂടെ നേരെ കേറി പോകാം. ചരിത്രത്തിൽ ആദ്യമായിട്ടാണ് കൊച്ചി ഇന്റർനാഷണൽ എയർപോർട്ടിലും തിരുവനന്തപുരം എയർപോർട്ടിലും പോയിട്ട് 10 തൊട്ട് 15% വരെ ഡിസ്കൗണ്ട് ലഭിക്കും.

കേരള കൺവൻഷൻ ഭംഗിയാക്കിയ ജോയ് ഇട്ടൻ ചേട്ടന് നന്ദി. മൂന്നു ദിവസം അടിച്ചുപൊളിച്ച് ഫൈവ് സ്റ്റാർ അല്ല സെവൻ സ്റ്റാർ ലെവലിൽ നമ്മൾ കൺവെൻഷൻ നടത്തി. 44 പേർ കാലില്ലാതെ വന്നു കാലുമായിപ്പോയി. 148 പിള്ളേര് നീന്തൽ അറിയാതെ വന്നു, നീന്തൽ പഠിച്ച് സർട്ടിഫിക്കറ്റ് നേടി. കേരളത്തിൽ ആദ്യമായാണ് ഒരു പ്രവാസി സംഘടന ഇങ്ങനെ ചെയ്യുന്നത്. 26 കുടുംബങ്ങളുടെ സർട്ടിഫിക്കറ്റ് പഠിച്ചുകഴിഞ്ഞിട്ട് ഫീസ് അടക്കാൻ ബാക്കിയുള്ളതിനെ തിരഞ്ഞു കണ്ടുപിടിച്ച് അവർക്കുവേണ്ട സഹായങ്ങൾ ചെയ്തു കൊടുത്തു. നമ്മൾ എല്ലാവരുടെയും കോൺട്രിബ്യൂഷൻ ആണ് അത്. അങ്ങനെയുള്ള നന്മമരങ്ങളുടെ കുറേ പരിപാടികളാണ് നമ്മൾ ചെയ്തത്, ജസ്റ്റ് അടിച്ചുപൊളി മാത്രമല്ല. ഫൊക്കാന ഹെൽത്ത് ക്ലിനിക്കിനെ പറ്റി പറയുകയാണെങ്കിൽ ന്യൂജേഴ്സിയിലും ബോസ്റ്റണിലുമാണ് ആദ്യം തുടങ്ങുന്നത്. ഈ കമ്മിറ്റി നിങ്ങളുടെ എല്ലാവരുടെയും സഹകരണത്തോടുകൂടി ഫിലാഡൽഫിയയിലും ന്യൂയോർക്കിലും ചിക്കാഗോയിലുമെല്ലാം സാധാരണക്കാർക്കുള്ള ഡ്രീം പ്രൊജക്റ്റായി ഇത് മുന്നോട്ട് കൊണ്ടുപോകും.' സജിമോൻ ആന്റണി വ്യക്തമാക്കി. ഇന്നത്തെ കാലത്ത് അമേരിക്കയിൽ മെൻസ് ഫോറം ഏറെ പ്രസക്തമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ട്രഷർ ജോയി ചാക്കപ്പൻ ഫൊക്കാനയിൽ ഇലക്ഷൻ വരുന്നതിന് സ്വാഗതം ചെയ്തു ഇലക്ഷൻ വന്നു കഴിഞ്ഞപ്പോൾ രണ്ട് ഗ്രൂപ്പായി തിരിയുന്ന ഒരു സ്ഥിതിവിശേഷം ഉണ്ടെന്ന് വിമർശനം വന്നെങ്കിലും ഞങ്ങളെ സംബന്ധിച്ച് ഫൊക്കാന ഒന്നേയുള്ളൂ എന്നും ടീമിൽ നിന്ന് തന്നെ പലരും ഇലക്ഷനിലേക്ക് മത്സരിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഞങ്ങൾക്കു ഗ്രൂപ്പോ ടീമോ ഇല്ല. ഫൊക്കാനയുടെ ഈ കൺവെൻഷനെ സഹായിക്കുന്നവരെ തിരിച്ചും സഹായിക്കുന്ന ഒരു സമീപനമാണ് തന്റേതെന്നും അദ്ദേഹം അഭിപ്രയപെട്ടു.

വൈസ് പ്രസിഡന്റ് വിപിൻ രാജ് , ജോയിന്റ് സെക്രട്ടറി മനോജ് ഇടമന, അഡിഷണൽ ജോയിന്റ് സെക്രട്ടറി അപ്പുകുട്ടൻ പിള്ളൈ, ട്രസ്റ്റീ ബോർഡ് ബിജു ജോൺ എന്നിവർ സംസാരിച്ചു. എക്സി. വൈസ് പ്രസിഡന്റ് പ്രവീൺ തോമസ് പങ്കെടുത്ത ഏവർക്കും നന്ദി രേഖപ്പെടുത്തി.

# ന്യു യോർക്ക് ഗവർണർ സ്ഥാനാർഥി എലീസ് സ്റ്റെഫനിക്കിന് സ്വീകരണം

പേൾ റിവർ, ന്യൂ യോർക്ക്: സ്റ്റേറ്റിലെ റിപ്പബ്ലിക്കൻ ഗവർണർ സ്ഥാനാർഥി കോൺഗ്രസ് വുമൻ എലീസ് സ്റ്റെഫനിക്കിന് റോക്ക്ലാന്റിൽ സ്വീകരണം നൽകി. ടോം നൈനാൻ, നോവ ജോർജ്, റോയ് ചെങ്ങന്നൂർ, അലക്സ് എബ്രഹാം, മോഹൻ ഡാനിയൽ, അലക്സ് മുരിക്കനാനി തുടങ്ങി ഏതാനും മലയാളികളും പങ്കെടുത്തു.

കോൺഗ്രസംഗം മൈക്ക് ലോലർ സ്ഥാനാർത്ഥിയെ പരിചയപ്പെടുത്തി. എലിസും താനും ആദ്യമായി കണ്ടുമുട്ടിയത് 2013-ൽ, 21-ാമത്തെ ഡിസ്ട്രിക്ടിൽ കോൺഗ്രസിലേക്ക് മത്സരിക്കാൻ അവർ മുന്നോട്ടു വന്നപ്പോഴാണ്. അന്ന് താൻ സംസ്ഥാന പാർട്ടിയുടെ എക്സിക്യൂട്ടീവ് ഡയറക്ടറായിരുന്നു. നിങ്ങൾ 250000 ഡോളർ സമാഹരിച്ചാൽ ശക്തയായ സ്ഥാനാർഥി ആകുമെന്ന് പറഞ്ഞതോർക്കുന്നു. ആ വെല്ലുവിളി ഏറ്റെടുത്ത് മത്സരിച്ച് അവർ ഏറ്റവും പ്രായം കുറഞ്ഞ വനിതയായി കോൺഗ്രസിലെത്തി.

ഇപ്പോൾ പാർട്ടിയിലും ഈ രാജ്യത്തുടനീളവും അവർക്ക് വ്യാപകമായി അംഗീകാരം ലഭിച്ചു. ശരിയായ കാര്യങ്ങൾക്ക് വേണ്ടി നിലകൊള്ളുന്ന ഒരാളെന്ന നിലയിൽ തൊഴിലാളിവർഗത്തിനായുള്ള



ഒരു ചാമ്പ്യനെന്ന നിലയിൽ അവർ രംഗത്തുണ്ട്-കോൺഗ്രസ്മാൻ ലോലർ ചൂണ്ടിക്കാട്ടി.

ന്യു യോർക്കിൽ 2007 മുതൽ ഡെമോക്രാറ്റുകളാണ് ഗവർണർമാർ എന്നും ഓരോരുത്തരും ഒന്നിന് പുറകെ ഒന്നായി ഓരോ ദുരന്തമായി മാറുകയായിരുന്നുവെന്നും സ്റ്റെഫനിക്ക് പറഞ്ഞു. സംസ്ഥാനം നേരിടുന്ന വെല്ലുവിളികൾ നോക്കുമ്പോൾ, കുറ്റകൃത്യങ്ങളും പൊതു സുരക്ഷയും ജീവിത നിലവാരം കുറയുന്നതും കാണുമ്പോൾ അതിന്റെ കാരണം ഡമോക്രാറ്റുകളുടെ ഭരണമാണെന്നു വ്യക്തമാണ്. ഇപ്പോഴത്തെ ഗവർണർ കാത്തി ഹോക്കൽ ഒരു ആക്സിഡന്റൽ ഗവർണറാണ്.

നികുതി, യൂട്ടിലിറ്റി ചെലവ്, ഊർജ്ജ വില, വാടക, ഗ്രോസറി ബിൽ എന്നിവയിലെല്ലാം രാജ്യത്ത് ന്യുയോർക്കാണ് മുന്നിലെന്ന് സ്റ്റെഫനിക്ക് ചൂണ്ടിക്കാട്ടി. ഡെമോക്രാറ്റുകൾ എല്ലാ അധികാര കേന്ദ്രങ്ങളും രണ്ട് പതിറ്റാണ്ടുകളായി നിയന്ത്രിക്കുന്നു.





ജനങ്ങൾക്ക് ഊർജ്ജ, യൂട്ടിലിറ്റി വിലകൾ താങ്ങാൻ കഴിയണം. അവർക്ക് മികച്ച സ്കൂളുകൾ വേണം. അതിനായി നമ്മൾ ഒരു കോമൺ സെൻസ് സഖ്യം കെട്ടിപ്പടുക്കാൻ പോകുന്നു.

ന്യൂയോർക്ക് സംസ്ഥാനത്തുടനീളമുള്ള കഠിനാധ്വാനികളായ എല്ലാ കുടുംബങ്ങളെയും പ്രതിനിധീകരിക്കാൻ ശക്തമായ നേതൃത്വം ജനം ആഗ്രഹിക്കുന്നു.

ഞാൻ അപ്സ്റ്റേറ്റിലാണ് ജനിച്ച് വളർന്നത്. രാഷ്ട്രീയ കുടുംബത്തിൽ നിന്നല്ല വരുന്നത്. ഒരു ചെറുകിട ബിസിനസ്സ് കുടുംബത്തിലാണ് വളർന്നത്.

ഹാർവാർഡിൽ നിന്ന് ബിരുദം നേടിയ ശേഷവും റിപ്പബ്ലിക്കൻ ആയി തുടർന്നു. പുതിയ ഊർജ്ജം, നവീന ആശയങ്ങൾ, പുതു തലമുറ നേതൃത്വം എന്നിവ കൊണ്ടുവരാൻ ഞാൻ കോൺഗ്രസിലേക്ക് മത്സരിച്ചു. റിപ്പബ്ലിക്കൻമാരിൽ നിന്നും സ്വതന്ത്രരിൽ നിന്നും മാത്രമല്ല, രജിസ്റ്റർ ചെയ്ത ഡെമോക്രാറ്റുകളിൽ ഏകദേശം 25% പേരിൽ നിന്നും ഞങ്ങൾ ഒരു സഖ്യം കെട്ടിപ്പടുത്തു. ഞാൻ ആദ്യമായി മത്സരിച്ചപ്പോൾ വിജയിക്കാൻ കഴിയുമെന്ന് ആരും കരുതിയില്ല.

ഞാൻ അഭിമാനിയായ ഒരു ന്യൂയോർക്കുകാരിയാണ്. അടുത്ത തലമുറയ്ക്ക് ന്യൂയോർക്കിൽ ജീവിക്കാനും അഭിവൃദ്ധി പ്രാപിക്കാനും കഴിയുമെന്നും ഈ നഗരത്തിൽ നിന്ന് പുറത്താക്കപ്പെടരുതെന്നും ഉറപ്പാക്കാൻ ആഗ്രഹിക്കുന്നു.

നമ്മുടെ മഹത്തായ സംസ്ഥാനത്തെ രക്ഷിക്കാൻ നമ്മളിൽ ഓരോരുത്തരും മുന്നോട്ട് വരേണ്ടതുണ്ട്. ഈ ശ്രമത്തിൽ എന്നോടൊപ്പം ചേരാൻ ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു.

മാംദാനിക്കു വോട്ട് ചെയ്ത എല്ലാവരും അദ്ദേഹം പ്രതിനിധീകരിക്കുന്ന മറ്റെല്ലാ കാര്യങ്ങളിലും വിശ്വസിക്കുന്നുണ്ടെന്ന് ഞാൻ കരുതുന്നില്ല. മാംദാനിയുടെ പല നിലപാടുകളും അംഗീകരിക്കുന്നില്ലെന്ന് പറഞ്ഞിട്ടും മാംദാനിക്കു പിന്തുണ പ്രഖ്യാപിക്കുകയാണ് ഗവർണർ കാത്തി ഹോക്കൽ ചെയ്തത്.



ഡമോക്രാറ്റിക് ഭരണം വികസനത്തെ തകർത്തു. ഊർജ്ജ, യൂട്ടിലിറ്റി ചെലവുകൾ വർദ്ധിച്ചു. കാത്തി ഹോക്കലിന്റെ പരാജയപ്പെട്ട നയങ്ങളുടെ ഫലമാണിത്. അവർ ഫ്രാക്കിംഗ് നിരോധിച്ചു. പൈപ്പ്ലൈനുകൾ തടഞ്ഞു, പ്രകൃതിവാതകത്തിന് മേൽ നിരോധനം കൊണ്ട് വരുന്നു.

ന്യൂയോർക്കുകാരോട് കള്ളം പറഞ്ഞ് വീണ്ടും തിരഞ്ഞെടുക്കപ്പെടാൻ അവർ ശ്രമിക്കുന്നു. അവരുടെ ഉദ്ദേശ്യം നികുതി വർദ്ധിപ്പിക്കൽ, യൂട്ടിലിറ്റി ചെലവുകൾ വർദ്ധിപ്പിക്കൽ എന്നിവയാണ്.

യുവതലമുറക്ക് വീട് വാങ്ങാനാവുന്നില്ല. സ്റ്റുഡന്റ് ലോൺ ഏറെയുള്ള ചരിത്രത്തിലെ ആദ്യ തലമുറയാണ് ഇത്. ന്യൂ യോർക്ക് സ്റ്റേറ്റ് ഓരോ യുവ കുടുംബത്തിനും ഓരോ ചെറുകിട ബിസിനസിനും ഓരോ സംരംഭകനും താങ്ങാനാവുന്നതും സുരക്ഷിതവുമാണെന്ന് ഞങ്ങൾ ഉറപ്പാക്കാൻ പോകുന്നു.

കാഷ്ലെസ് ജാമ്യ വ്യവസ്ഥ വന്നതോടെ ക്രിമിനലുകൾ അഴിഞ്ഞാടുന്നു. ആവർത്തിച്ചുള്ള കുറ്റവാളികൾ മോചിതരാകുകയും വീണ്ടും അക്രമത്തിനു കാരണമാവുകയും ചെയ്യുന്നു. കാഷ്ലെസ് ബെയിൽ റദ്ദാക്കലിനെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു. അതിനായി കോൺഗ്രസിൽ താൻ ബിൽ കൊണ്ടുവരുന്നുണ്ട്.

രണ്ട് പ്രധാന പ്രശ്നങ്ങൾ വിലക്കയറ്റവും സുരക്ഷയുമാണ്.

താങ്കളുടെ സോഷ്യൽ മീഡിയ കാമ്പെയ്ൻ എത്രത്തോളം ശക്തമാണ് എന്ന് നോഹ ജോർജ് ചോദിച്ചു. ട്രംപിൻറെ വിജയത്തിന് സോഷ്യൽ മീഡിയ വളരെയധികം സഹായിച്ചു. മാംദാനിയുടെ വിജയത്തിനും സോഷ്യൽ മീഡിയ വലിയൊരു പങ്കു വഹിച്ചു. മറ്റുള്ളവരെ ആശയവിനിമയം നടത്താൻ ഉൾപ്പെടുത്താനുള്ള നിങ്ങളുടെ പദ്ധതി എന്താനിന്നായിരുന്നു ചോദ്യം.

സോഷ്യൽ മീഡിയയിൽ ശക്തമായ സാന്നിധ്യം ലക്ഷ്യമിടുന്നതായി സ്റ്റെഫാനിക്ക് പറഞ്ഞു. ആ പ്ലാറ്റ്ഫോമുകളിലൂടെ ഞങ്ങൾ വോട്ടർമാരുമായി നേരിട്ട് ആശയവിനിമയം നടത്തുന്നത് തുടരും. അതിനായി കൂടുതൽ പദ്ധതികൾ രൂപീകരിക്കും.



# നിർമ്മല ജോസഫിന്റെ ലാനാ യാത്രയിലെ പുതിയ അധ്യായം

**മീട്ടു റഹ്മത്ത് കലാം**

അമേരിക്കൻ മലയാളികളുടെ സാഹിത്യസാംസ്കാരിക പ്രസ്ഥാനങ്ങളിൽ നിർണായക പങ്കുവഹിച്ച് മുന്നേറുന്ന ലിറ്ററി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക (ലാനാ) പുതിയ നേതൃത്വവുമായി പ്രവർത്തനം തുടരുമ്പോൾ അതിന്റെ സെക്രട്ടറിയെന്ന പ്രധാന ചുമതല ഏറ്റെടുക്കുന്നത് നാലു പതിറ്റാണ്ടായി പ്രവാസജീവിതം നയിക്കുമ്പോഴും മലയാളത്തെ ഹൃദയത്തിൽ സൂക്ഷിക്കുന്ന നിർമ്മല ജോസഫ് തടം (മാലിനി) എന്ന എഴുത്തുകാരിയാണ്.

കോട്ടയത്തെ വയല എന്ന ഗ്രാമത്തിൽ നിന്നാരംഭിച്ച യാത്ര, 1984-ൽ അമേരിക്കയിലേക്ക് മാറിയ ശേഷവും ഭാഷയോടും എഴുത്തിനോടുമുള്ള ആത്മബന്ധം ഒരിക്കലും ക്ഷയിച്ചില്ല. മൂന്ന് കഥാസമാഹാരങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ള, നാലാമത്തെ കവിതാസമാഹാരത്തിന്റെ പണിപ്പുരയിൽ മുഴുകിയിരിക്കുന്ന ഒരു സൃഷ്ടിപരമായ മനസ്സ്. രണ്ട് മലയാളം സ്കൂളുകളിൽ ഇരുപത് വർഷത്തോളം അധ്യാപികയായും പ്രവർത്തിച്ചിട്ടുണ്ട്. വായന, എഴുത്ത്ഇവയെല്ലാം അവരുടെ ജീവിതത്തിന്റെ ഉറച്ച തൂണുകൾ.

ലാനായുടെ പ്രവർത്തനങ്ങളോട് വർഷങ്ങളായി കാണിക്കുന്ന ആത്മബന്ധം ഇപ്പോൾ ഒരു വലിയ ഉത്തരവാദിത്വമായി മാറുമ്പോൾ, പുതുതലമുറയെ എഴുത്തിലേക്കും സാഹിത്യത്തിലേക്കും നയിക്കാൻ പദ്ധതികളുമായി അവർ മുന്നോട്ട് പോകുന്നു. പ്രവാസത്തിൽ മാതൃഭാഷ സംരക്ഷിക്കുന്നതിനുള്ള വെല്ലുവിളികളിൽ നിന്നും ലാനായെ കൂടുതൽ സജീവമായ ഒരു സൃഷ്ടി പ്രസ്ഥാനം ആക്കാനുള്ള സ്വപ്നങ്ങളിലേക്കുള്ള യാത്രയെക്കുറിച്ച് നിർമ്മല ജോസഫ് സംസാരിക്കുന്നു...

### കേരളവുമായുള്ള ബന്ധം?

കോട്ടയമാണ് സ്വദേശം. കുറവിലങ്ങാടിനടുത്ത് വയല എന്ന ഗ്രാമത്തിലാണ് ജനിച്ചുവളർന്നത്. ഭർത്താവിന്റെ കുടുംബം പാലക്കാടാണ്. 84 - ൽ ആണ് അമേരിക്കയിലെത്തുന്നത്.

### 40 വർഷം പിന്നിട്ട പ്രവാസ ജീവിതം മലയാളത്തെയും എഴുത്തിനോടുള്ള താല്പര്യത്തെയും എങ്ങനെ സ്വാധീനിച്ചു?

40 വർഷമായിട്ട് അമേരിക്കയിലാണ് താമസിക്കുന്നതെങ്കിലും എന്റെ ഉള്ളിലെ ഭാഷ മലയാളം തന്നെയായിരുന്നു. അതുകൊണ്ടുതന്നെ അധികം വായിച്ചതും മലയാളം പുസ്തകങ്ങൾ. വീട്ടിൽ സംസാരിക്കുന്നതും മലയാളം. വായനയാണ് ഭാഷയോട് ഇപ്പോഴും ചേർത്തുനിർത്തുന്നത്. മക്കൾ രണ്ടുപേരും ഇവിടെയാണ് ജനിച്ചതെങ്കിലും നന്നായി മലയാളം സംസാരിക്കും. മകൾ മലയാളം എഴുതുകയും വായിക്കുകയും ചെയ്യും. എഴുത്തിനെക്കുറിച്ചു പറഞ്ഞാൽ, കാലം/സമയം പലകാര്യങ്ങളിലും നമ്മുടെ കാഴ്ചപ്പാടുകൾക്കും നിലപാടുകൾക്കും ചെറിയ മാറ്റങ്ങളുണ്ടാക്കും.

അത് നമുക്ക് കൂടുതൽ തിരിച്ചറിവു തരും, ധൈര്യം തരും. എഴുതാൻ കഴിയും, എഴുതണം എന്നൊരു ആത്മവിശ്വാസം ഈ കാലയിളവ് എനിക്ക് തന്നു.

**പ്രസിദ്ധീകൃതമായ പുസ്തകങ്ങൾ?**

മൂന്ന് കഥാസമാഹാരങ്ങൾ പ്രസിദ്ധീകരിച്ചു. പാപനാശിനിയുടെ തീരത്ത് പ്രാർത്ഥനയോടെ, നീയും ഞാനും പിന്നെ നമ്മളും, നൈജൽ എന്നിവയാണ് പ്രസിദ്ധീകൃതമായ പുസ്തകങ്ങൾ. നാലാമത്തേത് ഒരു കവിതാസമാഹാരമാണ്. അതിന്റെ പണിപ്പുരയിലാണ്.

**മനസ്സിനെ സ്പർശിക്കുന്ന ചെറിയൊരു കാര്യം മതി. നമ്മുടെ ഒരനുഭവം, സുഹൃത്തുമായി നടത്തിയ സംഭാഷണമോ, കണ്ടുമുട്ടിയ വ്യക്തിയോ അങ്ങനെ എന്തും എഴുത്തിന് വിഷയമായിത്തീരാം. എഴുതാൻ വേണ്ടി എഴുതാറില്ല, അത് സ്വാഭാവികമായി സംഭവിക്കുന്നതാണ്.**

**സൃഷ്ടി പ്രക്രിയ ഒന്ന് പറയാമോ?**

മനസ്സിനെ സ്പർശിക്കുന്ന ചെറിയൊരു കാര്യം മതി. നമ്മുടെ ഒരനുഭവം, സുഹൃത്തുമായി നടത്തിയ സംഭാഷണമോ, കണ്ടുമുട്ടിയ വ്യക്തിയോ അങ്ങനെ എന്തും എഴുത്തിന് വിഷയമായിത്തീരാം. എഴുതാൻ വേണ്ടി എഴുതാറില്ല, അത് സ്വാഭാവികമായി സംഭവിക്കുന്നതാണ്. നമ്മുടെ ഉള്ളിൽ എന്തെങ്കിലും ഒന്ന് സ്ട്രൈക്ക് ചെയ്യുകയാണെങ്കിൽ അത് ആരോടെങ്കിലും പറയണം എന്ന് തോന്നുമല്ലോ. നൈജൽ എന്ന കഥയുടെ തീം ഏതാണ്ട് 15 വർഷം മുമ്പ് ഒരു വ്യക്തി പങ്കുവച്ച അനുഭവത്തിൽ നിന്നാണ് ഉരുത്തിരിഞ്ഞുവന്നത്. എന്നെ സംബന്ധിച്ച് എന്റെ വികാരം എക്സ്പ്രസ് ചെയ്യാൻ പറ്റിയ ഏറ്റവും നല്ല മാധ്യമമാണ് എഴുത്ത്.

**കഥാസമാഹാരത്തിൽ നിന്ന് കവിതാസമാഹാരത്തിലേക്ക് വഴിമാറി നടക്കുന്നതിന് പിന്നിൽ?**

വഴിമാറി നടത്തം എന്നുപറയാനാകില്ല. തുടക്കത്തിൽ കവിതകൾ തന്നെയാണ് എഴുതിയിരുന്നത്. പ്രസിദ്ധീകരിച്ചിട്ടില്ലെന്നുമാത്രം. താളബദ്ധമായിട്ടുള്ള വൃത്തം, അലങ്കാരം അങ്ങനെയുള്ള രീതി വശമില്ലാത്തതുകൊണ്ട് ആത്മവിശ്വാസം കുറവായിരുന്നു. എന്റെ കഥകളിൽ തന്നെ പലപ്പോഴും കവിതയുടെ ശൈലി കടന്നുവരാറുണ്ട്, എങ്കിലും എഴുതാൻ എളുപ്പം കഥകളാണ്.

**ലാനായുമായുള്ള ബന്ധത്തിന്റെ തുടക്കം?**

അംഗത്വം എടുത്തത് എന്നാണെന്ന് കൃത്യമായി ഓർക്കുന്നില്ല. 10-15 വർഷങ്ങൾക്ക് മുമ്പേ ഞാൻ ലാനായുടെ പരിപാടികൾക്ക് പോകുമായിരുന്നു. ന്യൂയോർക്കിൽ നടക്കുന്ന പരിപാടികളിൽ എപ്പോഴും






പങ്കെടുക്കാൻ ശ്രമിക്കാറുണ്ട്. ഒന്നു രണ്ടു സ്ഥലങ്ങളിൽ ദൂരം വകവയ്ക്കാതെയും പങ്കെടുത്തിട്ടുണ്ട്. അത് സംഘടനയോടും അവിടെ നടക്കുന്ന പുസ്തകങ്ങളെക്കുറിച്ചുള്ള ചർച്ചകളോടുമുള്ള താല്പര്യംകൊണ്ടാണ്.

## പുതിയ കമ്മിറ്റിയിൽ സെക്രട്ടറിയുടെ സ്ഥാനത്ത് കൂടുതലായി ഊന്നൽ കാഴ്ചവയ്ക്കാൻ ഉദ്ദേശിക്കുന്നത് എവിടെയാണ്?

ലാനയുടെ നയപരമായ എല്ലാ കാര്യങ്ങളിലും എക്സിക്യുട്ടീവ് കമ്മറ്റി ചർച്ച ചെയ്ത് തീരുമാനിക്കുന്ന പ്രവർത്തനപദ്ധതികൾ നടപ്പാക്കാൻ ഞാൻ ആത്മാർത്ഥമായി ശ്രമിക്കും.

വായിക്കാനും എഴുതാനുമുള്ള പ്രചോദനവും പ്രോത്സാഹനവും അവസരവും നൽകുകയാണ് ലാനായുടെ പ്രധാന ലക്ഷ്യം. എഴുത്തുകാരെ അവരുടെ രചനകൾ മെച്ചപ്പെടുത്താൻ സഹായിക്കുന്നതിനൊപ്പം എഴുതാൻ താല്പര്യമുള്ളവർക്ക് ഒരു ഡയറക്ഷൻ കൊടുക്കാനും സംഘടനയ്ക്ക് കഴിയണം.

ഇവിടുത്തെ എഴുത്തുകാർക്കുവേണ്ടി വർക്ക്ഷോപ്പുകൾ / സ്റ്റഡി ക്ലാസുകൾ സംഘടിപ്പിക്കുന്നതും അവരുടെ എഴുത്തിനെക്കുറിച്ചും കൃതികളെക്കുറിച്ചും പഠനം നടത്തുന്നതും നന്നായിരിക്കും. ഒരു പുസ്തകം വായിച്ച് എന്തൊക്കെ മാറ്റങ്ങൾ വരുത്തിയാൽ അത് കൂടുതൽ മെച്ചപ്പെടും, എവിടൊക്കെയാണ് തിരുത്തൽ വരുത്തേണ്ടത് എന്നൊക്കെ ചർച്ചചെയ്യുന്ന സെഷനുകൾ (നിരൂപണം, വിമർശനം ) ഉപകാരപ്രദമാകും. പല റീജനുകളിലേക്ക് ഇങ്ങനെയുള്ള പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചാൽ എഴുത്തിനെ കൂടുതൽ മെച്ചപ്പെടുത്താൻ സാധിക്കും എന്നാണ് എന്റെ വിശ്വാസം.

കുട്ടികൾക്കായുള്ള ഒരു സെഷൻ സംഘടിപ്പിച്ചാൽ അവരുടെ കൂടുതൽ പങ്കാളിത്തം ഉണ്ടാകും. വിവിധ സ്റ്റേറ്റുകളിൽ നിന്നായി മൂന്നോ നാലോ കുട്ടികളേ പങ്കെടുക്കുന്നുള്ളു എങ്കിലും അതവർക്കൊരു പ്രോത്സാഹനമായിരിക്കും. അമേരിക്കയി ലുള്ള മലയാളം എഴുത്തുകാരുടെ പുസ്തകങ്ങൾ ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്യുന്നതും യുവതലമുറയെ ലാനായുമായി അടുപ്പിക്കാൻ സഹായിക്കുമെന്നാണ് വിശ്വസിക്കുന്നത്.

വർഷങ്ങൾക്കുമുമ്പ്, കുറിച്ചു വച്ചതൊക്കെ കീറിക്കളയേണ്ട സ്ഥിതി എനിക്കുണ്ടായിട്ടുണ്ട്. അത്തരത്തിൽ ഭയമുള്ളവരിൽ ആത്മവിശ്വാസം കൊണ്ടുവരാൻ സമാന മനസുള്ളവരുടെ ഗ്രൂപ്പ് ഉണ്ടാകുന്നത് സഹായകമാകും. ആദ്യകാലങ്ങളിൽ സ്വന്തം പേരിൽ എഴുതാൻ ഭയപ്പെട്ടിരുന്ന ആളാണ് ഞാൻ. നിർമ്മല എന്ന പേരിൽ മറ്റൊരു എഴുത്തുകാരി ഉണ്ടായിരുന്നതുകൊണ്ട് 'മാലിനി' എന്ന തൂലികാനാമത്തിലാണ് എഴുതി തുടങ്ങിയതും എഴുതുന്നതും.

## കുടുംബവും ജോലിയും ബാലൻസ് ചെയ്യുന്നതിനിടയിൽ സ്ത്രീ എന്ന നിലയിൽ എഴുത്തിന് സമയം കണ്ടെത്താൻ കഴിയാതെ വന്നിട്ടുണ്ടോ?

പലപ്പോഴും വീട്ടുകാര്യങ്ങളിൽ പുരുഷന്മാരെക്കാൾ കൂടുതൽ ഉത്തരവാദിത്വം സ്ത്രീകൾക്കുണ്ട്. സമയക്കുറവുകൊണ്ട് എഴുതാൻ താമസം വന്നിട്ടുണ്ട് എന്നല്ലാതെ എഴുതാതിരുന്നിട്ടില്ല. എനിക്കേറ്റവും വിലപ്പെട്ടതും സന്തോഷം തരുന്നതുമായ റോളാണ് ഭാര്യ, അമ്മ എന്നിവ. കുടുംബത്തിന്റെ പിന്തുണ വളരെ വലുതാണ്. ഞാൻ എഴുതുന്നതിനോട് അവർക്ക് ഇഷ്ടമേയുള്ളൂ. അതിനുള്ള സ്വാതന്ത്ര്യവും എനിക്കുണ്ട്. കുട്ടികളും ഹസ്ബൻഡും അതിനുള്ള എല്ലാ സഹായവും ചെയ്യുന്നുമുണ്ട്.

## കൂടുതൽ എഴുതാൻ സാധിച്ചത് ഏത് പ്രായത്തിലാണ്?

എനിക്കെന്റെ ചെറുപ്പത്തിൽ വായിക്കാനുള്ള ഒത്തിരി സാധ്യതകളുണ്ടായിരുന്നു. ഞാനൊക്കെ ജനിക്കുന്നതിനു മുമ്പേ പ്രവർത്തിച്ചു

തുടങ്ങിയ ഇന്നും നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു ലൈബ്രറി ഞങ്ങളുടെ വയലായിൽ ഉണ്ട്. എന്റെ ചേച്ചിമാരും ആങ്ങളമാരുമൊക്കെ ലൈബ്രറിയിൽ നിന്ന് പുസ്തകങ്ങൾ എടുത്തുകൊണ്ടുവരുന്നത് കണ്ടാണ് വായനയോട് താല്പര്യം വളർന്നത്. പാഠപുസ്തകങ്ങൾ മാത്രമേ വായിക്കാവൂ എന്ന് മാതാപിതാക്കളും നിർബന്ധിച്ചിട്ടില്ല. ആ കാലഘട്ടത്തിൽ എനിക്കു ലഭിച്ച സ്വാതന്ത്ര്യവും വാത്സല്യവുമാണ് ഏറ്റവും വലിയ അനുഗ്രഹം.

എന്റെ മാതാപിതാക്കളും സഹോദരങ്ങളും പറഞ്ഞുതന്ന കഥകളും അക്ഷരങ്ങളുമാണ് എന്റെ എഴുത്തിന്റെ അടിത്തറ. സ്കൂളിലും കോളജിലും പഠിക്കുന്ന സമയത്ത് നന്നായി വായിക്കുമായിരുന്നു. നോട്ട്ബുക്കിലൊക്കെ കുഞ്ഞുകുറിപ്പുകൾ എഴുതുമെന്നല്ലാതെ പബ്ലിഷ് ചെയ്യാനുള്ള ധൈര്യവും ആത്മവിശ്വാസവും ഇല്ലായിരുന്നു. എഴുത്തിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കാൻ എനിക്ക് സാധിച്ചത് കഴിഞ്ഞ 20 വർഷങ്ങൾക്കിടയിലാണ്.

"ജനനി" മാസികയിലാണ് ഞാൻ ആദ്യം എഴുതി പ്രസിദ്ധീകരിച്ചത്. പിന്നീട് "ഈ മലയാളി"യിലും എഴുത്ത് തുടർന്നു. ഇപ്പോഴാണ് കൂടുതലായി എഴുതുന്നത്.

### മലയാളം അദ്ധ്യാപിക എന്ന റോൾ?

ഇവിടെ, ന്യൂയോർക്കിൽ' ഗുരുകുലം' എന്നൊരു മലയാളം സ്കൂളുണ്ട്. ഇപ്പോൾ 80 കുട്ടികൾ പഠിക്കുന്ന ഈ സ്കൂൾ കഴിഞ്ഞ മുപ്പത് വർഷത്തിലേറെയായി പ്രവർത്തിക്കുന്നു. എന്റെ മക്കൾ ചെറുതായിരുന്നപ്പോൾ അവിടെ ഞാൻ 10 വർഷത്തിലേറെ പഠിപ്പിച്ചിട്ടുണ്ട്. ഞങ്ങൾ പോകുന്ന പള്ളിയിലും കുട്ടികളെ മലയാളം പഠിപ്പിച്ചിരുന്നു. അവിടെ 11 വർഷം മലയാളം പഠിപ്പിച്ചു. സ്കൂളിൽ ആഴ്ചയിൽ ഒരു ദിവസം ഒരു മണിക്കൂറായിരുന്നു മലയാളം പഠിപ്പിച്ചിരുന്നത്.

### അമേരിക്ക പോലൊരു രാജ്യത്ത് നമ്മുടെ മാതൃഭാഷ സംരക്ഷിക്കപ്പെടാനുള്ള വെല്ലുവിളികൾ?

മാതൃഭാഷയുടെ എഴുത്തും വായനയും നമ്മുടെ കുട്ടികളിൽ എത്ര മാത്രം പ്രാവർത്തികമാകും എന്നതിൽ എനിക്ക് സംശയമുണ്ട്. എന്നാൽ, മലയാളത്തിൽ സംസാരിക്കാൻ കുട്ടികളെ പഠിപ്പിക്കാനും പ്രാവർത്തികമാക്കാനും സാദ്ധ്യമാകും എന്നാണെന്റെ അനുഭവം. എഴുത്തിലും സാഹിത്യത്തിലും താല്പര്യമുള്ള നമ്മുടെ കുട്ടികളെ, ഇംഗ്ലീഷിലാണ് അവർ എഴുതുന്നതെങ്കിലും, അവരുടെ എഴുത്തിനെ ചേർത്തുനിർത്തുകയും സാഹിത്യത്തിലുള്ള കഴിവ് പരിപോഷിപ്പിക്കുകയും ചെയ്യണം. ഇംഗ്ലീഷ്/മലയാളം ട്രാൻസലേഷനുകൾക്ക് ഇതിൽ നല്ലൊരു പങ്കുവഹിക്കാനാകും. ഇ-മലയാളി അടക്കമുള്ള മാധ്യമങ്ങൾ എഴുതാൻ താല്പര്യമുള്ളവർക്ക് അവസരം നൽകുന്നുണ്ട്.



### സ്ത്രീകളെ കൂടുതലായിട്ട് ലാനായിൽ കൊണ്ടുവരാൻ സെക്രട്ടറി വനിത ആയതിലൂടെ സാധിക്കുമോ?

അതിനുവേണ്ടി സെക്രട്ടറി എന്ന നിലയിൽ പ്രത്യേകം ശ്രമിക്കേണ്ട ആവശ്യമില്ല. കാരണം, എന്റെ അനുഭവത്തിൽ ലാന എന്നും എല്ലാവരെയും ഒരുപോലെ പരിഗണിക്കുന്ന സംഘടനയാണ്. വിവിധ സ്ഥാനങ്ങളിലേക്ക് സ്ത്രീകളെ കൊണ്ടുവരണം എന്നൊന്നും ആവശ്യപ്പെടാതെതന്നെ, ഇതിനോടകം സ്ത്രീകൾ ലാനയുടെ ഔദ്യോഗിക കമ്മറ്റികളിൽ ഭാഗമായിരുന്നിട്ടുണ്ട്. ഇനിയും നമുക്ക് കൂടുതൽ സ്ത്രീ സാന്നിധ്യം പ്രതീക്ഷിയ്ക്കാം. ലാനയിൽ ഞാൻ നേരിട്ട് കണ്ടിട്ടുള്ളവരൊക്കെ സ്ത്രീകളെ അംഗീകരിക്കുകയും ബഹുമാനിക്കയും ചെയ്യുന്നവരാണ്.

### പ്രിയപ്പെട്ട എഴുത്തുകാർ? പുസ്തകങ്ങൾ?

എംടിയുടെയും മുകുന്ദന്റെയും പുസ്തകങ്ങളുടെ ആരാധികയാണ്. മയ്യഴിപ്പുഴയുടെ തീരങ്ങളിൽ ആണ് പ്രിയപ്പെട്ട പുസ്തകം.

### കുടുംബം?

ഭർത്താവ്: ഇമ്മാനുവൽ സെബാസ്റ്റ്യൻ (ബാബു) ഓഅ യിൽ ജോലി ചെയ്യുന്നു. ഞാൻ ഒരു ഹോസ്പിറ്റലിൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റാണ്. മകൾ ജൂലിയ സ്കൂൾ ടീച്ചറാണ്. മരുമകൻ ജോൺ ഐടി ഫീൽഡിലും മകൻ ജോ ഒരു ഫിനാൻസ് കമ്പനിയിലും ജോലി ചെയ്യുന്നു.

# സ്ഥിരം ശല്യക്കാരനായ രാഹുൽ ഈശ്വർ ഒരു മെയിൽ ഷോവനിസ്റ്റ് കത്തിവേഷക്കാരനോ..?




**എ.എസ് ശ്രീകുമാർ**

രാഹുൽ മാങ്കൂട്ടത്തിലിനെതിരെ നിയമപോരാട്ടം നടത്തുന്ന അതിജീവിതയെ അധിക്ഷേപിച്ച കേസിൽ അറസ്റ്റിലായ രാഹുൽ ഈശ്വറിന്റെ ജാമ്യാപേക്ഷയെ ശക്തമായി എതിർത്ത പ്രോസിക്യൂഷൻ പറഞ്ഞത് ഇയാൾ ഒരു സ്ഥിരം കുറ്റവാളിയാണെന്നാണ്. നീതിബോധമോ മനുഷ്യത്തമോ ഇല്ലാത്ത വെറുമൊരു കത്തി വേഷമാണ് രാഹുൽ ഈശ്വറിന്റേതെന്ന യൂത്ത് കോൺഗ്രസ് മുൻ നേതാവ് താരാ ടോജോ അലക്സിന്റെ വിമർശനവും രാഹുൽ ഈശ്വറിന്റെ വിശ്വരൂപത്തോട് ചേർന്ന് നിൽക്കുന്നതാണ്. തത്ത്വചിന്തകൻ, എഴുത്തുകാരൻ, അഭിഭാഷകൻ, പ്രാസംഗികൻ, ടെലിവിഷൻ ആങ്കർ, ആക്ടിവിസ്റ്റ് എന്നിങ്ങനെ പല മുഖങ്ങളുള്ള രാഹുലിന്റെ നിലപാടുകൾ എന്നും വലിയ വിവാദങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

രാഹുൽ മാങ്കൂട്ടത്തിലിനെ അനുകൂലിച്ച് അതിജീവിതയെ ചാനലുകളിലൂടെ നിരന്തരം അധിക്ഷേപിച്ചതിനും വ്യക്തി വിവരങ്ങൾ വെളിപ്പെടുത്തിയതിനുമാണ് രാഹുൽ ഈശ്വറിനെതിരെ പോലീസ് കേസെടുത്തത്. കോൺഗ്രസ് നേതാവ് സന്ദീപ് വാര്യരടക്കം ആറ് പേർക്കെതിരെയാണ് സൈബർ പോലീസ് കേസെടുത്തത്. വിശദമായ ചോദ്യ ചെയ്യലിന് ശേഷം തെളിവുകൾ കൂടി പരിശോധിച്ച് ബി.എൻ.എസ് 72, 75, 79,351 എന്നീ വകുപ്പുകൾ പ്രകാരമായിരുന്നു അറസ്റ്റ്. ഇരയുടെ വ്യക്തിത്വം വെളിപ്പെടുത്തൽ, സ്ത്രീത്വത്തെ അപമാനിക്കൽ, ഭീഷണിപ്പെടുത്തൽ എന്നീ വകുപ്പുകൾ ചേർത്താണ് കേസ്. ഇലക്ട്രോണിക് സംവിധാനങ്ങളുടെ ദുരുപയോഗവും ഇവർക്കെതിരെ ചുമത്തി.

രണ്ട് വർഷം വരെ തടവ് ലഭിക്കാവുന്ന കുറ്റമാണ് ഇവർ ചെയ്തിട്ടുള്ളതത്രേ. ഡിസംബർ 15 വരെയാണ് രാഹുലിനെ റിമാൻഡ് ചെയ്തത്. ഇപ്പോൾ പൂജപ്പുര

**പുരുഷ വിരോധമാണ് പുരോഗമനം എന്ന് ചിന്തിക്കുന്ന ഒരു കൂട്ടം ആളുകൾ നമ്മുടെ സമൂഹത്തിലുണ്ടെന്ന് രാഹുൽ ഈശ്വർ വിശ്വസിക്കുന്നു. നേരത്തെ നടി ഹണി റോസിനെതിരായ പരാമർശങ്ങളിൽ രാഹുൽ ഈശ്വറിനെതിരെ കേസെടുത്തിരുന്നു. രാഹുൽ ഈശ്വറിനെതിരെ ഹണി റോസ് പോലീസിൽ പരാതി നൽകിയിരുന്നു. ഇതിൽ മുൻകൂർ ജാമ്യം തേടി രാഹുൽ ഹൈക്കോടതിയെ സമീപിച്ചെങ്കിലും കോടതി അറസ്റ്റ് തടഞ്ഞിരുന്നില്ല.**

ജയിലിൽ കഴിയുന്ന രാഹുൽ നിരാഹാര സമരത്തിലാണ്. താൻ നിരാഹാര സമരത്തിലാണെന്ന് രാഹുൽ ജയിൽ സൂപ്രണ്ടിന് എഴുതി നൽകുകയായിരുന്നു. ഈ സാഹചര്യത്തിൽ രാഹുലിനെ നിരീക്ഷിക്കണമെന്ന് ജയിൽ വകുപ്പ് തീരുമാനിക്കുകയും പൂജപ്പുര ജില്ലാ ജയിലിൽ നിന്ന് സെൻട്രൽ ജയിലിലേക്ക് മാറ്റുകയുമായിരുന്നു. ഇവിടെ ഡോക്ടറുടെ സേവനവും രാഹുൽ ഈശ്വറിന് ലഭിക്കുമെന്നാണ് റിപ്പോർട്ട്. നിലവിൽ വെള്ളം മാത്രം കുടിച്ചാണ് രാഹുൽ ജയിലിൽ കഴിയുന്നത്.

വനിതാ കമ്മിഷൻ പോലെ 'പുരുഷ കമ്മിഷൻ' വേണമെന്നാണ് രാഹുലുന്റെ വാദം. രാഹുലിന്റെ വാക്കുകളും പ്രവർത്തികളും നിലപാടുകളുമെല്ലാം വിരൽ ചൂണ്ടുന്നത് ഇയാളുടെ മെയിൽ ഷോവനിസ്റ്റ് കാഴ്ചപ്പാടുകളിലേയ്ക്കാണ്. പുരുഷൻമാരുടെ ആധിപത്യം അല്ലെങ്കിൽ മേൽക്കൈ സ്ഥാപിക്കണമെന്ന് വിശ്വസിക്കുന്ന രാഹുൽ സ്ത്രീകളോട് കടുത്ത വിദ്വേഷം പുലർത്തുന്നില്ലെങ്കിലും സ്ത്രീകളെ അനാദരവോടെ കാണുന്ന, അല്ലെങ്കിൽ അപകീർത്തികരമായി പെരുമാറുന്ന പുരുഷൻ എന്ന ആക്ഷേപത്തിന് വിധേയനായ വ്യക്തിയാണ്. പുരുഷന്മാർ സ്ത്രീകളേക്കാൾ ശ്രേഷ്ഠരാണെന്ന വിശ്വാസമാണ് രാഹുലിനെ ഇത്തരം വിവാദങ്ങളിൽ കൊണ്ടുചെന്നെത്തിക്കുന്നത്. പുരുഷൻമാർ ശക്തരും സദ്ഗുണരും ആയും, മറ്റുള്ളവർ ദുർബലരോ യോഗ്യതയില്ലാത്തവരോ ആയും ഇത്തരക്കാർ കരുതുന്നു.

പുരുഷ വിരോധമാണ് പുരോഗമനം എന്ന് ചിന്തിക്കുന്ന ഒരു കൂട്ടം ആളുകൾ നമ്മുടെ സമൂഹത്തിലുണ്ടെന്ന് രാഹുൽ ഈശ്വർ വിശ്വസിക്കുന്നു. നേരത്തെ നടി ഹണി റോസിനെതിരായ പരാമർശങ്ങളിൽ രാഹുൽ ഈശ്വറിനെതിരെ കേസെടുത്തിരുന്നു. രാഹുൽ ഈശ്വറിനെതിരെ ഹണി റോസ് പോലീസിൽ പരാതി നൽകിയിരുന്നു. ഇതിൽ മുൻകൂർ ജാമ്യം തേടി രാഹുൽ ഹൈക്കോടതിയെ സമീപിച്ചെങ്കിലും കോടതി അറസ്റ്റ് തടഞ്ഞിരുന്നില്ല. ഹണി റോസിന്റെ പരാതിയിൽ ബോബി ചെമ്മണ്ണൂരിനെ അറസ്റ്റ് ചെയ്യുകയും റിമാൻഡിലാകുകയും ചെയ്തിന് പിന്നാലെയാണ് ഹണി റോസിനെതിരെ രാഹുൽ ഈശ്വർ ടി.വി ചാനലുകളിൽ പരാമർശങ്ങൾ നടത്തിയത്.



ഹണി റോസിന്റെ വസ്ത്രധാരണത്തെ വിമർശിച്ച രാഹുൽ ഹണി റോസിനെ സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണമെന്നും പറഞ്ഞിരുന്നു.

ശബരിമലയിൽ 10-നും 50-നും ഇടയിൽ പ്രായമുള്ള സ്ത്രീകൾ കയറിയാൽ സ്വന്തം കൈകൾ വെട്ടി രക്തം ചിന്താൻ 20 ഓളം പേർ കാത്തിരിക്കുന്നുണ്ടെന്ന പ്രസ്താവനയെതുടർന്ന് 2018 ഒക്ടോബറിൽ രാഹുൽ ഈശ്വറിനെ അറസ്റ്റ് ചെയ്തിരുന്നു. തന്ത്രി കുടുംബാംഗമായ രാഹുൽ അന്ന് അയ്യപ്പ ധർമ്മ സേന പ്രസിഡന്റായിരുന്നു. തന്റെ തീവ്ര ഹിന്ദുത്വ വികാരമാണ് രാഹുൽ ഈ അഭിപ്രായത്തിലൂടെ പ്രകടിപ്പിച്ചത്. ശബരിമലയിൽ യുവതികൾ പ്രവേശിക്കുന്ന സാഹചര്യമുണ്ടായാൽ ക്ഷേത്രത്തിൽ രക്തം വീഴ്ത്തി അശുദ്ധമാക്കി നടയടപ്പിക്കാൻ ആസൂത്രണം ചെയ്തിരുന്നുവെന്നാണ് രാഹുൽ പറഞ്ഞത്. തുടർന്ന് ശബരിമലയിൽ യുവതികൾ പ്രവേശിച്ചെങ്കിലും രാഹുൽ പറഞ്ഞ പ്രകാരം ഒന്നും നടന്നില്ല.

രാഹുലിനെതിരെ ഐ.പി.സിയിലെ സെക്ഷൻ 117 (പൊതുജനങ്ങളോ പത്തിൽ കൂടുതൽ ആളുകളോ കുറ്റകൃത്യം ചെയ്യാൻ പ്രേരിപ്പിക്കൽ), സെക്ഷൻ 153 എ (മതം, വംശം, ജനന സ്ഥലം, താമസസ്ഥലം, ഭാഷ മുതലായവയുടെ അടിസ്ഥാനത്തിൽ വ്യത്യസ്ത ഗ്രൂപ്പുകൾക്കിടയിൽ ശത്രുത വളർത്തൽ, ഐക്യം നിലനിർത്തുന്നതിന് വിരുദ്ധമായ പ്രവൃത്തികൾ ചെയ്യൽ) എന്നിവ പ്രകാരവും കേരള പോലീസ് ആക്ടിലെ 118 (ഇ) പ്രകാരവുമാണ് അന്ന് കേസെടുത്തത്.

എല്ലാ പ്രായത്തിലുമുള്ള സ്ത്രീകൾക്ക് ക്ഷേത്രത്തിൽ പ്രവേശനം



**ശബരിമല ക്ഷേത്രത്തിൽ നടന്ന അക്രമാസക്തമായ പ്രതിഷേധങ്ങളെത്തുടർന്ന് രാഹുൽ ഈശ്വറിനെ അറസ്റ്റ് ചെയ്യുകയും പിന്നീട് ജാമ്യത്തിൽ വിടുകയും ചെയ്തു. ജാമ്യത്തിൽ പുറത്തിറങ്ങിയ ശേഷമാണ് 10-നും 50-നും ഇടയിൽ പ്രായമുള്ള സ്ത്രീകൾ ക്ഷേത്രത്തിൽ പ്രവേശിക്കാൻ അടുത്തെത്തിയാൽ ക്ഷേത്ര വാതിലുകൾ അടയ്ക്കുമെന്ന് ഉറപ്പാക്കുന്നതിനുള്ള 'ബാക്കപ്പ് പ്ലാൻ' സംബന്ധിച്ച് രാഹുൽ പറഞ്ഞത്.**

അനുവദിച്ച സുപ്രീം കോടതി വിധിക്കെതിരെ രാഹുൽ ഈശ്വർ പ്രതിഷേധങ്ങൾക്ക് നേതൃത്വം നൽകിയിരുന്നു. ശബരിമല ക്ഷേത്രത്തിൽ നടന്ന അക്രമാസക്തമായ പ്രതിഷേധങ്ങളെത്തുടർന്ന് രാഹുൽ ഈശ്വറിനെ അറസ്റ്റ് ചെയ്യുകയും പിന്നീട് ജാമ്യത്തിൽ വിടുകയും ചെയ്തു. ജാമ്യത്തിൽ പുറത്തിറങ്ങിയ ശേഷമാണ് 10-നും 50-നും ഇടയിൽ പ്രായമുള്ള സ്ത്രീകൾ ക്ഷേത്രത്തിൽ പ്രവേശിക്കാൻ അടുത്തെത്തിയാൽ ക്ഷേത്ര വാതിലുകൾ അടയ്ക്കുമെന്ന് ഉറപ്പാക്കുന്നതിനുള്ള 'ബാക്കപ്പ് പ്ലാൻ' സംബന്ധിച്ച് രാഹുൽ പറഞ്ഞത്.

''ആചാരങ്ങളിൽ വീഴ്ചയുണ്ടായാൽ ക്ഷേത്രം അടച്ചിടാൻ വ്യവസ്ഥയുണ്ട്. പ്ലാൻ ബിയും പ്ലാൻ സിയും ആവശ്യമാണ്. സർക്കാരിന് മാത്രമല്ല, നമുക്കും അത് ആവശ്യമാണ്. ഞാൻ ഇത് തുറന്നു പറയുന്നു. 10 നും 50 നും ഇടയിൽ പ്രായമുള്ള സ്ത്രീകൾ പോലീസിന്റെ സഹായത്തോടെ ക്ഷേത്രത്തിൽ പ്രവേശിക്കാൻ ശ്രമിച്ചാൽ, ഏകദേശം 20 പേർ കൈയിൽ മുറിവേൽപ്പിച്ച് രക്തം ചൊരിയാൻ തയ്യാറായിരുന്നു. അങ്ങനെ സംഭവിച്ചാൽ, ക്ഷേത്രം മൂന്ന് ദിവസത്തേക്ക് അടച്ചിടേണ്ടിവരും (അശുദ്ധമാക്കൽ കാരണം). ആര് പറഞ്ഞാലും അത് തുറക്കേണ്ട ആവശ്യമില്ല. അങ്ങനെ നമ്മളെ പ്രകോപിപ്പിച്ചാൽ നമുക്കും നമ്മുടെ വഴികളുണ്ട്. രക്തമോ മൂത്രമോ ക്ഷേത്രത്തിൽ വീണാൽ അത് അടച്ചിടണം. ഇതാണ് വിശ്വാസം...'' എന്നായിരുന്നു രാഹുലിന്റെ വിവാദ പ്രസ്താവന.

കേരള സർക്കാർ 2007-ൽ വിഖ്യാത ചിത്രകാരൻ എം.എഫ് ഹുസൈന് രാജാ രവിവർമ പുരസ്കാരം നൽകാൻ തീരുമാനിച്ചപ്പോൾ, ഹുസൈൻ ഹിന്ദു ദൈവങ്ങളുടെ നഗ്ന ചിത്രങ്ങൾ വരച്ചുവെന്നാരോപിച്ചാണ് ചില ഹിന്ദു സംഘടനകളും രാഹുൽ ഈശ്വറും രംഗത്തെത്തിയിരുന്നു. പുരസ്കാരം നൽകുന്നതിനെതിരെ രാഹുൽ ഈശ്വർ കേരള ഹൈക്കോടതിയിൽ പൊതുതാൽപ്പര്യ ഹർജി ഫയൽ ചെയ്തതിനെത്തുടർന്ന് ഹൈക്കോടതി പുരസ്കാരം നൽകുന്നത് സ്റ്റേ ചെയ്തു. നിയമപരമായ തടസ്സങ്ങളും ശക്തമായ പ്രതിഷേധങ്ങളും കാരണം കേരള സർക്കാർ ഈ പുരസ്കാരം പിന്നീട് പിൻവലിക്കുകയായിരുന്നു.

ശബരിമലയിൽ മലയരയ പട്ടികവർഗ സമുദായാംഗങ്ങളെ മകരവിളക്ക് കൊളുത്താൻ അനുവദിക്കുന്നതിനെ അനുകൂലിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡിനെതിരെ പ്രതിഷേധിച്ചതിന് പോലീസ് രാഹുലിനെ കസ്റ്റഡിയിലെടുക്കുകയുണ്ടായി. കൊച്ചിയിൽ ജമാഅത്തെ ഇസ്ലാമിയുടെ മതസൗഹാർദ്ദപരിപാടിയിൽ അതിഥിയായി പങ്കെടുത്തപ്പോൾ ഈശ്വറിന് ഐ.എസ് ഭീകരരിൽ നിന്ന് വധഭീഷണി ലഭിച്ചതും വാർത്തയായി. ബീഫ് ഫെസ്റ്റിവലിനെതിരെയും ഗോസംരക്ഷണത്തിനെതിരെയും നിലപാടെടുത്തതിന് മിലാദ് ഇ ഷെരീഫ് മെമ്മോറിയൽ കോളേജിലെ ഇടതുപക്ഷ വിദ്യാർത്ഥികൾ രാഹുലിനെ ആക്രമിക്കുകയുണ്ടായി. ഇങ്ങനെ പലപ്പോഴും വിവാദങ്ങൾ സൃഷ്ടിക്കുകയും പോലീസ് പിടിയിലാവുകയും ചെയ്തിട്ടുള്ള രാഹുൽ ഈശ്വർ ഒരു സ്ഥിരം ശല്യക്കാരൻ തന്നെയല്ലേ..?


FOKANA ELECTION 2026 -2028
TEAM INTEGRITY
SANTHOSH NAIR
General Secretary
PHILIPOSE PHILIP
President
ANTO VARKEY
Treasurer
LINDO JOLLY
Exe. Vice President
SONY THOMAS AMBOOKEN
Asso. Secretary
DR. SHINY RAJU
Women's Forum Chair
APPUKUTTAN PILLAI
Asso. Treasurer
JOSSY KARAKATTU
Vice President
Request your kind Support
Elect a team that Stands for Integrity
" LET US MOVE FORWARD, NOT BACKWARDS "
DR. AJU OOMMEN
Addi. Asso. Secretary
GRACE MARIA JOSEPH
Addi. Asso. Treasurer
ENDORSED & SUPPORTED BY PAST PRESIDENTS & BOT CHAIRS
MANMADHAN NAIR
GEORGE KORUTHU
PAUL KARUKAPILLIL
G. K. PILLAI
JOHN P. JOHN
MADHAVAN NAIR
GEORGY VARUGHESE
DR. BABU STEPHEN
DR. MAMMEN C. JACOB
JAIBU KULANGARA
SAJI M. POTHEN


In Loving Memory of
Mrs. Mariamma Thomas & Mr. A. K. Thomas
Mrs. Marykutty Thomas
(Leelamma)
Mr. Shinu George Simon
Mr. P. T. Mathew
(Mathukutty)
Best Wishes
P.T. Thomas
Tax and Accounting Services
14 Liberty Square Mall, Stony Point, NY 10980
Email: pt@ptthomas.net Phone: 845.352.9680




**സനിൽ പി.തോമസ്**

സ്പോർട്സ് താരങ്ങൾ പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും കോർപറേഷനിലുമൊക്കെയെത്തിയാൽ പുതിയ കളിക്കളങ്ങൾ ഉണ്ടായില്ലെങ്കിലും ഉള്ളത് സംരക്ഷിക്കുകയെങ്കിലും ചെയ്യുമോ? അതിനെങ്കിലും കഴിയട്ടെ എന്ന് ആശംസിക്കുന്നു.

മുൻ ഇന്ത്യൻ അത്‌ലിറ്റും അർജുന അവാർഡ് ജേത്രിയുമായ പത്മിനി സെൽവൻ (തോമസ്) തിരുവനന്തപുരം കോർപറേഷനിൽ പാളയം വാർഡിൽ ബി.ജെ.പി. സ്ഥാനാർഥിയാണ്. പത്മിനി മുമ്പ് കോൺഗ്രസിൽ ആയിരുന്നു. കോൺഗ്രസിന്റെ പ്രതിനിധിയായി കേരള സ്പോർട്സ് കൗൺസിൽ പ്രസിഡന്റായിരുന്നു; കോൺഗ്രസിന്റെ ദേശീയ കായിക വേദിയിലും സജീവമായിരുന്നു. റയിൽവേസിൽ നിന്നു വിരമിച്ചു.

1970 കളുടെ അവസാനം ഇന്ത്യൻ ഹാൻഡ്ബോൾ ടീമിൽ കളിച്ച പ്രഫ.കെ.എം. തോമസ് ചങ്ങനാശേരി തൃക്കോടിത്താനം പഞ്ചായത്തിന്റെ പത്താം വാർഡിൽ ആം ആദ്മി പാർട്ടി ടിക്കറ്റിൽ മത്സരിക്കുന്നു. കെ.എം.തോമസ് എയർ ഫോഴ്സിൽ ആയിരുന്നു.

തിരുവനന്തപുരം കോർപറേഷൻ കുന്നുകുഴി വാർഡിൽ കഴിഞ്ഞ രണ്ടു തവണയും കൗൺസിലർ ആയിരുന്ന മേതി പുഷ്പം കോൺഗ്രസിന്റെ പ്രതിനിധിയായി മൂന്നാമതും ജനവിധി തേടുന്നു.സംസ്ഥാന ഹാൻഡ്ബോൾ ടീമിൽ അംഗമായിരുന്നു. സർവകലാശാലാ തലത്തിൽ ഹർഡിൽസ് താരവുമായിരുന്നു. അധ്യാപിക .

മികച്ച വെയ്റ്റ് ലിഫ്റ്റിങ് താരവും പരിശീലകയുമായ ചിത്ര ചന്ദ്രമോഹൻ മധു തൃശൂർ കോർപറേഷനിൽ ഡിവിഷൻ 25 ൽ (വളർ ക്കാവ്) സി.പി.എം. സ്ഥാനാർഥിയാണ്.സംസ്ഥാന വെയ്റ്റ് ലിഫ്റ്റിങ് അസോസിയഷൻ സെക്രട്ടറികൂടിയാണ് ചിത്ര.

കോട്ടയം പനച്ചിക്കാട് പഞ്ചായത്തിൽ (തോപ്പിൽ) ഇരുപതാം വാർഡിൽ ടൻറി 20 സ്ഥാനാർഥിയാണ് മുൻ ദേശീയ അത്‌ലിറ്റ് ലിസി ചെറിയാൻ. ലോങ് ജംപിലും ഹർഡിൽസിലും തിളങ്ങിയ ലിസി എഫ്സി.ഐ യിൽ മാനേജർ ആയിരുന്നു.

സംസ്ഥാന ബാസ്കറ്റ്ബോൾ ടീം മുൻ നായകനും നിലവിലെ കൗൺസിലറുമായ ജയ്സൻ പീറ്റർ ആലുവ നഗരസഭയിലേക്ക് വീണ്ടും ജനവിധി തേടുന്നുണ്ട്. സംസ്ഥാന ബാസ്ക്കറ്റ് ബോൾ താരമായിരുന്ന ഗോപാലകൃഷ്ണൻ കാസർഗോഡ് മുനിസിപ്പാലിറ്റിയിൽ സ്ഥാനാർഥിയാണ്. ആലുവയിൽ തന്നെ മുൻ ബാസ്കറ്റ് ബോൾ താരം സെബി ബസ്റ്റ്യനും സ്ഥാനാർഥിയാണ്. മുൻ യൂണിവേഴ്സിറ്റി ഹോക്കി താരവും നിലവിൽ കൗൺസിലറുമായ ഗിൽസ് പെരിയപ്പുറം പിറവം ടൗൺ വാർഡിൽ കേരള കോൺഗ്രസ് ജോസഫ് സ്ഥാനാർഥിയായി ജനവിധി തേടുന്നു.

നടത്തത്തിൽ ദേശീയ മെഡൽ നേടിയിട്ടുള്ള ആശ സോമൻ ഇരട്ടയാർ പഞ്ചായത്തിൽ സി.പി.എമ്മിനു വേണ്ടി മത്സരരംഗത്തുണ്ട്. എം.ജി. സർവകലാശാലാ വോളിബോൾ താരം ലിസമ്മ മണിമല പഞ്ചായത്ത് പതിനഞ്ചാം വാർഡിൽ എൽ.ഡി.എഫ്. സ്ഥാനാർഥിയാണ്.



പത്മിനി തോമസിനെ ക്കുറിച്ച് ഒരു വാചകം കൂടി.പത്മിനി പണ്ടുതൊട്ടേ എന്നെ സനിൽ എന്നാണ് വിളിക്കുന്നത്. അടുത്ത നാളിൽ ഞാൻ വന്ദേ ഭാരതിൽ കോഴിക്കോടിനു പോയപ്പോൾ ടി.ടി.ഇ ആയി കണ്ടത് പത്മിനിയുടെ പുത്രി ഡയാന ക്ളിൻറനെയല്ലേയെന്നു സംശയം തോന്നി പത്മിനിയെ വിളിച്ചു. മറുവശത്തു നിന്ന് സനൽ ജീ.... എന്ന് സംബോധന. ഞാനൊന്നു ഞെട്ടി. പിന്നെയാണ് ഓർത്തത് പപ്പി ഇപ്പോൾ ബി.ജെ.പി. ആണല്ലോയെന്ന്.






emalayalee.com

# ബുദ്ധിമുട്ടുള്ള വിഷയങ്ങളിൽ തുറന്ന സംഭാഷണത്തിന്റെ പ്രാധാന്യം എങ്ങനെ വിലയിരുത്താം!



**ഫിലിപ്പ് മാരേട്ട്**

ന്യു ജേഴ്സി: ബുദ്ധിമുട്ടുള്ള ഓരോ വിഷയങ്ങളെക്കുറിച്ച് തുറന്ന സംഭാഷണം നടത്തേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിലൂടെ, നമ്മുടെ വ്യത്യസ്ത കാഴ്ചപ്പാടുകളും, വികാരങ്ങളും വെളിപ്പെടുത്തുന്നതിനും, വ്യക്തിഗത വളർച്ച, നവീകരണം, എന്നിവ വളർത്തിയെടുക്കുന്നതിനും സഹായിക്കുന്നു. അങ്ങനെ ഈ വിലമതിപ്പ് വളർത്തിയെടുക്കാൻ, തുറന്നതും ജിജ്ഞാസയുള്ളതുമായ ഒരു മാനസികാവസ്ഥയോടെ നമ്മൾ ബുദ്ധിമുട്ടുള്ള സംഭാഷണങ്ങളിലേക്ക് പോകുക.

സാധാരണയായി, അത്തരമൊരു സംഭാഷണത്തിന്റെ പ്രധാന ലക്ഷ്യംതന്നെ ഒരു പരിഹാരത്തിൽ എത്തിച്ചേരുക എന്നതാണ്. അതുകൊണ്ട് നമ്മൾ രണ്ടുപേരും സംതൃപ്തരാണെന്ന് മനസ്സിലാക്കാൻ സംഭാഷണത്തിന്റെ തുടക്കം മുതൽ ഒരുമിച്ച് പ്രവർത്തിക്കുക. അങ്ങനെ ഇവിടെ പരസ്പരം കുറ്റപ്പെടുത്തലിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനുപകരം നമ്മളെ കൂടുതൽ ഉൽപാദനപരമായ പരിഹാരങ്ങളിലേക്ക് നയിക്കുന്നു. ഇത് കൂടുതൽ സുരക്ഷ സൃഷ്ടിക്കുകയും, അതുപോലെ പരസ്പരം ബഹുമാനത്തിന്റെ അന്തരീക്ഷം വളർത്തിയെടുക്കുകയും, സത്യസന്ധമായ ഒരു ബന്ധത്തിന് വഴിയൊരുക്കുകയും ചെയ്യുന്നു.

ബുദ്ധിമുട്ടുള്ള സംഭാഷണങ്ങൾ കൈകാര്യം ചെയ്യുന്നത് ഒരു വെല്ലുവിളിയാണ് കാരണം നമ്മൾ ആഗ്രഹിക്കുന്നത്ര ആഴത്തിൽ ആശയവിനിമയം നടത്താൻ പലപ്പോഴും പാടുപെടുന്നു. അതായത് കഠിനമായ സംഭാഷണങ്ങൾ നടത്തുമ്പോൾ,അല്ലെങ്കിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകുമ്പോൾ, ഇത് കൂടുതൽ ബന്ധങ്ങളെ വ്രണപ്പെടുത്തുകയും, കാര്യങ്ങൾ കൂടുതൽ വഷളാക്കുകയും ചെയ്യുന്നു.





അതിനാൽ ഇത്തരം വെല്ലുവിളി നിറഞ്ഞ ചില സംഭാഷണങ്ങൾ നടത്തുമ്പോൾ, അവയ്ക്ക് വലിയ പ്രാധാന്യം നൽകരുത്. പകരം, ഒരു നിശ്ചിത തലത്തിലുള്ള പരിഗണനയോടും സത്യസന്ധതയോടും, ജിജ്ഞാസയോടും, കൂടി സംഭാഷണത്തിലേക്ക് പോകേണ്ടത് പ്രധാനമാണ്. അതുപോലെ പരസ്പരം നിങ്ങളുടെ കാഴ്ചപ്പാട് പ്രകടിപ്പിക്കാൻ പ്രസ്താവനകൾ ഉപയോഗിച്ച് നിങ്ങളുടെ വികാരങ്ങളും അനുഭവങ്ങളും പങ്കിടുക. ഇത് സത്യസന്ധമായ ബന്ധത്തിനുള്ള സുരക്ഷിതമായ ഒരു ഇടം സൃഷ്ടിക്കുന്നതിലൂടെ, നിങ്ങൾക്ക് കൂടുതൽ ആധികാരിക ബന്ധങ്ങൾ കെട്ടിപ്പടുക്കാനും സംഘർഷങ്ങൾ ഒഴിവാക്കാനും കഴിയുന്നു.

ബുദ്ധിമുട്ടുള്ള സംഭാഷണങ്ങളുടെ മൂല്യം എന്താണ്? ബുദ്ധിമുട്ടുള്ള സംഭാഷണങ്ങളിലൂടെ ഇരു കക്ഷികളുടെയും എല്ലാ പ്രശ്നത്തെക്കുറിച്ചും, പരസ്പരം ഉള്ള കാഴ്ചപ്പാടുകളെക്കുറിച്ചും, ആഴത്തിൽ മനസ്സിലാക്കാൻ സഹായിക്കുന്നു. അതുകൊണ്ട് ഒരാൾ കഠിനമായ സംഭാഷണം നടത്തുമ്പോൾ ചെയ്യേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം സജീവമായും സഹാനുഭൂതിയോടെയും ശ്രദ്ധിക്കുക എന്നതാണ്. ഇത്തരം കഠിനമായ സംഭാഷണങ്ങളിൽ ഏർപ്പെടുന്നതിലൂടെ ലഭിക്കുന്ന നല്ല ഫലങ്ങളെക്കുറിച്ച് വ്യക്തമായ ധാരണ ഉണ്ടെങ്കിൽ അത് അവയുടെ മൂല്യത്തെ വിലമതിക്കാൻ നിങ്ങളെ പ്രേരിപ്പിക്കും. പ്രത്യേകിച്ചും ഇത്തരം ബുദ്ധിമുട്ടുള്ള സംഭാഷണങ്ങളുടെ ഒരു കാര്യം, ആരും ഒരിക്കലും അവ സ്വന്തമാക്കാൻ ആഗ്രഹിക്കുന്നില്ല എന്നതാണ്. അതുകൊണ്ടുതന്നെ ബുദ്ധിമുട്ടുള്ള സംഭാഷണങ്ങളിൽ നമ്മൾ കൂടുതൽ ഇടപെടുമ്പോൾ മനസ്സിലാക്കേണ്ട മറ്റൊരു പ്രധാന കാര്യം, വ്യത്യസ്ത കാഴ്ചപ്പാടുകളെക്കുറിച്ച് ഇവിടെ ചർച്ച ചെയ്ത്, തീരുമാനിക്കുക എന്നതാണ്. അതുപോലെതന്നെ മറ്റൊരാൾ പറഞ്ഞ വാക്കുകൾ ശരിയായി മനസ്സിലാക്കിയിട്ടുണ്ടെന്ന് നമ്മൾ സ്ഥിരീകരിക്കുന്നതും സഹായകരമാണ്.

ബുദ്ധിമുട്ടുള്ള സംഭാഷണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘട്ടം എന്താണ്? “സത്യസന്ധത“ പുലർത്തുക, അതുപോലെ അതിനെക്കുറിച്ച് സംസാരിക്കുന്നത് നിങ്ങൾ ആത്മാർത്ഥമായി അഭിനന്ദിച്ചുവെന്ന് പറയുക. ഇത് നിങ്ങളോട് അടുപ്പമുള്ള ഒരാളാണെങ്കിൽ, അവർ നിങ്ങളുടെ ജീവിതത്തിൽ എത്ര സന്തോഷവാനാണെന്ന് കരുതുക. മറ്റുള്ളവർ പറയുന്നത് കേൾക്കുന്നതിന് മുമ്പ് വിധി പറയാൻ നാം മന്ദഗതിയിലായിരിക്കണം. കൂടാതെ ആരെങ്കിലും ഒന്നുമില്ലായ്മയിൽ നിന്ന് വലിയ ഇടപാട് നടത്തുന്ന സന്ദർഭങ്ങളിൽ പോലും, അവരെ കേൾക്കാനുള്ള നമ്മുടെ സന്നദ്ധത തീവ്രത കുറയ്ക്കാൻ സഹായിക്കും. അതിനാൽ ചിന്തനീയമായ ചോദ്യങ്ങൾ ചോദിച്ച്, ആവശ്യമെങ്കിൽ വ്യക്തത ചോദിക്കുന്നതിലൂടെ മറ്റൊരാളുടെ കാഴ്ചപ്പാട് മനസ്സിലാക്കാൻ ശ്രമിക്കുക. മറ്റൊരാൾ പറഞ്ഞത് ആവർത്തിക്കുകയും അവരുടെ വാക്കുകൾ നിങ്ങൾ ശരിയായി മനസ്സിലാക്കിയെന്ന് സ്ഥിരീകരിക്കുകയും ചെയ്യുന്നത് ചിലപ്പോൾ സഹായകരമാണ്.

**ബുദ്ധിമുട്ടുള്ള സംഭാഷണങ്ങൾ എല്ലാം ഇരു കക്ഷികളുടെയും പരസ്പര കാഴ്ചപ്പാടുകളെക്കുറിച്ചും, പ്രശ്നത്തെക്കുറിച്ചും ആഴത്തിൽ മനസ്സിലാക്കാൻ കൂടി സഹായിക്കും. അതുപോലെ ഈ പ്രശ്നങ്ങൾ പരിഹരിക്കുന്ന തരത്തിൽ സമാധാനപരമായി കൈകാര്യം ചെയ്യുന്നതിന് അവിശ്വസനീയമായ ക്ഷമയും വിവേകവും ആവശ്യമാണ്. ഇത് തെറ്റിദ്ധാരണകൾ കുറയ്ക്കാനും, സഹാനുഭൂതി വളർത്താനും സഹകരണം വർദ്ധിപ്പിക്കാനും സഹായിക്കുന്നു.**

അതിനാൽ ബുദ്ധിമുട്ടുള്ള സംഭാഷണങ്ങൾ നടത്തുന്നത് പ്രധാനമാണെന്ന് കരുതുന്നുണ്ടെങ്കിലും, അവ വിവേകത്തോടെ ചെയ്യുന്നത് അതിലും പ്രധാനമാണ്. ഇത് കൂടുതൽ വിശ്വാസം വളർത്തിയെടുക്കുകയും മറ്റൊരാളുമായുള്ള നിങ്ങളുടെ ബന്ധം ആഴത്തിലാക്കുകയും ചെയ്യും.

ബുദ്ധിമുട്ടുള്ള സംഭാഷണങ്ങൾ എന്തുകൊണ്ട് പ്രധാനമാണ്?. ബുദ്ധിമുട്ടുള്ള വിഷയങ്ങളെക്കുറിച്ചുള്ള തുറന്ന സംഭാഷണങ്ങൾ എല്ലാം മറ്റുള്ളവരുടെ വീക്ഷണകോണുകളിൽ നിന്ന് കാര്യങ്ങൾ കാണാൻ നിങ്ങളെ അനുവദിക്കുന്നു. ഇത് നിങ്ങളുടെ സ്വന്തം ധാരണയും ലോകവീക്ഷണവും വികസിപ്പിക്കുന്നു.

കൂടാതെ തുറന്ന സംഭാഷണം നമ്മളുടെ എല്ലാ തെറ്റിദ്ധാരണകളും തെറ്റായ വ്യാഖ്യാനങ്ങളും ഇല്ലാതാക്കുകയും, അതുപോലെതന്നെ നമ്മൾ എല്ലാവരെയും, ശരിയായി കേൾക്കുകയും, ബഹുമാനിക്കുകയും ചെയ്യുന്നതായി തോന്നാനും ഇത് അനുവദിക്കുന്നു. ബുദ്ധിമുട്ടുള്ള ഒരു സംഭാഷണത്തെ ഒരു ഏറ്റുമുട്ടലായി കാണുന്നതിനുപകരം, പരസ്പര പഠനത്തിനും വളർച്ചയ്ക്കുമുള്ള ഒരു അവസരമായി അതിനെ കാണുക. നിങ്ങൾ പരിഗണിക്കാത്ത ന്യായമായ ഒരു വിശദീകരണമോ കാഴ്ചപ്പാടോ ഉണ്ടാകാമെന്ന് കരുതി, ജിജ്ഞാസയോടെ അതിനെ സമീപിക്കുക. വ്യക്തമായും ഫലപ്രദമായും ആശയവിനിമയം നടത്താൻ ബുദ്ധിമുട്ടുള്ള ഒരു സംഭാഷണത്തിന് മുമ്പ് നിങ്ങളുടെ വികാരങ്ങളെ തയ്യാറാക്കാനും ശാന്തമാക്കാനും സമയമെടുക്കുക. അങ്ങനെ വ്യത്യസ്ത കാഴ്ചപ്പാടുകളിലേക്ക് നമ്മുടെ മനസ്സ് തുറക്കുന്നതിന്, യഥാർത്ഥ താൽപ്പര്യത്തോടെ ഈ സംഭാഷണങ്ങളെ സമീപിക്കുക.

ബുദ്ധിമുട്ടുള്ള സംഭാഷണങ്ങൾ സ്വീകരിക്കുന്നത് ഒരു നല്ല ആശയമായിരിക്കുന്നത് എന്തുകൊണ്ട്? ബുദ്ധിമുട്ടുള്ള സംഭാഷണങ്ങൾ അസ്വാസ്ഥ്യകരവും വെല്ലുവിളി നിറഞ്ഞതുമാകാം, എങ്കിലും മറ്റുള്ളവരെകുറിച്ച് ആഴത്തിൽ നമ്മൾ ശ്രദ്ധാലുവായിരിക്കുമ്പോൾ, അവർ തെറ്റായ തീരുമാനങ്ങൾ എടുക്കുന്നുവെന്ന് കരുതുമ്പോൾ അവർക്ക് മുന്നറിയിപ്പ് നൽകാൻ നാം ആഗ്രഹിക്കും. എന്നാൽ മിക്കപ്പോഴും, ഇത്തരം സംഭാഷണങ്ങളിൽ ശക്തമായ വിയോജിപ്പുകളും, വികാരങ്ങളും ഉൾപ്പെടും എന്നതിനാൽ, എല്ലാം ശാന്തമായും സംഘർഷ സാധ്യതകളിൽ നിന്ന് മുക്തമായും നിലനിർത്താൻ നമ്മൾ ആഗ്രഹിക്കുന്നു. എങ്കിൽ, ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം സജീവമായും സഹാനുഭൂതിയോടെയും കേൾക്കുക എന്നതാണ്. അങ്ങനെ ബുദ്ധിമുട്ടുള്ള സംഭാഷണങ്ങൾ എല്ലാം ഇരു കക്ഷികളുടെയും പരസ്പര കാഴ്ചപ്പാടുകളെക്കുറിച്ചും, പ്രശ്നത്തെക്കുറിച്ചും ആഴത്തിൽ മനസ്സിലാക്കാൻകൂടി സഹായിക്കും. അതുപോലെ ഈ പ്രശ്നങ്ങൾ പരിഹരിക്കുന്ന തരത്തിൽ സമാധാനപരമായി കൈകാര്യം ചെയ്യുന്നതിന് അവിശ്വസനീയമായ ക്ഷമയും വിവേകവും ആവശ്യമാണ്. ഇത് തെറ്റിദ്ധാരണകൾ കുറയ്ക്കാനും, സഹാനുഭൂതി വളർത്താനും സഹകരണം വർദ്ധിപ്പിക്കാനും സഹായിക്കുന്നു.

ബുദ്ധിമുട്ടുള്ള ഒരു സംഭാഷണത്തിന്റെ പ്രാധാന്യം എങ്ങനെ വിലയിരുത്താം?. ആദ്യം നിങ്ങളുടെ ഉദ്ദേശ്യങ്ങളും ആഗ്രഹിച്ച ഫലങ്ങളും വ്യക്തമാക്കാനും, നിങ്ങൾ എന്താണ് നേടാൻ ആഗ്രഹിക്കുന്നതെന്നും, അതുപോലെ സാഹചര്യം നിങ്ങളെ എങ്ങനെ ബാധിക്കുന്നുവെന്നും ചിന്തിക്കുക. തുടർന്ന്, മറ്റേ വ്യക്തിയുടെ വൈകാരിക സന്നദ്ധതയും നിങ്ങളുടെ പങ്കിട്ട മൂല്യങ്ങളും

ഉൾപ്പെടെ ബന്ധവും സന്ദർഭവും പരിഗണിക്കുക. ആത്യന്തികമായി, ഒരു സംഭാഷണം നിങ്ങളുടെ മൂല്യങ്ങളുമായി പൊരുത്തപ്പെടുന്നെങ്കിൽ, ഇവയെല്ലാം നിങ്ങളുടെ സ്വന്തം പെരുമാറ്റത്തെക്കുറിച്ച് വിലപ്പെട്ട ഉൾക്കാഴ്ച നൽകും. അതുപോലെതന്നെ മറ്റുള്ളവരുടെ വെളിപ്പടുത്തലിലൂടെ, നിങ്ങൾക്ക് അറിയില്ലായിരുന്ന സ്വഭാവ വിശേഷങ്ങളെയും പാറ്റേണുകളെയും കുറിച്ച് നിങ്ങൾക്ക് പഠിക്കാൻ കഴിയും. അതുപോലെ സത്യസന്ധമായ സംഭാഷണത്തിൽ നമ്മൾ ഏർപ്പെടുന്നതിലൂടെ, മറ്റൊരാളെയും, ബന്ധത്തെയും, ഇത് വിലമതിക്കുന്നുവെന്ന് കാണിക്കുന്നു, ഒപ്പം വിശ്വാസവും പരസ്പര ബഹുമാനവും ശക്തിപ്പെടുത്തുന്നു. ഈ ആത്മപരിശോധന ഓരോ ബുദ്ധിമുട്ടുള്ള ഇടപെടലിൽ നിന്നും പഠിക്കാനും വളരാനും നിങ്ങളെ സഹായിക്കുന്നു.

തുറന്ന സംഭാഷണം എന്നത് ആളുകൾക്ക് കഠിനമായ പ്രതികരണത്തോടെ സംസാരിക്കാനും, വിയോജിപ്പുള്ളതായ അഭിപ്രായങ്ങൾ പ്രകടിപ്പിക്കാനും, അസ്വസ്ഥതയുണ്ടാക്കുന്ന സത്യങ്ങൾ ഉന്നയിക്കാനും, അതുപോലെ സുരക്ഷിതത്വം തോന്നുന്നുണ്ടോ എന്ന് വെളിപ്പെടുത്തുന്ന മേഖലയാണ്. ഇവിടെ മുഖാമുഖ ആശയവിനിമയത്തിലെന്നപോലെ, നേത്രസമ്പർക്കം നിലനിർത്തുന്നത് സംഭാഷണത്തിലുടനീളം മറ്റ് വ്യക്തിയുടെ സ്വീകാര്യത അളക്കാനും നിങ്ങളുടെ സത്യസന്ധതയും മറ്റ് വ്യക്തിയെ ശ്രദ്ധിക്കാനുള്ള ആഗ്രഹവും പ്രകടമാക്കാനും സഹായിക്കുന്നു. അതിനാൽ, എല്ലാം ശാന്തമായും സംഘർഷ സാധ്യതകളിൽ നിന്ന് മുക്തമായും നിലനിർത്താൻ നമ്മൾ ആഗ്രഹിക്കുന്നുവെങ്കിൽ, ഏറ്റവും പ്രധാനപ്പെട്ട കാര്യം സഹാനുഭൂതിയോടെ കേൾക്കുക എന്നതാണ്. അപ്പോൾ ബുദ്ധിമുട്ടുള്ള സംഭാഷണങ്ങൾ ഇരു കക്ഷികളുടെയും പ്രശ്നത്തെക്കുറിച്ചും പരസ്പരം കാഴ്ചപ്പാടുകളെക്കുറിച്ചും ആഴത്തിൽ മനസ്സിലാക്കാൻ സഹായിക്കും. അതുപോലെ ഈ പ്രശ്നങ്ങൾ പരിഹരിക്കുന്ന തരത്തിൽ സമാധാനപരമായി കൈകാര്യം ചെയ്യുന്നതിന് ക്ഷമയും വിവേകവും ആവശ്യമാണ്. ഇത് തെറ്റിദ്ധാരണകൾ കുറയ്ക്കാനും, സഹാനുഭൂതി വളർത്താനും നമ്മെ സഹായിക്കും.



വെല്ലുവിളി നിറഞ്ഞ വിഷയങ്ങൾ, സംഭാഷണങ്ങൾ, ഇടപെടലുകൾ എന്നിവയെ ആദരപൂർവ്വം കൈകാര്യം ചെയ്യാൻ വ്യക്തികൾക്ക് എങ്ങനെ കഴിയും?. സംഭാഷണങ്ങൾ ശാന്തമായി പരിഗണിക്കുന്നതിലും ഫലപ്രദമാണ് മറ്റൊരാൾ സംസാരിക്കുമ്പോൾ, ഒരിക്കലും തടസ്സപ്പെടുത്താതെ, ആദരവോടെ ശ്രദ്ധിക്കുക എന്നത്. അതുപോലെ നിങ്ങൾ സംസാരിക്കുമ്പോൾ കാണിക്കാൻ ആഗ്രഹിക്കുന്ന ബഹുമാനം നിങ്ങൾ മറ്റൊരാളോടും കാണിക്കുക. മറ്റുള്ളവരുടെ കാഴ്ചപ്പാടുകൾ മനസ്സിലാക്കാൻ ശ്രദ്ധയോടെ സജീവമായി ശ്രദ്ധിക്കുക. പ്രത്യേകിച്ചും വ്യക്തികളെയല്ല, ആശയങ്ങളെ മാത്രം വിമർശിക്കുക. ബുദ്ധിമുട്ടുള്ള സംഭാഷണങ്ങൾ മറ്റുള്ളവർ ഒരു സാഹചര്യത്തെ എങ്ങനെ കാണുന്നു എന്ന് മനസ്സിലാക്കാൻ അവസരം നൽകുന്നു, ഇത് നിങ്ങളുടെ സ്വന്തം സ്വഭാവത്തെയും പെരുമാറ്റത്തെയും കുറിച്ച് വിലപ്പെട്ട ഉൾക്കാഴ്ചകൾ നൽകും. അങ്ങനെ വളരെ പ്രധാനപെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിൽ കൂടുതൽ വൈദഗ്ദ്ധ്യം നേടാൻ നിങ്ങളെ സഹായിക്കുന്നു. അതുകൊണ്ട് വ്യക്തിപരവും തൊഴിൽപരവുമായ ജീവിതത്തിൽ ശാന്തത പാലിക്കാൻ നമ്മൾ ആവശ്യമായതെല്ലാം ചെയ്യുക.

# മാഗിൽ മഴവില്ലഴകായ് വിന്റേജ് കാർ ഷോയും കാർണിവലും അരങ്ങേറി




**സുജിത് ചാക്കോ**

ഹ്യൂസ്റ്റൺ: നവംബർ 23 ഞായറാഴ്ച ടെക്സസ് സ്റ്റാഫോർഡ് സിറ്റിയിലെ കേരള ഹൗസിൽ വർണ്ണാഭമായ കാറുകളുടെയും ബൈക്കുകളുടെയും പ്രദർശനവും കർണിവലും അരങ്ങേറി. പഴയ മോട്ടോർ വാഹനങ്ങളുടെ ശ്രേണിയിൽ 25 ഓളം കാറുകളും പത്തോളം ബൈക്കുകളും പ്രദർശിപ്പിക്കപ്പെട്ടു. ഈ പ്രദർശനം കാണുവാനും ആസ്വദിക്കുവാനും നൂറുകണക്കിന് ആളുകളാണ് കേരള ഹൗസിലേക്ക് ഒഴികെയെത്തിയത്. മോട്ടോർ വാഹനങ്ങളുടെ പ്രദർശനം ധാരാളം യുവാക്കളെ ആകർഷിച്ചു.

ചടുല നൃത്തങ്ങളും പാട്ടുകളുമായി വിവിധ കലാകാരന്മാർസായംസന്ധ്യയെ കാവ്യാത്മകമാക്കി. കുട്ടികൾക്കായി മൂൺ വാക്കും ഫെയ്സ് പെയിന്റിംഗും ഉൾപ്പെടുത്തിയിരുന്നു. വിഘ്നേഷ് ശിവനും ബിജോയ് തോമസും വിവിധ കളികൾക്ക് നേതൃത്വം നൽകി. കേരളത്തിന്റെ തനത് രുചികളുമായി തട്ടുകടകളും ഒരുക്കിയിരുന്നു.

കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് സാന്നിധ്യം കൊണ്ടും സഹകരണം കൊണ്ടും വലിയ മുന്നേറ്റമാണ് ഉണ്ടായതെന്ന് പ്രസിഡന്റ് ജോസ് കെ ജോൺ പറഞ്ഞു.

ഒക്ടോബർ നവംബർ മാസങ്ങളിലായി ബാഡ്മിന്റൺ ടൂർണമെന്റ്, കുട്ടികളുടെ മനസ്സികാരോഗ്യത്തിനും സുരക്ഷിതത്വത്തിനുമായുള്ള സേഫ് സോൺ, പാസ്പോർട്ട് ഫെയർ, മാഗ് നാഷണൽ സോക്കർ ടൂർണമെന്റ്, വനിതകളുടെ മാനസികാരോഗ്യം കല എന്നിവ ലക്ഷ്യം വച്ചുള്ള 'SHE', ഫ്രണ്ട്സ് ഓഫ് ടെക്സസ് ഇന്റർനാഷണ ലുമായി സഹകരിച്ച്



മജീഷ്യൻ ഗോപിനാഥ് മുതുകാട് മീറ്റ് ആൻഡ് ഗ്രീറ്റ്, സെന്റ് തോമസ് സി എസ് ഐ ചർച്ചുമായി സഹകരിച്ച് താങ്ക്സ് ഗിവിങ് ടർക്കി ഡ്രൈവ് എന്നീ സാമൂഹിക സാംസ്കാരിക പ്രാധാന്യമുള്ള പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി.



പ്രോഗ്രാം കോഡിനേറ്റർ രേഷ്മ വിനോദ്, മിഖായേൽ ജോയ് (മിക്കി), വിഘ്നേഷ് ശിവൻ, ജോസഫ് കൂനത്താൻ, ബിജോയ് തോമസ് തുടങ്ങി മറ്റു ബോർഡ് അംഗങ്ങളുടെയും അക്ഷീണ പരിശ്രമങ്ങളുടെ ഫലമാണ് പരിപാടികളുടെ വലിയ വിജയം എന്ന് സെക്രട്ടറി രാജേഷ് വർഗീസ് അറിയിച്ചു.

ഏഴര ലക്ഷം രൂപ ചെലവിൽ വയനാട് ജില്ലയിലെ പുൽപ്പള്ളിയിൽ മുണ്ടക്കൈ ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിൽ വീട് നഷ്ടപ്പെട്ട ഷഹീദിനും കുടുംബത്തിനും മാഗ് ഒരുക്കുന്ന വീടിന്റെ പണി ഡിസംബറിൽ പൂർത്തിയാകുമെന്ന് ചാരിറ്റി കോർഡിനേറ്റർ അലക്സ് തെക്കേതിൽ അറിയിച്ചു.



# മന്ത്രയുടെ പുതിയ ഭരണസമിതി ചുമതലയേറ്റു



മന്ത്രയുടെ (മലയാളീ അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്കൻ ഹിന്ദൂസ്) ദാർശനിക ദൗത്യത്തിന്റെ തുടർച്ച ഉറപ്പുവരുത്തി, ഔദ്യോഗിക അധികാര കൈമാറ്റ ചടങ്ങ് അതീവ പ്രൗഢിയോടെ പൂർത്തിയായി. പ്രസിഡന്റ് ശ്രീ കൃഷ്ണരാജ് മോഹനന്റെ നേതൃത്വത്തിൽ പുതിയ ഭാരവാഹികൾ ഔദ്യോഗികമായി ചുമതല ഏറ്റെടുത്തു.

സ്ഥാനമൊഴിയുന്ന ട്രസ്റ്റി ചെയർ ശ്രീ വിനോദ് കെയാർക്കെ ചടങ്ങിന് നേതൃത്വം നൽകി. കാലാവധി പൂർത്തിയാക്കിയ പ്രസിഡണ്ട് ശ്രീ ശ്യാം ശങ്കറും സെക്രട്ടറി ശ്രീ ഷിബു ദിവാകരനും മന്ത്രയുടെ സ്ഥാപകനും മുതിർന്ന നേതാവുമായ ശ്രീ ശശിധരൻ നായരുടെ സാന്നിധ്യത്തിൽ പുതുനേതൃത്വത്തിന് ചുമതലകൾ ഔപചാരികമായി കൈമാറി.

ശ്രീ ശശിധരൻ നായർ തന്റെ പ്രസംഗത്തിൽ മന്ത്ര എന്ന സംഘടനയുടെ അടിസ്ഥാന ആവശ്യകതയും പ്രാധാന്യവും എല്ലാവരെയും ഓർമിപ്പിച്ചു. ഇന്നത്തെ സാഹചര്യത്തിൽ ഹൈന്ദവ മലയാളി സമൂഹത്തിൽ ഏറ്റവും പ്രസക്തവും അർത്ഥവത്തുമായ പ്രവർത്തനങ്ങളാണ് മന്ത്ര നിർവഹിക്കുന്നത് എന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ശ്രീ കൃഷ്ണരാജ് മോഹനന്റെ നേതൃത്വം മന്ത്രയെ അതിന്റെ യഥാർത്ഥ ശക്തിയോടെ മുന്നോട്ടു കൊണ്ടുപോകുമെന്ന് തനിക്ക് പൂർണ്ണ ആത്മവിശ്വാസമുണ്ടെന്ന് അദ്ദേഹം പ്രഖ്യാപിച്ചു.

മന്ത്രയുടെ മുൻ കൺവെൻഷനുകളായ സുദർശനം (ടെക്സാസ്), ശിവോഹം (നോർത്ത് കരോലിന) എന്നിവയിൽ നിന്ന് ലഭിച്ച ആത്മവിശ്വാസവും ഊർജവും മന്ത്രയുടെ അടുത്ത അധ്യായത്തിന് ഉറച്ച അടിത്തറയാകുമെന്നുപ്രസിഡന്റ്ശ്രീകൃഷ്ണരാജ് മോഹനൻ വ്യക്തമാക്കി. ന്യൂയോർക്ക് ആസ്ഥാനമായി 2027 ജൂലൈ 2-5 വരെ നടത്തപ്പെടുന്ന മന്ത്രയുടെ മൂന്നാമത് കൺവെൻഷൻ ''ശാക്തേയം'' മന്ത്രയുടെ ശക്തി സ്വരൂപത്തെ



പ്രതിനിധീകരിക്കുന്ന ഒരു മികവുറ്റ കൺവെൻഷൻ ആയിരിക്കുമെന്നും അദ്ദേഹം ആത്മവിശ്വാസത്തോടെ കൂട്ടി ച്ചേർത്തു.

മന്ത്രയുടെ ധാർമ്മിക അടി ത്തറയിലും നിലവിലെ നേ തൃത്വത്തിലും അചഞ്ചലമായ വിശ്വാസം പുലർത്തുന്ന സു മനസ്സുകളുടെ ശക്തമായ പി ന്തുണയോടെ ഈ ദർശനം യാഥാർത്ഥ്യമാകുമെന്ന് അദ്ദേ ഹം പരാമർശിച്ചു.

ഊർജസ്വലമായി ഒരുമയോടെ പ്രവർത്തിക്കുന്ന പുതിയ ഭരണ സമിതിയിൽ അംഗമാവാൻ സാ ധിച്ചത് ഒരു വലിയ ഭാഗ്യമായി കരുതുന്നുവെന്ന് ജനറൽ സെ ക്രട്ടറി ആയി ചുമതലയേറ്റ ശ്രീ ഉണ്ണി തോയകാട്ട് അഭിപ്രായപ്പെ ട്ടു. മന്ത്രയുടെ മറ്റ് ഭാരവാഹിക ളായ സഞ്ജീവ് നായർ ട്രഷറർ (ന്യൂയോർക്ക്), രേവതി പിള്ള പ്രസിഡന്റ് ഇലക്ട് (ന്യൂ ഹാംഷ യർ), ഡോ. നിഷാ ചന്ദ്രൻ ജോ യിന്റ് സെക്രട്ടറി (ഷിക്കാഗോ),




ഡയറക്ടർ ബോർഡ് അംഗങ്ങ ളായ പ്രവീണ മേനോൻ (ന്യൂ ജഴ്സി), അഭിലാഷ് പുളിക്ക ത്തൊടി, ജയ് കുമാർ നായർ, പുരു ഷോത്തമ പണിക്കർ, സുരേഷ് ബാബു ചിറകുഴിയിൽ എന്നിവ രും, ട്രസ്റ്റി ബോർഡ് അംഗങ്ങ ളായ ഹരീന്ദ്രനാഥ് വെങ്കിലാട്ട് (മെക്സിക്കോ), ഹരി ശിവരാമൻ (ടെക്സാസ്), കൊച്ചുണ്ണി ഇള വൻമഠം(ന്യൂയോർക്ക്),സരൂപഅ നിൽ (വിർജീനിയ), സുനിൽ വീട്ടിൽ (ന്യജേഴ്സി), സുജനൻ പുത്തൻപുരയിൽ (കണക്ടിക്ക ട്ട്), രഞ്ജിത് എസ് പിള്ളൈ (ആർ വി പി) എന്നിവരും മുൻ ഭരണ സമിതി അംഗങ്ങളായ, ശ്രീകുമാർ ഉണ്ണിത്താൻ, സന്തോ ഷ് നായർ, രാജേഷ് കല്ലിങ്കൽ എന്നിവരും സന്നിഹിതരായിരു ന്നു.




Spice Village
TODDY SHOP
കള്ള് ഷാപ്പ്
ഷാപ്പിലെ കറികളും
നല്ല നാടൻ കള്ളും
Kallummakkaya (കല്ലുമ്മക്കായ)
Duck Mappas (താറാവ് മപ്പാസ്)
Meen Curry (മീൻകറി)
Mathi Varuthathu (മത്തി വറുത്തത്)
Beef Coconut Fry (പോത്ത് ഉലർത്ത്)
Crab Roast (ഞണ്ട് റോസ്റ്റ്)
Kappa (കപ്പ)
Idiyappam/Paratha (ഇടിയപ്പം പറോട്ട)
വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ 5-10 PM
8 Columbus Avenue, Tuckahoe, NY.
+1 (914) 779-5400 spicevillageny@gmail.com
www.spicevillageny.com

# കെസിസിഎൻഎ 2026 കൺവെൻഷൻ: ഫോർട്ട് ലോഡർഡേലിൽ പുതുചരിത്രത്തിന്റെ പാത തുറക്കുമ്പോൾ





**മീട്ടു റഹ്മത്ത് കലാം**

ക്നാനായ സമൂഹത്തിന്റെ ഏറ്റവും വലിയ ഒത്തുചേരലാണ് മയാമിയിലെ ഫോർട്ട് ലോഡർഡേലിൽ 2026 ഓഗസ്റ്റിൽ നടക്കാനിരിക്കുന്ന കെസിസിഎൻഎ കൺവെൻഷൻ. അതുകൊണ്ടുതന്നെ, ഈ മഹാസമ്മേളനം പ്രവാസിമലയാളികളുടെ ശ്രദ്ധാകേന്ദ്രമായി മാറിയിരിക്കുകയാണ്. ഷിക്കാഗോയിൽ അരങ്ങേറിയ കിക്ക്ഓഫ് ചടങ്ങിന് പിന്നാലെ, കമ്മിറ്റികളുടെ തീവ്രമായ തയ്യാറെടുപ്പുകളും ആവേശജനകമായ റെക്കോർഡ് റൂം ബുക്കിംഗുകളും ഈ കൺവെൻഷൻ ഒരു പുതുചരിത്രമാകുമെന്ന് സൂചിപ്പിക്കുന്നു.

ബീച്ചിന്റെ അരികെ ഉയർന്ന് നിൽക്കുന്ന ഓംനി ഹോട്ടലിൽ പുതുമയുടെ സുഗന്ധം പരത്തി ഒരുക്കുന്ന ആഡംബര സൗകര്യങ്ങളും ഫ്ലോറിഡയിലെ ഏറ്റവും വലിയ കൺവെൻഷൻ സെന്ററുകളിലൊന്നായ ബ്രോവാർഡ് കൗണ്ടി കൺവെൻഷൻ സെന്ററിന്റെ ആധുനിക സജ്ജീകരണങ്ങളുംഎല്ലാം കൂടി 2026 ലെ കൺവെൻഷനെ വേറിട്ടതും അഭിമാനകരവുമാക്കുന്നു. ആദ്യമായി ടാമ്പയുടേയും മയാമിയുടേയും യൂണിറ്റുകൾ കൈകോർക്കുന്ന ഈ കൺവെൻഷൻ, സമൂഹത്തിലെ ഐക്യത്തെ പുതിയ ഉയരങ്ങളിൽ എത്തിക്കുമെന്ന വിശ്വാസം സംഘാടകർക്കുണ്ട്.

തയ്യാറെടുപ്പുകൾ, വെല്ലുവിളികൾ, പുതുമകൾ, ക്നാനായ ഐഡന്റിറ്റിയുടെ ഭാവി... ഇവയെക്കുറിച്ചെല്ലാം കെസിസിഎൻഎ പ്രസിഡന്റ് ജെയിംസ് ഇല്ലിക്കൽ സംസാരിക്കുന്നു...

***കെസിസിഎൻഎ കൺവെൻഷന്റെ ചിക്കാഗോയിലെ കിക്കോഫ് കഴിഞ്ഞിരിക്കുകയാണല്ലോ,***

## *വിശദാംശങ്ങൾ പങ്കുവയ്ക്കാമോ?*

2026 ഓഗസ്റ്റ് 6 മുതൽ 10 വരെ ആണ് അടുത്ത കൺവെൻഷൻ. വേദി മയാമിയിലെ ഫോർട്ട് ലോഡർഡേലിലാണ്. ബീച്ചിന് സമീപമുള്ള ഒരു ബ്രാൻഡ് ന്യൂ ഹോട്ടലായ ഒംനി ഹോട്ടലിലാണ് താമസം ഒരുക്കുന്നത്. അവിടെ നിന്നാണ് ക്രൂസ് കപ്പലുകൾ പുറപ്പെടുന്നത്. ഈ ഡിസംബർ 18-നാണ് ഹോട്ടലിന്റെ ഇൻനാഗുറേഷൻ. അതുകൊണ്ടുതന്നെ പുതുമ നിറഞ്ഞ ഒരു അനുഭവം ഈ കൺവൻഷനിൽ പങ്കെടുക്കുന്ന ഏവർക്കും അനുഭവവേദ്യമാകും.

പ്രോഗ്രാമുകൾ നടക്കുന്നത് ബ്രോവാർഡ് കൗണ്ടി കൺവൻഷൻ സെന്ററിലാണ്. ഫ്ലോറിഡയിലെ ഏറ്റവും വലിയ കൺവെൻഷൻ സെന്ററുകളിൽ ഒന്നാണത്.

ഹോട്ടലിൽ നിന്നു കൺവെൻഷൻ സെന്ററിലേക്ക് മൂന്ന് ലെവൽ എയർ കണ്ടീഷൻഡ് ഓവർബ്രിഡ്ജ് ഉള്ളതുകൊണ്ട് കണക്റ്റിവിറ്റി വളരെ എളുപ്പമാണ്.

## *റൂം ബുക്കിംഗിന്റെ അപ്ഡേറ്റുകൾ എന്തൊക്കെയാണ്?*

നമ്മൾ 600 റൂം ആണ് ബ്ലോക്ക് ചെയ്തിട്ടത്.ക്വീൻ സൈസ് ഡബിൾ ബെഡ് റൂമുകൾ 400-ഉം, 200 എണ്ണം കിംഗ് സൈസ് സിംഗിൾ ബെഡ് റൂമുകളുമാണുള്ളത്. ഒരു മാസത്തിനുള്ളിൽ തന്നെ 400-ലധികം ബുക്കിങ് ആയി! ഈ തവണ റെക്കോർഡ് രജിസ്ട്രേഷൻ ആണ് എന്നത് സംഘടനയോടുള്ള ആളുകളുടെ താല്പര്യം വർദ്ധിച്ചതിന്റെ സൂചനയായി കാണുന്നു.

## *ഏർലി-ബേർഡ് ബുക്കിംഗ് നേട്ടമുണ്ടോ?*

തീർച്ചയായിട്ടും. റൂമിന്റെ ലഭ്യതയും, അവശ്യമായപ്പോൾ അഡീഷണൽ ബെഡ് ലഭിക്കുന്നതും മുൻപേ ബുക്ക് ചെയ്യുന്നവർക്ക് എളുപ്പമാകും. ഫോർട്ട് ലോഡർഡേൽ എയർപോർട്ടിൽ നിന്നും 1.7 മൈൽ ദൂരവും മയാമി എയർപോർട്ടിൽ നിന്നും 37 മൈലുമാണ് ഹോട്ടലിലേക്കുള്ള ദൂരം. കുറഞ്ഞനിരക്കിൽ വിമാന ടിക്കറ്റ് ലഭിക്കുന്നതിനും ഊബർ വിളിച്ച് ഹോട്ടലിലേക്ക് എത്തിച്ചേരുന്നതിനും ബുക്കിങ് നേരത്തെ ആക്കുന്നതിലൂടെ സാധിക്കും.

## *ഈ കൺവെൻഷൻ വ്യത്യസ്തമാണെന്നു പറയുന്നത് എന്തുകൊണ്ടാണ്?*

സാധാരണയായി ജൂലൈയിലാണ് കൺവൻഷൻ നടത്തുന്നത്. വേൾഡ് കപ്പ് അമേരിക്കയിൽ വരുന്നതുകൊണ്ട് മിക്ക ഹോട്ടലുകളും ബുക്ക് ചെയ്തുകഴിഞ്ഞു. അങ്ങനെയാണ് ഓഗസ്റ്റിലേക്ക് കൺവൻഷൻ മാറ്റിയതും മയാമി ഏരിയ തിരഞ്ഞെടുത്തതും. അതെന്തുകൊണ്ടും നന്നായി എന്നാണ് ഇപ്പോൾ തോന്നുന്നത്. ഇതാദ്യമായാണ് ഒരേ റീജിയനിലെ രണ്ട് യൂണിറ്റുകൾ ചേർന്ന് (ടാമ്പാ യൂണിറ്റും മയാമി യൂണിറ്റും) ഒരു കൺവൻഷൻ ഹോസ്റ്റ് ചെയ്യുന്നത്. ഹോട്ടലും കൺവെൻഷൻ സെന്ററും മയാമിയുടെ പ്രദേശത്തുവരുത്തുകൊണ്ടാണ് മയാമി യൂണിറ്റും കൂടി പ്രവർത്തിക്കുന്നത്. രണ്ട് യൂണിറ്റുകൾ കൈകോർക്കുന്നതാണ് പ്രധാന വ്യത്യസ്തത. ഹൃദയൈക്യത്തോടെയുള്ള മുന്നൊരുക്കങ്ങൾ കൺവൻഷന് വേറിട്ട ഒരു തലം സമ്മാനിക്കുമെന്ന വിശ്വാസം ഞങ്ങൾക്കുണ്ട്. 48 കമ്മിറ്റികൾ ഇതിനായി പ്രവർത്തിച്ചു തുടങ്ങിക്കഴിഞ്ഞു. ടാമ്പയിൽ നിന്നുള്ള കൺവെൻഷൻ ചെയർ പേഴ്സൺ ജോബി ഊരാളിയിലിന് പുറമേ മയാമിയിൽ നിന്നുള്ള കോ ചെയർ സിബി ചാണശ്ശേരിയും ആറ് കൺവീനർമാരും(മയാമി:3, ടാമ്പാ: 3) മറ്റ് അംഗങ്ങളും എന്നോടൊപ്പം ഇതിനായി കൈമെയ് മറന്ന് സഹകരിക്കുന്നുണ്ട്.150000 ഡോളർ കൊടുത്ത് കിച്ചൺ ബൈ ഔട്ട് ചെയ്തിട്ട് കേരള ഫുഡാണ് അറേഞ്ച് ചെയ്യുന്നത്. ചെലവ് നിയന്ത്രിക്കാൻ സിറ്റ്-ഡൗൺ ഡിന്നറിന് പകരം ഇത്തവണ ബാങ്കറ്റ് ഡിന്നറായി



രിക്കും. കൺവെൻഷൻ കഴിഞ്ഞ് ക്രൂസ് & ബീച്ച് ടൂർ പാക്കേജുകൾ ഒരുക്കുന്നുണ്ട്. മൂന്ന് ദിവസം മുന്നോടിയായും ശേഷവും അതേ ഹോട്ടൽ റേറ്റിൽ ലഭ്യമാകും എന്നതാണ് മറ്റൊരു സവിശേഷത. കൺവെൻഷൻ വിജയകരമാക്കാൻ ഏകദേശം $1.8 മില്ല്യൺ ശേഖരിക്കണം. കഴിഞ്ഞ തവണത്തെ കൺവൻഷന് 160 ഡോളറിന് റൂം ലഭിച്ചിരുന്നു.ഇത്തവണ ബാർഗെയ്ൻ ചെയ്തിട്ട് പോലും 250 ഡോളറായി. ചിക്കാഗോയിൽ നടന്ന കിക്ക്ഓഫിൽ നല്ല സ്പോൺസർഷിപ്പ് ലഭിച്ചു. ഇതേ രീതി തുടർന്നാൽ കൺവൻഷൻ വൻവിജയമായി തീരും. ഫ്ലോറിഡയിൽ മാർച്ച് മാസം നാഷണൽ കൗൺസിൽ മീറ്റിംഗ് നടത്തുന്നുണ്ട്. അതിൽ പങ്കെടുക്കുന്നവർക്ക് കൺവൻഷൻ സെന്ററും താമസിക്കാൻ ഉദ്ദേശിക്കുന്ന ഹോട്ടലും നേരിൽ കാണാനാകും.

### *യുവജനങ്ങളുടെയും വനിതകളുടെയും പങ്കാളിത്തം എങ്ങനെയാണ്?*

യുവജനങ്ങളും സ്ത്രീകളും കൂടുതലായി കടന്നുവരുന്നത് പ്രതീക്ഷാവഹമാണ്. കെസിവൈഎൽ, കെവൈഎ, യുവജനവേദി എല്ലാം ആക്റ്റീവാണ്. 'ബാറ്റിൽ ഓഫ് ദി സിറ്റി' പോലുള്ള കലാപരിപാടി ഹൈലൈറ്റ് പ്രോഗ്രാമുകളിൽ ഒന്നാണ്. ദേശീയ സ്റ്റേറ്റ്-ടേക്ക്ഓവർ പ്രോഗ്രാമുകളും കലാപരിപാടികളും സംഘടിപ്പിച്ച് മികവ് തെളിയിച്ച യൂത്തിന്റെ പിന്തുണ ഈ കൺവൻഷന്റെ മാറ്റ് കൂട്ടുമെന്ന കായത്തിൽ സംശയമില്ല. ഈ പ്രാവശ്യം ഓരോ വിഭാഗത്തിനും ഓഡിറ്റോറിയം വേർതിരിച്ച് നൽകുന്നു എന്ന പ്രത്യേകതയുമുണ്ട്. വിമൻസ് ഫോറത്തിന്റെയും പ്രത്യേക പ്രോഗ്രാമുകൾ ഉണ്ടായിരിക്കും. വരുംകാലങ്ങളിൽ സംഘടനയെ മുന്നോട്ട് നയിക്കേണ്ടവർ എന്ന നിലയിൽ യുവജനങ്ങൾക്ക് പ്രത്യേക പരിഗണന നൽകാൻ ഞങ്ങൾ ശ്രമിക്കുന്നുണ്ട്.

### *ക്നാനായ സമുദായത്തിന്റെ ഐഡന്റിറ്റിയും അതിന്റെ നിലനിൽപ്പും സംബന്ധിച്ച ആശങ്കകളെ എങ്ങനെ കാണുന്നുവോ?*

ക്നാനായ സമുദായം ജന്മവും കർമ്മവും മുൻനിർത്തിയാണ് രൂപപ്പെട്ടത്.

അതിനാൽ, കുട്ടികൾക്ക് ചെറുപ്പത്തിൽ തന്നെ സമുദായത്തെകുറിച്ചുള്ള എജുക്കേഷൻ അത്യാവശ്യമാണ്. കെസിവൈഎൽ, യുവജനവേദി എന്നിവ മുഖാന്തിരം ക്ലാസുകളും അവബോധ പരിപാടികളും നടത്തുന്നു.അമേരിക്കയിലെ ജീവിതക്രമം വ്യത്യസ്തമാകുമ്പോഴും 80% പേർ സമുദായ ഐക്യം നിലനിർത്തുന്നു. 20% പേർ ജോലി, കുടുംബം തുടങ്ങിയ കാരണങ്ങളാൽ മാറുന്നുണ്ടെങ്കിലും സംഘടന അവരെ ബോധവത്കരിക്കുന്നു. വിവാഹം ഉൾപ്പടെ വിശേഷാവസരങ്ങളിൽ പ്രത്യേക ആചാരാനുഷ്ഠാനങ്ങൾ കർശനമായി പാലിക്കുന്നവരാണ് ക്നാനായക്കാർ. നമ്മുടെ സഭ എന്നുപറയുന്നത് കോട്ടയം രൂപതയാണ്. കോട്ടയം രൂപതയ്ക്ക് കീഴിലെ സംഘടനകളിൽ ഏറ്റവും വലുതാണ് കെസിസിഎൻഎ(ക്നാനായ കാത്തലിക് കോൺഗ്രസ് ഓഫ് നോർത്ത് അമേരിക്ക).

ക്നായി തൊമ്മന്റെ നേതൃത്വത്തിൽ കൊടുങ്ങല്ലൂർ വന്നിറങ്ങിയ 72 കുടുംബങ്ങളിൽ നിന്ന് പിറവികൊണ്ടതാണ് ക്നാനായ സമൂഹം. ക്നാനായ മാതാപിതാക്കൾക്ക് ജനിച്ച മക്കൾക്ക് മാത്രമേ ഇതിൽ നിലനിൽക്കാൻ സാധിക്കുകയുള്ളൂ. അമേരിക്ക പോലൊരു രാജ്യത്ത് ആ പാരമ്പര്യം നിലനിർത്തിക്കൊണ്ടുപോകാനും പ്രോത്സാഹിപ്പിക്കാനും ഇതുപോലൊരു സംഘടന വഹിക്കുന്ന പങ്ക് വലുതാണ്. വേറെ സഭയിൽ നിന്ന് വിവാഹം കഴിക്കുന്നവരെ സിറോ-മലബാറിലേക്ക് അവരുടെ സമ്മതപ്രകാരം തന്നെ മാറ്റും.അതുകൊണ്ടാണ് ജന്മവും



**ക്നായി തൊമ്മന്റെ നേതൃത്വത്തിൽ കൊടുങ്ങല്ലൂര് വന്നിറങ്ങിയ 72 കുടുംബങ്ങളിൽ നിന്ന് പിറവികൊണ്ടതാണ് ക്നാനായ സമൂഹം. ക്നാനായ മാതാപിതാക്കൾക്ക് ജനിച്ച മക്കൾക്ക് മാത്രമേ ഇതിൽ നിലനിൽക്കാൻ സാധിക്കുകയുള്ളൂ. അമേരിക്ക പോലൊരു രാജ്യത്ത് ആ പാരമ്പര്യം നിലനിർത്തിക്കൊണ്ടു പോകാനും പ്രോത്സാഹിപ്പിക്കാനും ഇതു പോലൊരു സംഘടന വഹിക്കുന്ന പങ്ക് വലുതാണ്.**

കർമ്മവും കാത്തുസൂക്ഷിക്കുന്നവർ എന്നുപറയുന്നത്. നമ്മുടെ കെസിസിഎൻഎ വെബ്സൈറ്റിൽ മാട്രിമോണിയൽ പോലുള്ള സംവിധാനങ്ങൾ ഉണ്ട്. കൂടാതെ നാട്ടിലുള്ള കാര്യങ്ങൾ അറിയുന്നതിന് സഭയുടെ തന്നെ 'അപ്നാ ദേശ്' എന്ന പത്രവുമുണ്ട്. ഇതൊക്കെയും സമുദായവുമായി ആളുകളെ ചേർത്തുനിർത്താൻ സഹായിക്കുന്നുണ്ട്. ഇംഗ്ലണ്ടിലും ഓസ്ട്രേലിയയിലുമെല്ലാം സംഘടനയുടെ വിങ് ഉള്ളതുകൊണ്ട് ഒരു ഗ്ലോബൽ കൺവൻഷൻ കേരളത്തിൽ വച്ച് നടത്തണമെന്ന് ആഗ്രഹമുണ്ട്.

***താങ്കളുടെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങളിൽ ചാരിതാർഥ്യം തോന്നിയ അനുഭവങ്ങൾ?***

രണ്ടുവർഷത്തെ കാലയളവിൽ യുവജന വിഭാഗങ്ങളുടെ ശക്തമായ സാന്നിധ്യം ഉറപ്പിക്കാനായി എന്നത് ചാരിതാർഥ്യം നൽകുന്നു. എല്ലാ സ്റ്റേറ്റുകളിലും സംഘടനയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നുണ്ട്. ഡിസംബറിൽ അറ്റ്ലാന്റയിൽ നടക്കാനിരിക്കുന്ന കെസിവൈഎൻഎൻഎ -യുടെ സമ്മിറ്റും ഏറെ പ്രതീക്ഷയോടെ ഉറ്റുനോക്കുകയാണ്. 2026 ഓഗസ്റ്റിലെ കൺവെൻഷൻ ചരിത്രത്തിലെ ഏറ്റവും ഭംഗിയുള്ളതാക്കാനുള്ള ഒരുക്കങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. കെസിസിഎൻഎ-യിൽ രണ്ടുതവണ ആർവിപി ആയി പ്രവർത്തിച്ചിട്ടുണ്ട്. നാലഞ്ച് തവണ നാഷണൽ കൗൺസിൽ മെമ്പറായി. നോർത്ത് അമേരിക്കയിലെ ഏറ്റവും വലിയ കമ്മ്യൂണിറ്റി സെന്റർ ടാമ്പായിൽ 2010 ലാണ് ഉദ്ഘാടനം ചെയ്തത്, അതിന്റെ ഫിനാൻഷ്യൽ ചെയർമാനായി പ്രവർത്തിച്ചത് ഏറെ അഭിമാനം തോന്നിയ കാര്യമാണ്. സ്പോർട്സ് കോംപ്ലെക്സ് തുറക്കുന്നതിനും സാമ്പത്തികവും മാനസികവുമായ പിന്തുണ നല്കാൻ സാധിച്ചു. ഞാൻ കൺവൻഷൻ ചെയർമാൻ ആയിരിക്കെ നടത്തിയ കൺവൻഷന്റെ ഭക്ഷണത്തെക്കുറിച്ചടക്കം ഇപ്പോഴും ആളുകൾ ഓർത്ത് നല്ല വാക്ക് പറയാറുണ്ട്. അതുകൊണ്ടുതന്നെ, എന്റെ പ്രസിഡൻസിയിലെ കൺവൻഷനും അവർ പ്രതീക്ഷയോടെയാണ് ഉറ്റുനോക്കുന്നത്.കൂട്ടായ്മയിലൂടെയാണ് ഇതെല്ലാം സാധ്യമായത്. ആളുകൾ നമ്മുടെ പ്രവർത്തനങ്ങളെ അംഗീകരിക്കുകയും സ്നേഹിക്കുകയും വിശ്വാസത്തോടെ കൂടുതൽ ഉത്തരവാദിത്തങ്ങൾ ഏൽപ്പിക്കുകയും ചെയ്യുമ്പോൾ അതിലൂടെ ലഭിക്കുന്ന എനർജി വളരെ വലുതാണ്.

***ഫോമായിലെ സജീവപ്രവർത്തകൻ എന്ന നിലയിൽ വീണ്ടും മത്സരരംഗത്തേക്ക് പ്രതീക്ഷിക്കാമോ? ഫോമായിൽ മത്സരിച്ച അനുഭവപാഠങ്ങൾ കെസിസിഎൻഎ -യിൽ ഗുണം ചെയ്തോ?***

പുതിയ ആളുകൾക്ക് വഴിമാറികൊടുക്കാനാണ് തീരുമാനം. ഫോമായ്ക്ക് എല്ലാവിധ പിന്തുണയും നൽകിക്കൊണ്ട് ഒപ്പമുണ്ടാകും. നോർത്ത് അമേരിക്കയിലെ എല്ലാ സ്റ്റേറ്റിലുമുള്ളവർക്ക് എന്നെ പരിചയമായത് ഫോമായിലൂടെയാണ്. ആ ഇലക്ഷൻ ആ അർത്ഥത്തിൽ ഗുണംചെയ്തിട്ടുണ്ട്. തിരഞ്ഞെടുപ്പ് കൂടാതെ തന്നെ കെസിസിഎൻഎ-യുടെ പ്രസിഡന്റ് സ്ഥാനത്ത് എന്നെ പരിഗണിച്ചതിന് അതും ഒരു കാരണമാകാം. നാട്ടിൽ ആയിരുന്ന സമയം മുതൽ ക്നാനായ സംഘടനയിൽ സജീവമാണ്. കെസിസിഎൻഎ-യിൽ കഴിഞ്ഞ 32 വർഷമായി പ്രവർത്തിക്കുന്നുണ്ട്. ഓരോ അനുഭവവും മുന്നോട്ടുള്ള യാത്രയിൽ കരുത്താണ്.

***വായനക്കാരോട് എന്താണ് പറയാനുള്ളത്?***

ഒരു അഭ്യർത്ഥന മാത്രംഎത്രയും പെട്ടെന്ന് രജിസ്റ്റർ ചെയ്യുക, സ്പോൺസർഷിപ്പ് എടുക്കുക. 2026 ലെ കൺവെൻഷനെ ചരിത്രത്തിലെ ഏറ്റവും മികച്ചതാക്കാൻ സഹകരിക്കുക. ഷിക്കാഗോയിലെ കിക്കോഫ് പോലെ തന്നെ അറ്റ്ലാന്റയിലും മയാമിയിലും ഹൂസ്റ്റണിലും സാനോസായിലും ന്യൂയോർക്കിലുമെല്ലാം നിങ്ങളുടെ സപ്പോർട്ട് വേണം. ഫോർട്ട് ലോഡർഡേലിൽ നിങ്ങൾ എല്ലാവരെയും കാണാൻ ഞങ്ങൾ കാത്തിരിക്കുന്നു.



#1 'OTT' Platform
Download FREE
Scan QR Code to
Download App Instantly
Watch
MediaAppUSA
LIVE Television Channels
LIVE Streaming
Video on Demand
News Portals
On your Phones, All Smart TV's and
Any Streaming Devices
www.mediaappusa.com | info@medialogistics.us | 1-917-900-2123



# ആദർശ കുടുംബം



ജോൺ വേറ്റം

ആധുനികലോകത്ത് അനുയോജ്യമായ വിവാഹങ്ങളും ആദർശമുള്ള കുടുംബങ്ങളും കുറയുന്നുവെന്ന് കരുതാൻ കാരണങ്ങളുണ്ട്. വിവാഹം ദമ്പതികളുടെ ബന്ധമാണ്. ഭർത്താവും ഭാര്യയും തമ്മിലുള്ള പ്രതിജ്ഞാ ബദ്ധവും നിയമപരവുമായ പങ്കാളിത്തം, അവരുടെ പരസ്പര സ്നേഹം, വിശ്വാസം, കൂട്ടായ പ്രവർത്തനങ്ങൾ തുടങ്ങിയ സുപ്രധാന സംഗതികളും അതിൽ സംഗമിക്കുന്നുണ്ട്. എന്നാൽ, ദമ്പതികളും, മക്കളും, മാതാപിതാക്കളും പലപ്പോഴും മുത്തശ്ശനും മുത്തശ്ശിയും അടങ്ങുന്ന, ഒരു വലിയ ബന്ധുവലയം കുടുംബത്തിലുണ്ടാകും. വലിയ ഉത്തരവാദിത്തവും, കൂട്ടായ തീരുമാനങ്ങളും കുടുംബത്തിൽ എടുക്കേണ്ടിവരും.

ദമ്പതികൾ തമ്മിൽ ആശയവിനിമയം നടത്താതിരിക്കുക, സത്യസന്ധതയോടെ ഒന്നിച്ച് പ്രവർത്തിക്കാതിരിക്കുക, പരസ്പരം അവിശ്വസിക്കുക, അന്യോന്യം സ്നേഹവും സ്വാതന്ത്ര്യവും കൊടുക്കാതിരിക്കുക, സ്വാർത്ഥതയോടുകൂടിയ പെരുമാറ്റം എന്നിവയും, ദാമ്പത്യജീവിതത്തെ വൈകാരികപ്രശ്നങ്ങളിലേക്കും വിവാഹമോചനത്തിലേക്കും നയിക്കാറുണ്ട്. അഭിപ്രായ വ്യത്യാസങ്ങളും, കുട്ടികളെ ശരിയായി പരിപാലിക്കാത്തതും, സാമ്പത്തിക ബാദ്ധ്യതകൾ അവിഹിതബന്ധം ശാരീരിക പീഡനം മയക്കുമരുന്നുപയോഗം ക്രമംകെട്ട മദ്യപാനം എന്നിവയും, കുടുംബ ജീവിതത്തെ ദോഷമായി ബാധിക്കുന്നു.

പുത്തൻ തലമുറയിൽപ്പെട്ടവരിൽ അധികവും ഇഷ്ടപ്പെടുന്നത്, സ്ത്രീയും പുരുഷനും തമ്മിൽ പരിചയപ്പെട്ടതിനുശേഷം നടത്തുന്ന വിവാഹം അഥവാ ''ഡേറ്റിംഗ് മാര്യേജ്'' ആണ്. ഇതിൻറെ ഗുണദോഷങ്ങൾ മുന്നമേ കാണുന്നവർ ചുരുക്കം. പരസ്പരം പരിചയപ്പെടുമ്പോൾ, ഇരുവരും അവരുടെ സ്വഭാവിക മുഖഭാവങ്ങൾ മറയ്ക്കും. ആകർഷക ഭാവം പ്രകടിപ്പിക്കും. വിവാഹ ശേഷം, യഥാർത്ഥ സ്വഭാവം കാണുമ്പോൾ, വിവാഹ ഇണയിൽ നിരാശയും നോവും ഉണ്ടാകും. പ്രണയത്തിലാകുന്ന സമയത്ത് ഹൃദയത്തിൽ ഉരുവാകുന്ന അനുരാഗത്തിൻറെ മധുര്യം, ക്രമേണ കുറയും. വിവാഹശേഷം; നേരിടേണ്ട കുടുംബരക്ഷ, സന്താനങ്ങൾ, സാമ്പത്തിക ക്ലേശം എന്നിവയും ദമ്പതികൾക്ക് ദുഖഭാരമാകാം. വിവാഹത്തിനു മുമ്പ്, ഓരോരുത്തരുടെയും കുടുംബം സാഹചര്യം ജീവിതശൈലി മതം സംസ്കാരം എന്നിവയെക്കുറിച്ചു നന്നേ പഠിക്കാറില്ല. പിന്നീട്, ഇതും പ്രശ്നഹേതുവായി ഭവിക്കുന്നുണ്ട്. അതിനാൽ, ഈ ബന്ധം

വേണ്ടായിരുന്നുവെന്ന് തോന്നും. ഡേറ്റിംഗിൽ ഉണ്ടായ പൂർവ്വ ബന്ധങ്ങളും, വിവിധങ്ങളായ വഴികളിലൂടെ വരുന്ന വേദനകളും മനസ്സിൻറെ സമനില തെറ്റിക്കും. കലഹത്തിനും കയ്യേറ്റത്തിനും അതും കാരണമായേക്കാം.

ചില പുർഷന്മാരുടെ പരിചയപ്പെടലുകൾ, വികാരശമനത്തിനുമാത്രമാകും. ഇങ്ങനെ, വഞ്ചിക്കുന്നവർ കുറച്ചല്ല. സുരക്ഷാപ്രതിസന്ധികളും പുറകാലെ ഉണ്ടാകുന്നു. ഡേറ്റിംഗ് സമയത്തുണ്ടാകുന്ന ഊഷ്മളമായ ആവേശം ക്രമേണ തണുത്ത് ഇല്ലാതാകും. അതുകൊണ്ട്, ഇത്തരം വിവാഹം ഇഷ്ടപ്പെടുന്നവർ, അവരവർക്ക് വേണ്ടുന്നത് എന്തെന്ന് മുന്നമേ നിശ്ചയിക്കണം. സ്വയം അറിയണം. ഇരുവരും സുരക്ഷിതരാവണം. പരസ്പരം മനസ്സിലാക്കാൻ ഏറെ സമയം എടുക്കണം.

പാകപ്പിഴകളും പാർശ്വഫലങ്ങളും ഉണ്ടാകുമെങ്കിലും, നിഷ്ക്കളങ്കമായ സ്നേഹവും പരസ്പര വിശ്വാസവും സുരക്ഷയും സ്വാതന്ത്ര്യവും ഉറപ്പിച്ച്, കുടുംബങ്ങളുടെ പിന്തുണയോടെ നടത്തുന്ന ഡേറ്റിംഗ് മാര്യേജ്, സന്തുഷ്ട ജീവിതം നയിക്കാൻ നന്നേ സഹായിക്കുന്നുമുണ്ട്.

ഇക്കാലത്ത്, സങ്കരവിവാഹവും വർദ്ധിച്ചിട്ടുണ്ട്. ഇത്, വ്യത്യസ്ത ജാതികൾ, മതം, ആചാരം, ദേശം, ഭാഷ, സംസ്കാരം എന്നിവ പരിഗണിക്കാതെ നടത്തുന്ന വിവാഹമാണ്. ഭിന്ന സംസ്കാരങ്ങളും മൂല്യങ്ങളും പഠിക്കാനും, തുറന്ന മനസ്സോടെ ബന്ധങ്ങൾ സ്ഥാപിക്കാനും, പരസ്പരം ബഹുമാനിക്കാനും, പാരമ്പര്യങ്ങൾ പങ്കിടാനും, കുടുംബവലയം വികസിപ്പിക്കാനും ഇത്തരം വിവാഹത്തിലൂടെ സാധിക്കുന്നു. അഭേദ്യമായ അനുരാഗവും, അനുകൂല സാഹചര്യവുമാണ് മുഖ്യകാരണങ്ങൾ. സ്വന്തം മതവിശ്വാസത്തെയും, ആചാരങ്ങളെയും മറികടക്കാൻ ഈ ബന്ധം നിർബന്ധിക്കും. സാംസ്കാരിക വ്യത്യാസം, കുട്ടികളുടെ ഭാവി, ഓരോരുത്തരുടെയും പ്രതീക്ഷകൾ എന്നിവ, തർക്കങ്ങളും ഭിന്നതകളും ഉണ്ടാക്കാം. എന്നാലും, തുറന്ന മനസ്സോടുകൂടിയ ആശയവിനിമയം നടത്തിയും, അന്യോന്യം മനസ്സിലാക്കി ബഹുമാനിക്കുകയും, ചെയ്തുകൊണ്ട്, അനുയോജ്യവും സംതൃപ്തവുമായ ദാമ്പത്യബന്ധം സ്ഥാപിക്കാവുന്നതാണ്.

ക്രൈസ്തവ വിശ്വാസപ്രകാരം മിശ്രവിവാഹമെന്നത്, ക്രൈസ്തവരും അക്രൈസ്തവരും തമ്മിൽ നടത്തുന്ന വിവാഹമാണ്. ക്രിസ്തുസഭകളിലുള്ള വിശ്വാസികൾ തമ്മിലുള്ള വിവാഹത്തിനു, വേറിട്ട ചട്ടങ്ങളും ചടങ്ങുകളും ഉണ്ട്. ദൈവവിരോധികളുമായുള്ള വിവാഹം ക്രിസ്തുമതം അനുവദിക്കില്ല. എങ്കിലും, വംശീയ വിവാഹം ബൈബിൾ അനുവദിച്ചിട്ടുണ്ട്. എങ്ങനെ? ''ഒരു സഹോദരന് അവിശ്വാസിയായ ഭാര്യ ഉണ്ടായിരിക്കുകയും അവൾ അവനോടുകൂടെ പാർക്കുവാൻ സമ്മതിക്കുകയും ചെയ്താൽ അവളെ ഉപേക്ഷിക്കരുത്. ഒരു സ്ത്രീക്ക് അവിശ്വാസിയായ ഭർത്താവുണ്ടായിരിക്കുക യും അവൻ അവളോടുകൂടെ പാർക്കുവാൻ സമ്മതിക്കുകയും ചെയ്യുന്നുവെ ങ്കിൽ അവൾ ഭർത്താവിനെ ഉപേക്ഷിക്കരുത് (ബൈബിൾ 1. കൊരിന്ത്യർ 7: 12-13).' ഒരു ക്രൈസ്തവൻ സ്നേഹബന്ധത്താൽ, മറ്റൊരു മതത്തിലുള്ള സ്ത്രീയെ തൻറെ ജീവിതത്തിലേക്കു സ്വീകരിക്കുമ്പോൾ, വിശ്വാസപരിവർത്തനത്തിനു നിർബന്ധിക്കേണ്ടതില്ല. പക്ഷേ, അവനുണ്ടാകുന്ന കുട്ടികളെ വളർത്തുന്നത് ഏത് വിശ്വാസത്തിലായിരിക്കണം, കുടുംബത്തിൻറെ ആരാധനകളും ആഘോഷങ്ങളും ആചാരങ്ങളും എങ്ങനെ ആയിരിക്കണം എന്നിവയിൽ, വ്യക്തതയുള്ള ബന്ധം എന്ന നിലയിലാണ് അവർ വിവാഹം നടത്തുന്നത്.



നിരീശ്വരവാദികളുടെ വിവാഹങ്ങളെ വീക്ഷിക്കുമ്പോൾ, കുടുംബം സ്ഥാപിക്കാനും കൂട്ടായി ജീവിക്കാനും സ്നേഹം പങ്കിടാനും, ഈശ്വര വിശ്വാസം ന



**പങ്കാളിയുടെ അവിഹിതബന്ധം, ആശയവിനിമയത്തിൻറെ അഭാവം, അന്യോന്യം ബഹുമാനിക്കാത്ത നിലപാട്, മാനസികവും ശാരീരികവുമായ പ്രശ്നങ്ങൾ, ലൈംഗിക വൈകല്യം, സാമ്പത്തിക ഞെരുക്കം എന്നിവയാണ് മറ്റ് കാരണങ്ങൾ. വിവാഹമോചനം ആവശ്യപ്പെടുന്നവരിൽ അധികവും സ്ത്രീകളാണ്.**

ിർബന്ധമല്ലെന്ന് തോന്നാം. വിവാഹത്തിൻറെ ഗുണനിലവാരം ദൈവവിശ്വാസത്തിൽ മാത്രമല്ല; ഉത്തരവാദിത്തം, സ്നേഹം, ബഹുമാനം, വിശ്വാസം, സത്യസന്ധത, സഹകരണം എന്നീ അടിസ്ഥാന സംഗതികളിലാണ് നിലനില്ക്കുന്നതെന്നും സൂചിപ്പിക്കുന്നു. എങ്കിലും, വിവാഹമെന്നത് ദൈവം സ്ഥാപിച്ചൊരു നിയമബന്ധമാണെന്നും, വിശുദ്ധമാണെന്നും, അതിനു ആത്മീയ തീക്ഷ്ണത അനിവാര്യമാണെന്നും നിരീശ്വരവാദികൾ കരുതുന്നില്ല.

മുമ്പ് വിവാഹിതരായവർക്കും, മക്കൾ ഉള്ളവരുമായ ദമ്പതികൾക്കും നല്ല കുടുംബജീവിതം നയിക്കുവാൻ കഴിയും. ഇതിന്, പരസ്പരചേർച്ചയും പൂർണ്ണമായ സഹകരണവും സുപ്രധാനമാണ്. കുഞ്ഞുങ്ങളുണ്ടെങ്കിൽ, അവരുടെ ക്ഷേമത്തിനുവേണ്ടി ഒത്തൊരുമിച്ചു പ്രവർത്തിക്കാൻ കഴിയണം. രണ്ടാം വിവാഹത്തിലും വെല്ലുവിളികൾ ഉണ്ടാകും. മുൻ വിവാഹത്തി ലുണ്ടായ കുട്ടികൾ ഇതിനു കാരണമായേക്കാം. ദമ്പതികളുടെ മുൻകാല പങ്കാളികളുമായിട്ടുള്ള ബന്ധം, സാമ്പത്തികവരുമാനത്തിൻറെ ഏറ്റക്കുറച്ചിൽ, ഇവരെപ്പറ്റി മറ്റുള്ളവർക്ക് ഉണ്ടാകുന്ന അഭിപ്രായങ്ങൾ, ഭാര്യയുടെയും ഭർത്താവിൻറെയും സ്വകാര്യ താൽപര്യങ്ങൾ എന്നിവയും, വീണ്ടും വിവാഹം ചെയ്യുന്നവരെ ബാധിക്കും. കുടുംബകാര്യങ്ങളിൽ ഒരുമയോടും ധാരണയോടും കൂടി പ്രവർത്തിക്കുക, സമാധാനം സ്ഥാപിക്കുക, പരസ്പര വിശ്വാസം നിലനിർത്തുക, സന്തുഷ്ടമായ ആശയവിനിമയം നടത്തുക എന്നിവയിലൂടെ, രണ്ടാം വിവാഹവും വിജയിപ്പിക്കാൻ സാധിക്കും.

അഭിപ്രായഭിന്നതയും, അരുന്തുദമായ അനുഭവങ്ങളും കുടുംബത്തിൽ തുടരെ ഉണ്ടാകുമ്പോൾ, അതിനൊരു പരിഹാരമായി വിവാഹമോചനം വാങ്ങുന്നവർ വർദ്ധിച്ചിട്ടുണ്ട്. പങ്കാളിയുടെ അവിഹിതബന്ധം, ആശയവിനിമയത്തിൻറെ അഭാവം, അന്യോന്യം ബഹുമാനിക്കാത്ത നിലപാട്, മാനസികവും ശാരീരികവുമായ പ്രശ്നങ്ങൾ, ലൈംഗിക വൈകല്യം, സാമ്പത്തിക ഞെരുക്കം എന്നിവയാണ് മറ്റ് കാരണങ്ങൾ. വിവാഹമോചനം ആവശ്യപ്പെടുന്നവരിൽ അധികവും സ്ത്രീകളാണ്. ഇവർ സാമ്പത്തിക ശേഷി ഉള്ളവരോ, സ്വാതന്ത്ര്യം ആവശ്യപ്പെടുന്നവരോ, പ്രാരാബ്ധങ്ങളെ ഇഷ്ടപ്പെടാത്തവരോ ആയിരിക്കും. സ്ത്രീകൾ വിവാഹജീവിതത്തിൽ നിന്നും കൂടുതൽ പ്രതീക്ഷിക്കുന്നവരും, വ്യക്തിപരമായ വികാരങ്ങൾക്കും, ആവശ്യങ്ങൾക്കും, ആസ്വാദനത്തിനും പ്രാധാന്യം നൽകുന്നവരുമാണ്. കഷ്ടാനുഭവങ്ങളും, ദിവസേനയുള്ള സമ്മർദ്ദവും, നിരാശയും, ഭാര്യയുടെ അവഗണയും പുരുഷന്മാരെയും വിവാഹമോചനത്തിനു നിർബന്ധിക്കുന്നുണ്ട്. ക്രമംകെട്ട മദ്യപാനം, ദാരിദ്ര്യം, ചതി, പീഡനം, വഞ്ചന എന്നിവയാണ്, ഇരു കൂട്ടരേയും ബാധിക്കുന്ന, അനന്തര കാരണങ്ങൾ.

ഭാര്യയും ഭർത്താവും തമ്മിലുള്ള, സത്യസന്ധവും സ്വസ്ഥവുമായ ഭാഷണം വിവാഹമോചനത്തെ ഒഴിവാക്കാൻ സഹായിക്കും. ദിവസവും കണ്ടു സംസാരിക്കാൻ സമയം ഉണ്ടാക്കണം. വെറുപ്പുളവാക്കുന്ന വിധത്തിൽ അന്യോന്യം കുറ്റപ്പെടുത്തുകയും വേദനിപ്പിക്കുകയും ചെയ്യരുത്. പിന്നയോ സാന്ത്വനവാക്കുകളാൽ ആശ്വസിപ്പിക്കണം. പങ്കാളിയുടെ ഓരോ അഭിലാഷവും ചോദിച്ചറിയണം. പുതിയ ജീവിതം കെട്ടിപ്പൊക്കാൻ ഊർജ്ജം ഉണ്ടാക്കണം. കുടുംബ സുരക്ഷക്കെതിരേ ഉണ്ടാകാവുന്ന, ഏതൊരു താൽപര്യത്തെയും നിയന്ത്രിക്കണം. ആരോഗ്യകരമായ ഭാര്യാഭർത്തൃബന്ധത്തിൻറെ അടിത്തറ ഹൃദ്യമായ ആശയവിനിമയമാണെന്ന് വിശ്വസിക്കണം.

സമാധാനവും സന്തോഷവും സംതൃപ്തിയും മാന്യതയുമുള്ള കുടുംബങ്ങളിൽ, ''രാഷ്ട്രീയം'' കലഹം സൃഷ്ടിക്കാറുണ്ട്. കുടുംബത്തിലുള്ളവരുടെ രാഷ്ട്രീയ ഭിന്നത, തർക്കങ്ങളും വിയോജിപ്പും ഉണ്ടാക്കും. കുടുംബ

കാര്യങ്ങളിൽ ശ്രദ്ധിക്കാതെയും, കുടുംബാംഗങ്ങളെ അവഗണിച്ചും, കുടുംബ സ്വത്ത് ഉപയോഗിച്ചും രാഷ്ട്രീയ പ്രവർത്തനം നടത്തുന്നവരുണ്ട്. രാഷ്ട്രീയമായ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുന്നവർ, അധികസമയവും വീട്ടിൽനിന്ന് അകന്നു ജീവിക്കുന്നു. രാഷ്ട്രീയ കക്ഷികൾ തമ്മിലുള്ള ഭിന്നതയും ശത്രുതയും, കുടുംബത്തിലുള്ളവരെയും ബാധിക്കും. ഭർത്താവും മക്കളുമൊത്ത്, കുടുതൽ സമയം ചിലവഴിക്കാൻ ഇഷ്ടപ്പെടുന്നവരാണ് കുടുംബിനികൾ. അതുകൊണ്ട്, രഷ്ട്രീയരംഗത്ത് പ്രവർത്തിക്കുന്നവർ കുടുംബജീവിതത്തിൻറെ ഐക്യം എപ്പോഴും നിലനിർത്താൻ ശ്രദ്ധിക്കേണ്ടതാണ്.

സ്വാതന്ത്ര്യത്തിനെതിരായും സ്വാർത്ഥലക്ഷ്യത്തോടുകൂടിയും നടത്തുന്ന ആചാര വിവാഹത്തെ ഇഷ്ടപ്പെടാത്തവർ പുത്തൻതലമുറയിലുണ്ട്. അവരുടെ ആധുനിക ജീവിതശൈലിയെ വിലയിരുത്തുന്നതിനു മുമ്പ്, അറിയേണ്ട ചില കാര്യങ്ങളുണ്ട്. മാറ്റങ്ങളിലൂടെ മുന്നേറുന്ന മനുഷ്യജീവിതത്തെ നവീകരിക്കുന്ന നൂതന സിദ്ധാന്തങ്ങൾ, യുവജനങ്ങളിൽ ഒരു വിഭാഗത്തെ അവിവാഹിതരായി ജീവിക്കാൻ പ്രേരിപ്പിക്കുന്നു. ഉത്തരവാദിത്വം, ജീവിതലക്ഷ്യം, വിഫലമായ പ്രണയബന്ധം, സ്വതന്ത്ര്യത്തോടെ ജീവിക്കനുള്ള താൽപര്യം എന്നിവയാണ് അ വിവാഹിതയാത്രക്ക്, പിന്തുണ നൽകുന്നത്. പുരുഷൻറെയും സ്ത്രിയുടെയും ആഗ്രഹങ്ങളും ആവശ്യങ്ങളും ഉദ്ദേശങ്ങളും വിരുദ്ധമാകയാൽ, അവർ തിരഞ്ഞെടുക്കുന്ന സ്വകാര്യ ജീവിതത്തെ തെറ്റായി കാണാമോ?

പുരാതനകാലത്ത് വിവാഹം നിർബന്ധവും ആചാരപരവുമായിരുന്നുവെന്ന് ചരിത്രം പറയുന്നു. ഇപ്പോഴും, വിവാഹം ആചാരമനുസരിച്ചും, ഏറെ വിശുദ്ധമായിട്ടും നടത്തണമെന്നുതന്നെ ആചാരവാദികൾ ശഠിക്കുന്നു. അതിനെ പുതുതലമുറ എതിർക്കുന്നു. അതുകൊണ്ട് രജിസ്റ്റർ വിവാഹം വർദ്ധിച്ചു. രജിസ്റ്റർ വിവാഹമെന്നത് സർക്കാർ നിയമാനുസൃതമായി ദമ്പതികളുടെ വിവാഹം രേഖപ്പെടുത്തുന്ന പ്രക്രിയയാണ്. വിവാഹം സംബന്ധിച്ച എല്ലാ അവകാശങ്ങളും ആനുകൂല്യങ്ങളും നിയമം ഉറപ്പാക്കുന്നു. ദമ്പതികളുടെ ബന്ധത്തെ നിയമപരമായി സംരക്ഷിക്കുകയും, ഭാവി സുരക്ഷിതമാക്കുകയും ചെയ്യുന്നു. ശക്തമായ ''നിയമാധാരമാണ് രജിസ്റ്റർ മാര്യേജ്.'' ഇത് സാമ്പത്തിക ചിലവ് ഒഴിവാക്കുന്നതിനു സഹായിക്കും. റജിസ്റ്റർ വിവാഹത്തിനു ശേഷം, ആവശ്യമെങ്കിൽ, മതപരമായ ചടങ്ങുകളും നടത്താം. വിവാഹ രജിസ്ട്രേഷൻ എന്നത് ഒരു ഔദ്യോഗിക പൊതു രേഖയായി നിലനിൽക്കും.

കുടുംബ ജീവിതത്തെ തകർക്കുന്നത്, തീർച്ചയായും വിശ്വാസമില്ലായ്മയാണ്. കുടുംബ ജീവിതത്തിൽ, മാതാപിതാക്കളും മക്കളും തമ്മിലുള്ള വിശ്വാസം ദുർബലമാകുമ്പോൾ, അവിടെ ഭിന്നതയുണ്ടാകും. വെറുപ്പുള്ള വാക്കും, സംശയം വേദനിപ്പിക്കും. അതോടെ, ആശയവിനിമയം നിലയ്ക്കും. മനസ്സുകൾ തമ്മിൽ അകന്നുപോകും. കള്ളം പറയുക, കുടുംബകാര്യങ്ങൾ രഹസ്യമായി സുക്ഷിക്കാതെ കുടുംബാംഗങ്ങളെ അവഗണിച്ചു മറ്റുള്ളവരെ പരിഗണിക്കുക, പ്രതിസന്ധികളിൽ അന്യോന്യം സഹായിക്കാതിരിക്കുക, വഞ്ചിക്കുക, വാക്ക് പാലിക്കാതിരിക്കുക എന്നിവ സംഘർഷം സൃഷ്ടിക്കും. അത് വിദ്വേഷത്തിനും വേർപാടിനും, പ്രതികാരത്തിനുപോലും ഹേതുവാകും. കുടുംബത്തിലെ എല്ലാ അംഗങ്ങളും ആശയവിനിമയം നടത്തുക, യഥാർത്ഥ സ്നേഹവും സഹനവും പരിഗണനയും പങ്കുവയ്ക്കുക, തെറ്റുകളെ തിരുത്താനുള്ള സന്മനസ്സ് കാട്ടുക, എല്ലാ പ്രയാസങ്ങളെയും ഒരുമിച്ച് പരിഹരിക്കാൻ തയ്യാറാവുക എന്നിവ, കുടുംബ സമാധാനവും സഹകരണവും ശക്തമാക്കും. പരസ്പര വിശ്വാസം ഇല്ലാത്ത കുടുംബം നിലനിൽക്കില്ല.

ഒരു ആദർശ കുടുംബ ജീവിതം അർത്ഥമാക്കുന്നത്, പ്രശ്നങ്ങൾ ഇല്ലാത്ത സന്തുഷ്ട ജീവിതം എന്നല്ല. പിന്നയോ, പുരുഷൻറെയും സ്ത്രീയുടെയും മനസ്സുകൾ ചേർന്നുള്ള, ആദരവും ഉത്തരവാദിത്തവുമുള്ള, പൂർണ്ണമായ സ്നേഹത്തോടുകൂടി നയിക്കപ്പെടുന്ന ജീവിതമാണ്. മാതൃകാപരമായ കുടുംബ ജീവിതത്തിൽ, സ്നേഹം ഒരു വികാരം മാത്രമല്ല, നിശ്ചയം കൂടിയാണ്. അന്യോന്യം കരുതി പരിപാലിക്കുന്ന, ആകർഷകമായ സഹകരണമാണ് സുഖവും സമാധാനവും നൽകുന്നത്. ജീവിതത്തിലും മനസ്സിലും രഹസ്യം മറച്ചുവച്ച് വഞ്ചിക്കാതെ, തെറ്റുകളെ സ്വയം തിരുത്തുകയും പൂർണ്ണമായി സ്നേഹിക്കുകയും ചെയ്യുന്നതോടെ, നിർഭയ ജീവിതത്തിൻറെ ശക്തിയും ശുദ്ധിയും വർദ്ധിക്കും. ആവശ്യങ്ങളും ഉദ്ദേശ്യങ്ങളും പ്രശ്നങ്ങളും ഉണ്ടാകുമ്പോൾ, അവയെ അടച്ചുവ്യ്ക്കാതെ, പൂർണ്ണമനസ്സോടെ തമ്മിൽ സംസാരിക്കണം. ജീവിതലക്ഷ്യം, ദൈവവിശ്വാസം, കുടുംബ മൂല്യങ്ങൾ എന്നിവയിൽ പൊതുബോധം ഉണ്ടെങ്കിൽ, കുടുംബ ജീവിതം കൂടുതൽ കൃതാർത്ഥമാകും! ഏല്ലാ ആദർശ കുടുംബങ്ങളിലും, നിലനിൽക്കുന്ന സമാധാനത്തിനും സ്നേഹത്തിനുമുപരി, ഐശ്വര്യം ഉണ്ടായിരിക്കും!



# യേ ദോസ്തി

**സുനിൽ വല്ലാത്തറ**
**ഫ്ലോറിഡാ**

ഇന്ത്യൻ സിനിമയിലെ ഇതിഹാസ താരങ്ങൾ ആയ ധർമേന്ദ്രയും അമിതാബച്ചനും തൊള്ളായിരത്തി അറുപതുകളിൽ സിനിമയിൽ എത്തിയത് മുതൽ പരിചയക്കാരും ചെറിയ സുഹൃത്തുക്കളും ആയിരുന്നു എങ്കിലും എഴുപത്തി അഞ്ചിൽ ഹിന്ദി സിനിമയിലെ ഹിറ്റ് മേക്കർ രമേശ് സിപ്പി സംവിധാനം ചെയ്തു ഇന്ത്യ ഉപ ഭൂകണ്ഡം കഴിഞ്ഞു ഇന്റർനാഷണൽ സൂപ്പർ ഹിറ്റായ ഷോലെയിൽ തുല്യ പ്രാധാന്യം ഉള്ള നായക വേഷത്തിൽ അഭിനയിച്ചതോടു കൂടി ഇരുവരും വേർപിരിയാൻ പറ്റാത്ത കൂട്ടുകാർ ആയി മാറി.

വീരു എന്നും ജയ് എന്നും പേരുള്ള രണ്ടു കഥാപാത്രങ്ങൾ ആയി ഈ സിനിമയിൽ അഭിനയിച്ച ഇരുവരും ഈ ചിത്രം റീലീസ് ആയ എഴുപത്തി അഞ്ചിനു മുൻപ് ഏതാണ്ട് രണ്ടര വർഷം കർണാടകയിലെ ഒരു വനപ്രദേശത്തു മലനിരകളിൽ ഷൂട്ടിംഗ് നടക്കുമ്പോൾ ഫൈവ് സ്റ്റാർ ഹോട്ടലുകളും റിസോർട്ടുകളും എപ്പോഴും അവൈലബിൾ അല്ലായിരുന്ന ആ സ്ഥലത്തു ടെൻറ്റുകളിൽ താമസിച്ചാണ് പിന്നീട് മുന്നൂറ്റി അമ്പതോളം മില്യൺ കളക്ട് ചെയ്ത ഈ സിനിമയിൽ അഭിനയിച്ചത്

തൊള്ളായിരത്തി എഴുപത്തി അഞ്ചു ഓഗസ്റ്റ് പതിനഞ്ചിനു റീലീസ് ആയ ഷോലെ അന്ന് ഇന്ത്യയിലെ മുഴുവൻ സിറ്റികളിലെയും എ ക്ലാസ് തീയേറ്ററുകളിൽ റീലീസ് ചെയ്തത് കൂടാതെ പാകിസ്ഥാനിലും ബംഗ്ലാദേശിലും അഫ്ഗാനിസ്ഥാനിലും ഹൗസ് ഫുൾ ആയി മാസങ്ങളോളം ഓടി.



മുംബയിലെ മിനർവ തിയേറ്ററിൽ ഷോലെ ഹൗസ് ഫുൾ ആയി ഓടിയത് അഞ്ചു വർഷമാണ്. ഏഷ്യൻ ഭൂകണ്ഡം കഴിഞ്ഞു ലണ്ടനിലും യൂറോപ്പിലെ മറ്റു ചില വലിയ സിറ്റികളിലും ഈ ചിത്രം കാണുവാൻ വിദേശിയർ കൂടി ക്യൂ നിന്നതോടെ ധർമേന്ദ്രയുടെയും ബച്ചൻന്റെയും പ്രശസ്തി രാജ്യന്തിരമായി ഉയർന്നു

ഷോലെയിലെ യേ ദോസ്തി ഹി എന്ന് തുടങ്ങുന്ന ഗാനത്തിൽ മത്സരിച്ചു അഭിനയിച്ച ഇരുവരുടെയും പ്രതിഭ തെളിയിച്ചതിന്റെ തെളിവ് ആയിരുന്നു ഇപ്പോഴും യൂട്യൂബിൽ എഴുപതു കോടിയിൽ അധികം ആരാധകർ കണ്ടുകഴിഞ്ഞ ഈ ഗാനം ഇന്ത്യൻ സിനിമയിലെ എക്കാലത്തെയും മാദക സുന്ദരി ഹേമമാലിനി ആയിരുന്നു ഷോലെയിലെ നായിക.

ഷോലെ വൻ വിജയം നേടിയതിനു ശേഷം ഷോലെയിൽ മത്സരിച്ചു അഭിനയിച്ച ധർമേന്ദ്രയും ബച്ഛനും ഹേമമാലിനിയെ സ്വന്തം ആക്കുവാനും മത്സരം ആയിരുന്നു

അക്കാലത്തു ധർമേന്ദ്രയുടെയും ബച്ചന്റെയും മറ്റു നായികമാർ ആയിരുന്ന പ്രവീൻ ബേബിയും സിനത്തു അമനും രാഖിയും സെക്സ് ബോംബ് രേഖയും ഇവരുടെ രണ്ടു പേരുടെയും പിന്നാലെ ശൃംഗാരിച്ചു നടന്നെങ്കിലും ധർമെന്ദ്രയും ബച്ഛനും മത്സരിച്ചത് ഹേമമാലിനിയെ സ്വന്തം ആക്കുവാൻ ആയിരുന്നു.



**ധർമേന്ദ്രയുടെയും ബച്ചന്റെയും മറ്റു നായികമാർ ആയിരുന്ന പ്രവീൻ ബേബിയും സിനത്തു അമനും രാഖിയും സെക്സ് ബോംബ് രേഖയും ഇവരുടെ രണ്ടു പേരുടെയും പിന്നാലെ ശൃംഗാരിച്ചു നടന്നെങ്കിലും ധർമെന്ദ്രയും ബച്ഛനും മത്സരിച്ചത് ഹേമമാലിനിയെ സ്വന്തം ആക്കുവാൻ ആയിരുന്നു**

ഒടുവിൽ ഹേമമാലിനിക്കു ഇഷ്ടപ്പെട്ടത് ബച്ചന്റെ ഉയരത്തേക്കാൾ ധർമേന്ദ്രയുടെ ഉണ്ട കണ്ണുകളും ഗംഭീര്യം ഉള്ള സ്വരവും ആയിരുന്നു

ധർമേന്ദ്ര ഹേമമാലിനിയെ വിവാഹം കഴിച്ച ശേഷം ഷോലെയിലെ മറ്റൊരു നായിക ജയഭാധുരിയെ വിവാഹം കഴിച്ച ബച്ചൻ ധർമെന്ദ്രയുമായുള്ള ആഴമേറിയ സൗഹൃദം നിലനിർത്തുവാൻ മുംബയിൽ ജൂഹുവിൽ ധർമെന്ദ്രയുടെ വീടിനു തൊട്ടടുത്താണ് തന്റെ ആഡംബര വസതി പണികഴിപ്പിച്ചത്

ഷോലെ റീലീസ് ആയതിന്റെ അൻപതം വർഷം അതിന്റെ ആഘോഷങ്ങൾ നടക്കുന്നതിനിടയിൽ കഴിഞ്ഞ ദിവസം എൺപത്തി ഒൻപതാമത്തെ വയസ്സിൽ ധർമേന്ദ്ര ഈ ലോകത്തോട് വിടവാങ്ങിയപ്പോൾ ബച്ചൻ തന്റെ സോഷ്യൽ മീഡിയ അക്കൗണ്ടിൽ കുറിച്ചത് എന്റെ ജീവിതത്തിലെ വെളിച്ചം നഷ്ടപ്പെട്ടു എന്നാണ്.


TEAM
VOICE OF FOMAA
2026-28
Biju Thonikadavil
For President
Paul P. Jose
For General Secretary
Pradeep Nair
For Treasurer
Samuel Mathai
For Vice President
Dr. Manju Pillai
For Joint Secretary
Johnson Kannookaden
For Joint Treasurer
KINDLY REQUESTING
YOUR SUPPORT AND PRAYERS...

# ഫെഡറേഷൻ ഓഫ് ശ്രീനാരായണ ഓർഗനൈസേഷൻസ് ഓഫ് നോർത്ത് അമേരിക്ക (FSNONA)

## പുതിയ PRO ടീമിനെ പ്രഖ്യാപിച്ചു


Shri. Binoob Sredharan
President


Shri. Suji Vasavan
Secretary


Shri. Rajeev Bhaskaran
Treasurer


Dr. Sudhir Prayaga
Vice-President



Shri. Manjulal Nakulan
Joint Secretary


Smt. Raji Sunil
Joint Treasurer

ഉത്തര അമേരിക്കയിലെ ഫെഡറേഷൻ ഓഫ് ശ്രീനാരായണ ഓർഗനൈസേഷൻസ് ഓഫ് നോർത്ത് അമേരിക്ക (FSNONA) 20252026 കാലയളവിലേക്കുള്ള പബ്ലിക് റിലേഷൻസ് ഓഫീസർമാരെ (PRO) പ്രഖ്യാപിച്ചു. പുതുതായി തെരഞ്ഞെടുത്ത ടീമിൽ ന്യൂയോർക്കിലെ ശ്രീ. ജയചന്ദ്രൻ രാമകൃഷ്ണൻ, ഫിലാഡൽഫിയയിലെ ഡോ. ജയിമോൾ ശ്രീധർ, വാഷിംഗ്ടൺ ഡി.സിയിലെ ഡോ. മധുസൂദന പി. നമ്പ്യാർ എന്നിവർ ഉൾപ്പെടുന്നു.

FSNONAയുടെ നേതൃത്വത്തിന്റെ അഭിപ്രായത്തിൽ, സംരംഭകത്വം, ആരോഗ്യപരിചരണം, ഫെഡറൽ സേവനം, കമ്മ്യൂണിറ്റി സേവനം എന്നിവയിലുള്ള അവരുടെ സംയുക്ത വിദഗ്ധത സംഘടനയുടെ ശബ്ദവും സ്വാധീനവും ശക്തിപ്പെടുത്തും.

**ശ്രീ. ജയചന്ദ്രൻ രാമകൃഷ്ണൻ:** പ്രശസ്ത വ്യവസായിയും കമ്മ്യൂണിറ്റി നേതാവുമായ അദ്ദേഹം FSNONAയുടെ



Shri. Jayachandran Ramakrishnan



Dr. Jaimol Sreedhar



Dr. Madhu Nambiar

സാംസ്കാരികവും സേവനപരവുമായ പ്രവർത്തനങ്ങളിൽ ഏറെ കാലമായി സജീവമാണ്. പ്രാദേശികവും ദേശീയവുമായ മലയാളി സംഘടനകളിൽ നിരവധി നേതൃസ്ഥാനങ്ങൾ വഹിച്ചു. ശ്രീ രാമകൃഷ്ണൻ ഇപ്പോൾ FSNONA ഡയറക്ടർ ബോർഡിലെ അംഗമാണ്. അദ്ദേഹം മുൻപ് ന്യൂയോർക്കിലെ ശ്രീ നാരായണ അസോസിയേഷന്റെ ജനറൽ സെക്രട്ടറി വിവിധ സ്ഥാനങ്ങളിലുമായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. KHNAയുടെയും FSNONAയുടെ വിവിധ കമ്മിറ്റികളിൽ അദ്ദേഹം മുൻകാലങ്ങളിൽ നിരവധി നേതൃസ്ഥാനങ്ങൾ വഹിച്ചു. അദ്ദേഹത്തിന്റെ പ്രതിബദ്ധതയും ദർശനവും FSNONA PRO സ്ഥാനത്തേക്ക് അദ്ദേഹത്തെ ഏറ്റവും അനുയോജ്യനാക്കുന്നു.

**ഡോ. ജയിമോൾ ശ്രീധർ,** PhD, RN, MA, MSN, CRNP: ഇപ്പോൾ ഡ്രെക്സൽ സർവകലാശാലയിലെ കോളേജ് ഓഫ് നഴ്സിംഗ് ആൻഡ് ഹെൽത്ത് പ്രൊഫഷൻസ്-ൽ അസോസിയേറ്റ് ക്ലിനിക്കൽ പ്രൊഫസറായി സേവനം അനുഷ്ഠിക്കുന്നു. കൂടാതെ, അവർ Veteran's Evaluation Servicesൽ നഴ്സ് പ്രാക്ടീഷണറായി പ്രവർത്തിക്കുന്നു. അവർ യൂണിവേഴ്സിറ്റി ഓഫ് കാൻസസിൽ നിന്ന് PhD, Widener Universityയിൽ നിന്ന് നഴ്സ് പ്രാക്ടീഷണർ ഡിഗ്രി, കസ്തൂർബാ മെഡിക്കൽ കോളേജ്, മണിപ്പാലിൽ നിന്ന് മാസ്റ്റേഴ്സ്, കൂടാതെ കോട്ടയം ഗവ. മെഡിക്കൽ കോളേജിൽ നിന്ന് BSN നേടിയിട്ടുണ്ട്.

അക്കാദമിക്, ക്ലിനിക്കൽ രംഗങ്ങളിലുപരി, ഡോ. ശ്രീധർ സമൂഹനേതൃത്വത്തിലും ശക്തമായ പങ്കുവഹിച്ചിട്ടുണ്ട്. അവർ FOMAA ജോയിന്റ് സെക്രട്ടറി, KALAA മലയാളി അസോസിയേഷൻ പ്രസിഡന്റ്, FSNONA വൈസ് പ്രസിഡന്റ്, കൂടാതെ KHNAയും KHPAയും ഉൾപ്പെടെയുള്ള സംഘടനകളിൽ നേതൃസ്ഥാനങ്ങൾ വഹിച്ചു. 2023 – 2027 കാലയളവിൽ അവർ National Indian Nurse Practitioners' Aossciation of America (NINPAA)-യുടെ Education Co-Chair ആയി സേവനം അനുഷ്ഠിക്കുന്നു. ഡോ. ജൈമോൾ ഇപ്പോൾ FSNONA ഡയറക്ടർ ബോർഡിലെ അംഗമാണ്, മുൻ കാലഘട്ടത്തിൽ ട്രസ്റ്റി ബോർഡ് അംഗമായിരുന്നു.

FSNONA PRO ടീമിലേക്ക് അവരുടെ നിയമനം ആരോഗ്യരംഗത്തും വിദ്യാഭ്യാസരംഗത്തും സമൂഹസേവനത്തിലും നൽകിയ സമർപ്പണത്തെ പ്രതിഫലിപ്പിക്കുന്നു. ഉത്തര അമേരിക്കയിലുടനീളം ആശയവിനിമയവും ഔട്ട്റീച്ചും ശക്തിപ്പെടുത്തുന്നതിൽ അവർ നിർണായക പങ്കുവഹിക്കുമെന്ന് FSNONAയുടെ നേതൃത്വം ആത്മവിശ്വാസം പ്രകടിപ്പിച്ചു.

**ഡോ. മധു നമ്പ്യാർ:** യു.എസ്. ഫുഡ് ആൻഡ് ഡ്രഗ് അഡ്മിനിസ്ട്രേഷനിൽ പോളിസി അഡ്വൈസറായി സേവനം അനുഷ്ഠിക്കുന്ന അദ്ദേഹം, മുൻപ് യു.എസ്. മിലിട്ടറിയിൽ ബയോമെഡിക്കൽ സയന്റിസ്റ്റായിരുന്നു. ഡോ. മധു നമ്പ്യാർ സെന്റ് അലോയ്സിയസ് കോളേജ്, മംഗലൂരുവിൽ നിന്ന് ബാച്ചിലർ ഓഫ് സയൻസ് ബിരുദം നേടി.

തുടർന്ന് കാസ്റ്റൂർബ മെഡിക്കൽ കോളേജ്, മണിപ്പാലിൽ നിന്ന് മെഡിക്കൽ ബയോകെമിസ്ട്രിയിൽ മാസ്റ്റേഴ്സ് പൂർത്തിയാക്കി. ആദ്യം ഹ്യൂമൻ അനാറ്റമി വിഭാഗത്തിൽ ലക്ചററായി സേവനം അനുഷ്ഠിച്ചു. മെഡിക്കൽ ബയോകെമിസ്ട്രിയിൽ പി.എച്ച്.ഡി. തിരുവനന്തപുരത്തെ ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജിയിൽ പൂർത്തിയാക്കി. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, ബംഗളൂരുവിൽ ബയോഎഞ്ചിനീയറിംഗ് സെന്റർ സ്ഥാപിക്കുന്നതിൽ പ്രവർത്തിച്ച ആദ്യ ശാസ്ത്രജ്ഞരിൽ ഒരാളായിരുന്നു അദ്ദേഹം.

ഡോ. നമ്പ്യാർ യൂണിഫോംഡ് സർവീസസ് യൂണിവേഴ്സിറ്റി, നാഷണൽ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് എന്നിവിടങ്ങളിൽ ബയോമെഡിക്കൽ സയന്റിസ്റ്റായി പ്രവർത്തിച്ചു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്തിൽ നിന്നുള്ള ആദ്യ ഫെല്ലോസ് അവാർഡ് ഫോർ റിസർച്ച് എക്സലൻസ്, യൂണിഫോംഡ് സർവീസസ് യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ജോൺ മഹർ അവാർഡ് ഫോർ ബെസ്റ്റ് പേപ്പർ ഇൻ മെഡിസിൻ എന്നിവ നേടി. വാൾട്ടർ റീഡ് ആർമി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ചിലും പ്രവർത്തിച്ച അദ്ദേഹം, ഹൈയസ്റ്റ് അമേരിക്കൻ മിലിട്ടറി സയൻസ് ആൻഡ് എഞ്ചിനീയറിംഗ് അവാർഡും പോൾ സിപ്പിൾ മെഡലും കരസ്ഥമാക്കി. 100-ലധികം ഹൈ-ഇംപാക്ട് പിയർ-റിവ്യൂഡ് ഗവേഷണ ലേഖനങ്ങളും റിവ്യൂകളും പുസ്തക അധ്യായങ്ങളും പ്രസിദ്ധീകരിച്ച അദ്ദേഹം, നിരവധി പോസ്റ്റ്ഡോക്ടറൽ ഫെല്ലോകളെയും ഗ്രാജുവേറ്റ്, അണ്ടർഗ്രാജുവേറ്റ്, ഹൈസ്കൂൾ വിദ്യാർത്ഥികളെയും മാർഗനിർദ്ദേശം നൽകി.

സാമൂഹിക രംഗത്തും അദ്ദേഹം സജീവമായിരുന്നു. FOMAA ക്യാപിറ്റൽ റീജിയണൽ വൈസ് പ്രസിഡന്റായും FOMAA നാഷണൽ കമ്മിറ്റിയംഗമായും പ്രവർത്തിച്ച് നിരവധി പരിപാടികൾ ഏകോപിപ്പിച്ചു. FOMAA മെമ്പർ റിലേഷൻസ് കമ്മിറ്റിയുടെ കോർഡിനേറ്ററായും, ക്യാപിറ്റൽ റീജിയണൽ സെക്രട്ടറിയായും സേവനം അനുഷ്ഠിച്ചു. കേരള അസോസിയേഷൻ ഓഫ് ഗ്രേറ്റർ വാഷിംഗ്ടൺ (KAGW) പ്രസിഡന്റായിരുന്ന അദ്ദേഹം നൂറുകണക്കിന് പരിപാടികൾ സംഘടിപ്പിച്ചു. പ്രസിഡന്റാകുന്നതിന് മുമ്പ്, അദ്ദേഹം രണ്ട് വർഷം പ്രസിഡന്റ്-ഇലക്ട്, വൈസ് പ്രസിഡണ്ട്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ഫിനാൻഷ്യൽ ചെയർ, ഫസിലിറ്റീസ് ചെയർ, പയനിയേഴ്സ് കമ്മിറ്റിയംഗം തുടങ്ങി നിരവധി സ്ഥാനങ്ങൾ വഹിച്ചിരുന്നു. നായർ സൊസൈറ്റി ഓഫ് ഗ്രേറ്റർ വാഷിംഗ്ടൺയുടെ മുൻ പ്രസിഡന്റായിരുന്നു അദ്ദേഹം. മലയാള ഭാഷാ പഠനവും സാംസ്കാരിക സംരക്ഷണവും ലക്ഷ്യമാക്കി നിരവധി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രതിബദ്ധതയും സ്ഥിരമായ സേവനവും അദ്ദേഹത്തെ FSNONA PRO സ്ഥാനത്തേക്ക് ഏറ്റവും അനുയോജ്യനാക്കുന്നു

FSNONAയുടെ നേതൃത്വത്തിന്റെ അഭിപ്രായത്തിൽ, പുതിയ PRO ടീം 2025 – 2026 കാലയളവിൽ സംഘടനയുടെ പ്രവർത്തനങ്ങൾക്ക് കേന്ദ്രപങ്ക് വഹിക്കും. ചാപ്റ്ററുകൾക്കിടയിലെ ആശയവിനിമയം ഏകോപിപ്പിക്കുന്നതിലും, ധാർമ്മികവും സാംസ്കാരികവുമായ പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുന്നതിലും, പ്രവാസി സമൂഹങ്ങളെയും മുഖ്യധാരാ സമൂഹത്തെയും ബന്ധിപ്പിക്കുന്നതിലും അവർ നിർണായക പങ്കുവഹിക്കും.

FSNONAയുടെ മൂല്യങ്ങളായ ഐക്യം, സേവനം, ഉൾക്കൊള്ളൽ എന്നിവയെ ഉത്തര അമേരിക്കയിലെ തലമുറകളിലേക്ക് പ്രചോദനമായി എത്തിക്കുന്നതിൽ പുതിയ PRO ടീമിന്റെ നേതൃത്വം നിർണായകമാകുമെന്ന് സംഘടന പ്രസിഡന്റ് ശ്രീ ബിനൂബ് ശ്രീധരൻ, സെക്രട്ടറി സുജി വാസവൻ, വൈസ് പ്രസിഡണ്ട് സുധീർ പ്രയാഗ, ട്രഷറർ രാജീവ് ഭാസ്കർ, ജോയിന്റ് സെക്രട്ടറി മഞ്ജുലാൽ നാകുലൻ, ജോയിന്റ് ട്രഷറർ രാജി സുനിൽ, ട്രസ്റ്റി ബോർഡ് ചെയർമാൻ ഡോ. പുരുഷോത്തമൻ ചന്ദ്രോത്ത്, വൈസ് ചെയർ അനിയൻ കുഞ്ഞു ഭാസ്കരൻ മറ്റു FSNONA ഭാരവാഹികളും സംയുക്തമായി വ്യക്തമാക്കി.


Save $ 894.*
Combine
Home & Auto.
Michael Tharian
Agent
1855 Victory Blvd
Staten Island, NY 10314
Toll Free: 888-644-7222
Save money and time when you combine your home and auto insurance. Just another way I'm her to help life go right. CALL ME TODAY
We Serve These States
NY, NJ, PA, & CT.
We Provide Auto, Home & Life Insurance
StateFarm®
*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company State Farm Indemnity Company,
State Farm Fire and Casualty Company State Farm General Insurance Company
1601489 Bloomington, IL

# നഴ്സ് പ്രാക്ടീഷ്ണേഴ്സ് അസോസിയേഷന്റെ എൻപി വാരാഘോഷം വിജയകരം

ന്യൂയോർക്: ഇന്ത്യൻ നഴ്സ് പ്രാക്ടീഷ്ണേഴ്സ് അസോസിയേഷൻ ഓഫ് അമേരിക്ക (NINPAA) സംഘടിപ്പിച്ച എൻപി വാരാഘോഷം റോക്ക് ലാൻഡ് വാലി കോട്ടേജിലുള്ള മലബാർ പാലസിൽ സൗഹൃദ അന്തരീക്ഷത്തിൽ നടന്നു. 'NPs: Trusted Voices, Proven Care' എന്ന പ്രമേയവുമായി നടന്ന ഈ ആഘോഷം നഴ്സ് പ്രാക്ടീഷ്ണേഴ്സിന്റെ നേതൃത്വശേഷി, സേവനമനോഭാവം, ആരോഗ്യരംഗത്ത് അവർക്കുള്ള സുപ്രധാന സ്ഥാനം എന്നിവ എടുത്തുകാട്ടി .







നവംബർ 15 നു രാവിലെ 11 മണിക്ക് അമേരിക്കൻ ദേശീയ ഗാനം, ഇന്ത്യൻ ദേശീയഗാനം എന്നിവയുടെ ആലാപനത്തോടെ ചടങ്ങുകൾ ആരംഭിച്ചു.

നിൻപാ ചെയർമാൻ ഡോ. ആനി പോൾ, DNP, RN, MSN, PNP, MPH സ്വാഗത പ്രസംഗം നടത്തി. സംഘടനയുടെ വളർച്ചയും നഴ്സ് പ്രാക്ടീഷ്ണേഴ്സ് സമൂഹത്തിനു നൽകുന്ന സേവനവും അവർ ചൂണ്ടിക്കാട്ടി. NINPAA പ്രസിഡന്റ് സാറ അമ്പാട്ട്, MSN, FNP-C, വർഷങ്ങളായി സംഘടന കൈവരിച്ച നേട്ടങ്ങളും ഭാവി പദ്ധതികളും വിശദീകരിച്ചു.

ചടങ്ങിന്റെ മുഖ്യാതിഥിയായി പങ്കെടുത്തത് ഡോ. മേരി മെക്ഡെർമോട്ട് (DNP, RN, FNP-C, Assistant Professor, Director of Graduate Studies in Nursing, Dominican University) ആരോഗ്യരംഗത്തെ വിദ്യാഭ്യാസത്തിന്റെയും NP പ്രൊഫഷനൽ വളർച്ചയുടെയും പ്രാധാന്യം ചൂണ്ടിക്കാട്ടി. പ്രമുഖ അക്കാദമിഷ്യനും ഹെൽത്ത്കെയർ ലീഡറുമായ ഡോ. എലിസബത്ത് സൈമൺ (RN, PhD, ANP-BC, Associate Professor, Lehman









College) നഴ്സ് പ്രാക്ടീഷ്ണേഴ്സിന്റെ സംഭാവനയും ഭാവി ആരോഗ്യ മോഡലുകളിലെ അവരുടെ നിർണായകസ്ഥാനവും അവതരിപ്പിച്ചു .

നിൻപാ ഈ വർഷം ഒരു സ്പെഷ്യൽ അവാർഡ്- National Organ Donation Hero Award, റോക്സാൻ വാട്ട്സണിന് നൽകി. അവരുടെ നിരന്തരം നടത്തുന്ന ബോധവത്കരണ പ്രവർത്തനങ്ങളുടെയും സമർപ്പിത സേവനങ്ങളുടെയും ഫലമായി 14,000-ത്തിലധികം പേർ ഓർഗൻ ഡോണറായി രജിസ്റ്റർ ചെയ്യാൻ പ്രചോദിതരായി അനവധി പേർക്ക് പ്രത്യാശ നൽകി.

എന്റർപ്രണർഷിപ്പിലൂടെ ആരോഗ്യ ശാക്തീകരണം എന്ന വിഷയത്തെ പറ്റി പാനൽ ചർച്ചയും നടത്തി. ഡോ. ഷെറിൻ എബ്രഹാം (DNP, MS, FNP-BC, AGACNP), ഡാലിയ എ. ചന്ദ്രോത്ത് (MSN, PMHNP-BC), ബോബി തോമസ് (MSN, PM-HNP-C) , എന്നിവർ പാനലിസ്റ്റുകളായിരുന്നു. സംരംഭകത്വത്തിന് ആവശ്യമായ കാര്യങ്ങൾ, സംരംഭകത്വത്തിൽ NP-കളുടെ വെല്ലുവിളികളും വളർച്ചയും എന്നിവ ഉൾപ്പെടുത്തി ആഴത്തിലുള്ള ചർച്ച നടന്നു. പാനൽ ചർച്ച ബ്ലെസ്സി വർഗീസ് (MSN, FNP-BC) മോഡറേറ്റ് ചെയ്തു.

2022-24 കാലയളവിലെ സമർപ്പിത സേവനങ്ങൾക്ക്: പ്രസിഡന്റ് ഡോ. ഗ്രേസീ മാണി, DNP, MSN, FNP-BC, സെക്രട്ടറി സുനിത മേനോൻ, APRN, FNP-BC ട്രഷറർ സുസൻ മാത്യു, MSN, FNP-BC എന്നിവർ ലീഡർഷിപ് അവാർഡിന് അർഹരായി. പുതുതായി ബിരുദം നേടിയ NPs and DNPs അംഗങ്ങളെ ആദരിച്ചു. 5, 10, 15, 20 വർഷം സേവനം പൂർത്തിയാക്കിയവർക്ക് സർവീസ് അവാർഡ് നൽകി ആദരിച്ചു. ചീഫ് എഡിറ്റർ ബ്ലെസ്സി വർഗീസ്, MSN, FNP-BC NINPAAയുടെ പുതിയ ന്യൂസ്‌ലെറ്റർ ഡോ. എലിസബത്ത് സൈമണിനു ആദ്യ കോപ്പി നൽകി പ്രകാശനം ചെയ്തു. NINPAA സ്കോളർഷിപ്പ് അവാർഡ് നീന മാത്യൂസീനും ഡാളസ്, അഗസ്റ്റിൻ പോൾ മെമ്മോറിയൽ സ്കോളർഷിപ്പ് ബ്ലെസ്സി വർഗീസീനും ന്യൂയോർക് , നൽകി.

കൗണ്ടി ലെജിസ്ലേച്ചറിന്റെ NINPAA Day പ്രൊക്ലമേഷൻ സാറ അമ്പാട്ടിനു നൽകി .



നേവ വെട്ടത്തിന്റെ ഡാൻസും റീന സാബുവിന്റെ ഗാനങ്ങളും മനോഹരമായിരുന്നു. NINPAA വൈസ് പ്രസിഡന്റ് പ്രസന്ന ബാബു, MSN, FNP-BC നന്ദി രേഖപ്പെടുത്തി. പ്രോഗ്രാമിന്റെ എംസി ഡോ. മഞ്ജു തോമസ്, DNP, MSN, FNP-BC. ആയിരുന്നു. ആഗോള ആരോഗ്യരംഗത്ത് Nurse Practitioners നിർണായക സ്ഥാനം പിടിച്ചിരിക്കുന്ന ഈ സമയത്ത്, NINPAA സംഘടിപ്പിച്ച NP Week പരിപാടി അഭിമാനത്തിൻറെയും ഐക്യത്തിൻറെയും മഹോത്സവമായി മാറി.




















Promise, Through the
Path of Trust
TEAM
PROMISE
FOMAA 2026-28
Mathew Varghese
For President
Johnson Joseph
For Vice President
Anu Skariah
For Gen. Secretary
Reshma Ranjan
For Joint Secretary
Binoy Thomas
For Treasurer
Titto John
For Joint Treasurer
Please Requesting
Your Prayers and Support



Lakshmi classic
bride's
collections
പട്ടിന്റെ
ഏറ്റവും മഹത്തായ
മേൽവിലാസം....
Lakshmi Silks
THE AUTHENTIC SILK PEOPLE
T.B ROAD, KOTTAYAM
NRI CUSTOMER CARE SERVICE
+91 88916 51904
+91 88911 51907

# ഇനി ഒരു സ്വപ്നം മാത്രമെന്ന് പ്രൊഫ. ഗോപിനാഥ് മുതുകാട്: ഭിന്നശേഷിക്കാർക്ക് കാസർകോട് കേന്ദ്രം



പാറ്റേഴ്സൻ, ന്യൂ ജേഴ്സി: ഫൊക്കാന ഹെൽത്ത് ക്ലിനിക്കും മെൻസ് ഫോറവും ഉദ്ഘാടനം ചെയ്തു പ്രൊഫ. ഗോപിനാഥ് മുതുകാട് നടത്തിയ ശ്രദ്ധേയമായ പ്രസംഗത്തിൽ തിരുവന്തപുരത്തെ ഡിഫറൻറ് ആർട്ട് സെൻററും കാസർകോട് നിർമാണം ആരംഭിച്ചിരിക്കുന്ന ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള ഇൻസ്റ്റിറ്റ്യൂട്ടും തന്റെ ജീവിത സ്വപ്നമാണെന്ന് പറഞ്ഞു. രണ്ടിനും അമേരിക്കൻ മലയാളികൾ നൽകുന്ന സഹായ സഹകരണങ്ങളും ഫൊക്കാനയുടെ ഇടപെടലുകളും അദ്ദേഹം നന്ദിപൂർവം അനുസ്മരിച്ചു. ന്യൂ യോർക്കിൽ നിന്നുള്ള അന്തരിച്ച പ്രൊഫ. ലൂക്ക സാർ കാസർകോട് വാങ്ങി നൽകിയ 20 ഏക്കർ സ്ഥലത്താണ് ആയിരത്തോളം ശാരീരിക-മാനസിക പ്രശ്നങ്ങളുള്ളവരെ പാർപ്പിക്കാൻ 120 കോടിയുടെ പ്രോജക്ട് രൂപം കൊള്ളുന്നത്.

ചെറുപ്പത്തിൽ ബോധം കെട്ടുവീണപ്പോൾ പാൽ കൊടുത്ത സ്ത്രീക്ക് ഒരു ഡോക്ടർ ചെയ്യുന്ന പ്രത്യുപകാരത്തിന്റെ കഥ പറഞ്ഞു കൊണ്ടാണ് അദ്ദേഹം പ്രസംഗം തുടങ്ങിയത്. പ്രായമായപ്പോൾ ആ സ്ത്രീ ഒരു ആശുപത്രിയിൽ അഡ്മിറ്റായി. വലിയ തുക ആശുപത്രി ഫീസ് വന്നു.

ബിൽ എങ്ങനെ അടക്കും എന്നു വിഷമിച്ച് റിസപ്ഷനിൽ ചെന്നപ്പോൾ 'ഫുള്ളി പേയ്ഡ് വിത്ത് വൺ ഗ്ലാസ് ഓഫ് മിൽക്ക്' ഡോ. ഹോവേർഡ് കെല്ലി എന്ന് അവിടെ എഴുതി വച്ചിരുന്നു.

ഇത് ഒരു കടപ്പാടിന്റെ കഥയാണ്. ഞാനിപ്പോൾ പറയുന്നതും ഒരു കടപ്പാടിന്റെ കഥയാണ്. ഫൊക്കാന എന്ന ഈ പ്രസ്ഥാനത്തോട് ഒരു മാന്ത്രികന്റെ അല്ലെങ്കിൽ ഡിസെബിലിറ്റി സെന്ററിൽ വർക്ക് ചെയ്യുന്ന ഒരു വ്യക്തിയുടെ കടാപ്പാടിന്റെ കഥ. ശ്രീ പോൾ കറുകപ്പള്ളി ഇവിടെ ഇരിക്കുന്നുണ്ട്. അദ്ദേഹത്തിലൂടെയാണ് ഫൊക്കാന എന്ന പ്രസ്ഥാനമായി ഞാൻ ബന്ധപ്പെടുന്നത്. ഭിന്നശേഷി കുട്ടികളുടെ കലാപരമായ കഴിവുകൾ ഉയർത്തിക്കൊണ്ടു വന്ന് അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുകയും അവരെ സ്വയം പര്യാപ്തരാക്കുകയും അവർക്ക് ഒരു വരുമാനം ഉണ്ടാക്കുകയും ചെയ്യുന്ന ഒരു സെന്റ്റാണ് ഡിഫറന്റ് ആർട്സ് സെന്റർ.

കോവിഡിന്റെ സമയത്ത് വല്ലാത്ത കഷ്ടതയിലേക്ക് പോയ ഒരു ഘട്ടമുണ്ടായിരുന്നു. അവിടത്തെ അമ്മമാർക്കും കുട്ടികൾക്കും ഒരു നേരത്തെ ഭക്ഷണം കൊടുക്കാൻ പണമില്ലാതെ, ആ കുട്ടികൾക്ക് എല്ലാമാസവും കൊടുക്കുന്ന സ്റ്റൈപ്പന്റ് കൊടുക്കാൻ സാധിക്കാതെ കഷ്ടപ്പെട്ട് നിൽക്കുന്ന ഒരു ഘട്ടം. ആ സമയത്ത് ഫൊക്കാനയാണ് അമ്മമാർ കരയരുത് എന്ന് ചിന്തിച്ചുകൊണ്ട് ഒരു സംരംഭം തുടങ്ങുവാൻ സഹായ ഹസ്തവുമായി

വന്നത്. അതിനുള്ള നന്ദിയും കടപ്പാടും ഞാൻ അറിയിക്കുന്നു.

കാലാകാലങ്ങളിൽ ഫൊക്കാനയും ഇവിടെ ഇരിക്കുന്ന വ്യക്തികളും സഹായിച്ചിട്ടുണ്ട്. തിരുകുറൽ പറയുന്നുണ്ട് കാലം എല്ലാം തിരിച്ചു ചോദിക്കും. നിന്റെ സൗന്ദര്യവും സമ്പത്തും ആയവും വ്യയവുമെല്ലാം കാലം തിരികെ വാങ്ങും. അതിനാൽ നന്മയിൽ ജീവിക്കണം . ഇറ്റാലിയൻ ഫിലോസർ ആയിട്ടുള്ള ബനഡിക്റ്റോ ക്രോച്ചെ പറയുന്നു സത്യത്തിന് മുന്നിൽ സൗന്ദര്യം ഒന്നുമല്ല. ഒരു ദുരന്തത്തിനോ ദുഃഖത്തിനോ ദുരിതത്തിനോ നശിപ്പിക്കാൻ കഴിയാത്ത എന്ത് സൗന്ദര്യമാണ് ഈ ലോകത്തുള്ളത് എന്ന് അദ്ദേഹം ചോദിക്കുന്നു. നമ്മളെല്ലാം എന്ത് സമ്പാദിച്ചു കഴിഞ്ഞാലും എന്ത് സമ്പത്ത് ഊട്ടി ഉറപ്പിച്ചു കഴിഞ്ഞാലും ഒരു ദുഃഖത്തിനോ ദുരന്തത്തിനോ നശിപ്പാക്കാൻ കഴിയാത്ത ഒരു സൗന്ദര്യവും ഇന്ന് ഈ ലോകത്ത് നിലനിൽക്കുന്നില്ല.

കേരളം ഗോഡ് ഓൺ കൺട്രി എന്ന് നമ്മൾ സാധാരണ പറയാറുണ്ട്. ഒരു പ്രളയത്തോടു കൂടി കേരളത്തിന്റെ മുഴുവൻ സൗന്ദര്യവും ഒലിച്ചു പോയ സംഭവം മലയാളികളായ നമ്മൾക്ക് മറക്കാൻ സാധിക്കുകയില്ല.

ഫൊക്കാന കോവിഡിന്റെ സമയത്ത് വിമൻസ് ഫോറത്തിന്റെ നേതൃത്വത്തിൽ, പോളേട്ടൻ തന്നെ താൽപര്യമെടുത്ത് 10 ലക്ഷം രൂപ ഡിഫറന്റ് ആർട്സ് ക്ലബിലേക്ക് തന്നു. അമ്മമാർക്ക് തയ്യൽ മെഷീനും മറ്റും തന്ന സഹായിച്ചു. ഇന്ന് ആ കുട്ടികളുടെ അമ്മമാരെല്ലാം ചിരിച്ച മുഖത്തോടെ വന്ന് അവിടെ പ്രവർത്തിക്കുന്നു. ഫൊക്കാനയുടെ വീഡിയോയിൽ കാണാം ആ അമ്മമാരെല്ലാം എങ്ങനെ സന്തോഷവതിയായിരിക്കുന്നെന്ന്.

ഒരു വിത്ത് മണ്ണിൽ നട്ട് വെള്ളവും വളവും കൊടുത്താൻ ആ വിത്ത് മരമായിട്ട് മാറും. നമ്മൾ ഈ ഭൂമിയിൽ നിന്ന് പോയിക്കഴിഞ്ഞാലും അതിൽ കായ്കളും പൂക്കളും ഉണ്ടാകും. എത്രയോ തലമുറക്ക് തണലായി മാറും. അന്ന് ഞാൻ പോളേട്ടനോട് സംസാരിക്കുമ്പോൾ ഉണ്ടായ ഒരു ആശയം. ആ ആശയം കരിസ്മ എന്ന സൊസൈറ്റി ആയി രജിസ്റ്റർ ചെയ്തു. അമ്മമാരുടെ അക്കൗണ്ടിലേക്ക് ലക്ഷക്കണക്കിന് രൂപ കൊടുക്കാൻ സാധിച്ചു. അതിൽ അമ്മമാർക്ക് ഇന്നു ബാങ്ക് ബാലൻസ് ഉണ്ട്. അന്ന് പോളേട്ടൻ നട്ട വിത്ത് വളർന്ന് അവിടെ വരെ എത്തിയിരിക്കുന്നു. കുറെ കുട്ടികളുടെ അമ്മമാർക്ക് ഒരു ജീവിതമാർഗമായി. പോളേട്ടനോട് എന്റെ നന്ദി അറിയിക്കുന്നു. ഫൊക്കാനയോട് ഞാൻ എന്റെ നന്ദി അറിയിക്കുകയാണ്.

എന്റെ ഇപ്പോഴത്തെ ശ്രദ്ധ കാസർഗോഡ് നടക്കാനുള്ള ഒരു വലിയ പ്രോജക്റ്റിലാണ്. ന്യൂയോർക്കിലുണ്ടായിരുന്ന ഡോ. എംകെ. ലൂക്ക കോട്ടയത്തു പ്രൊഫസറായിരുന്നു. അദ്ദേഹം അടുത്ത് വന്ന് പറഞ്ഞു. സാർ കാസർഡോഗ് വച്ചാണല്ലോ മനമാറ്റം ഉണ്ടായത്. അവിടെ ഞാനൊരു സ്ഥലം വാങ്ങിതരാമെന്ന്. അദ്ദേഹം ഇരുപതേക്കർ സ്ഥലം നമ്മുടെ ചാരിറ്റബിൾ സൊസൈറ്റിയുടെ പേരിൽ വാങ്ങിതന്നു. നിർഭാഗ്യവശാൽ ബ്രെയിൻടൂമർ വന്ന് അദ്ദേഹം മരിച്ചു. മരിക്കുന്നതിന് മുമ്പ് അദ്ദേഹം എന്റെ കൈപിടിച്ചു കൊണ്ട് പറഞ്ഞു. എന്തൊക്കെ പ്രതിസന്ധികൾ വന്നാലും, ആരൊക്കെ എന്തൊക്കെ അപവാദം പറഞ്ഞാലും സാർ ഇതു ഉപേക്ഷിക്കരുത്.

വരുന്ന മെയ് മാസത്തിൽ അമേരിക്കയിലെ വിവിധ ഭാഗത്ത് പ്രോഗ്രാം നടത്തി ഇതിനായി ഫണ്ട് ശേഖരിക്കണമെന്ന് ആഗ്രഹിക്കുന്നു. ഒരു ഗ്ലോബൽ പ്രോജക്ടാണ് കാസർഗോഡ് വരാനുള്ളത്. ആയിരം കുട്ടികൾക്ക് ജീവൻ കൊടുക്കാൻ സാധിക്കുന്ന ഒരു പ്രോജക്ട്. അതിന് മെയ്മാസത്തിൽ വരുമ്പോൾ നിങ്ങളൊക്കെ കൂടെയുണ്ടാകണം എന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. എല്ലാവരും ഒരുമിച്ചു നിന്നാൽ വലിയ അത്ഭുതങ്ങൾ സൃഷ്ടിക്കാൻ സാധിക്കും. ഒരുപാട് അമ്മമാരുടെ കണ്ണീർ തുടയ്ക്കാൻ സാധിക്കും.

ലൂക്കാ സാറിനെ നിങ്ങൾക്ക് പരിചയപ്പെടുത്തുന്നു. ആ വിഷലിൽ കാണുന്ന ചാരുകസേര ലൂക്കാസാറിന്റെ വീട്ടിൽ പോയപ്പോൾ ഉണ്ടായിരുന്നതാണ്. എന്റെ അച്ഛനും ഒരു ചാരുകസേര ഉണ്ടായിരുന്നു. മരിക്കുന്നതിന് മുമ്പ് അച്ഛൻ അമ്മയോട് പറഞ്ഞു. കുട്ടിയോട് മാജിക്ക് ഉപേക്ഷിക്കരുത് എന്ന് പറയാൻ. അതു തന്നെയാണ് ലൂക്കാ സാറും പറഞ്ഞത്. എന്തൊക്കെ പ്രതിസന്ധികളുണ്ടായാലും ഈ പ്രോജക്ട് ഉപേക്ഷിക്കരുതെന്ന്. വലിയ പ്രൊജക്ടാണ് വിഭാനം ചെയ്യുന്നത്. ആയിരം കുട്ടികൾക്ക്, കുടുംബങ്ങൾക്ക് ജീവൻ കൊടുക്കുന്ന പ്രൊജക്ട്. ലൂക്കാ സാറിന്റെ പേരിൽ തന്നെയാണ് എഎപിടി എന്ന പ്രോജക്ട് വരാൻ പോകുന്നത്. ഇത് പൂർത്തിയായി കഴിഞ്ഞാൽ ലോകത്തിന് മാതൃകയാകുന്ന രീതിയിൽ ആണ് സംരംഭം.

ഡിഫറന്റ് ആർട്സ് സെന്ററിന് പത്തു കോടി രൂപ ഉണ്ടായിരുന്നു. അതു അഡ്വാൻസ് കൊടുത്തു. ഊരാളുങ്കിൽ സൊസൈറ്റിയാണ് അതിന്റെ വർക്ക് ചെയ്തു കൊണ്ടിരിക്കുന്നത്. 24 മണിക്കൂറും വർക്ക് ചെയ്തുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ഫെബ്രുവരി 23ന് മുഖ്യമന്ത്രി തറക്കല്ലിട്ടു. അടുത്ത ഫെബ്രുവരി 23ന് ആദ്യ ഘട്ടം ഉദ്ഘാടനം ചെയ്യണമെന്ന് വിചാരിക്കുന്നു. അപ്പോൾ നമ്മൾക്ക് കുട്ടികളെ അവിടെ ചേർക്കാൻ സാധിക്കും.

അതിനുശേഷം 2027 നവംബറിൽ ആയിരം ദിവസം പൂർത്തിയാകുന്ന ദിവസം മുഴുവനായി തുറന്നു കൊടുക്കണമെന്നാണ് വിചാരിക്കുന്നത്. രണ്ടു രീതിയിലാണ് ഫണ്ട് ശേഖരിക്കുന്നത്. ഒന്ന് സി.എസ്.ആർ കൊണ്ടു സ്ഥാപനങ്ങളിലൂടെ. രണ്ട് എംക്യൂബ് എന്ന പ്രോഗ്രാമിലൂടെ- മാജിക് മ്യൂസ്ക് ആന്റ് മോട്ടിവേഷൻ - ആ ഷോ ചെയ്ത് അതിലൂടെ സമാഹരിക്കുന്ന ഫണ്ട് ഇതിലേക്കു കൊടുക്കുകയാണ്. ഞാനും എന്റെ കൂടെയുള്ളവരും ഒരുരൂപപോലും പ്രതിഫലം വാങ്ങാതെ പല രാജ്യങ്ങളിലായി പരിപാടികൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

ഓസ്ട്രേലിയ, ഇംഗ്ലണ്ട്, സ്കോട്ലന്റ്, അയർലന്റ്, ഖത്തർ, ദുബായ് എന്നീ രാജ്യങ്ങളിൽ പരിപാടികൾ നടത്തി. അമേരിക്കയിൽ മെയ് 15 മുതൽ ജൂൺ 15 വരെയാണ് ഉദ്ദേശിക്കുന്നത്.

എന്റെ ജീവിതത്തിൽ ഈ ഒരു സ്വപനം മാത്രമേ ഉള്ളൂ. ലൂക്കാ സാർ പറഞ്ഞതു പോലെ അവിടെ ഈ കുട്ടികൾ വന്ന് ജീവിക്കുന്ന ഒരു സ്വർഗ്ഗം സ്വപ്നം കണ്ട് ജീവിക്കുന്ന ഒരു മനുഷ്യനാണ് താൻ. എല്ലാവരും ഒപ്പം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

# അഭിമാന പദ്ധതികളുമായി ഫൊക്കാന: ഹെൽത്ത് ക്ലിനിക്ക്, മെൻസ് ഫോറം, പ്രൊഫ. മുതുകാട് ഉദ്ഘാടനം ചെയ്തു




പാറ്റേഴ്സൻ, ന്യൂ ജേഴ്സി: സുവർണകാലത്തിലൂടെയാണ് ഫൊക്കാന കടന്നു പോകുന്നതെന്ന് ഒരിക്കൽ കൂടി വ്യക്തമാക്കി രണ്ടു ജനോപകാരപ്രദമായ പദ്ധതികൾ കൂടി ഉദ്ഘാടനം ചെയ്യപ്പെട്ടു. മെഡിക്കൽ ഇൻഷുറൻസ് ഇല്ലാത്തവർക്ക് ചികിത്സ ലഭ്യമാക്കാൻ സഹായിക്കുന്ന ഫൊക്കാന മെഡിക്കൽ ക്ലിനിക്ക്, പുരുഷന്മാർക്ക് വേണ്ടി ഫൊക്കാന മെൻസ് ക്ലബ് എന്നിവ പ്രശസ്ത ജീവകാരുണ്യ പ്രവർത്തകനും മജിഷ്യനുമായ പ്രൊഫ ഗോപിനാഥ് മുതുകാട് ഉദ്ഘാടനം ചെയ്തു.

നാട്ടിൽ നിന്നും മറ്റും വരുന്ന ബന്ധുക്കൾക്ക് മെഡിക്കൽ ഇൻഷുറൻസ് ഇല്ലാത്ത സാഹചര്യത്തിൽ അവർക്ക് പ്രയോജനപ്പെടണമെന്ന് ഉദ്ദേശത്തോടെയാണ് ഹെൽത്ത് ക്ലിനിക്ക് വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളതെന്ന് ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി പറഞ്ഞു. പക്ഷെ അത് തുടങ്ങാൻ സാങ്കേതിക സാമ്പത്തിക പ്രശ്നങ്ങൾ ഉണ്ടെന്നു പെട്ടെന്ന് തന്നെ വ്യക്തമായി. മാൽപ്രാക്ടീസ് ഇൻഷുറൻസിനു തന്നെ ഒരു മാസം 4000 ഡോളർ വേണം.



അതിനാൽ നിലവിൽ ക്ലിനിക്കുകൾ ഉള്ള മലയാളി ഡോക്ടർമാരുമായി സഹകരിച്ചാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ബോസ്റ്റണിലും ന്യൂ ജേഴ്സിയിലുമാണ് ഇതിനു തുടക്കം കുറിച്ചിരിക്കുന്നത്.

വിമൻസ് ഫോറം ഫൊക്കാനയിൽ സജീവമായുണ്ട്. മെൻസ് ഫോറം കൂടുതൽ പ്രാതിനിധ്യം കൊണ്ടുവരും. പല പള്ളികളിലും മറ്റും മെൻസ് ക്ലബ് ഉണ്ട്. ആ മാതൃകയാണ് ഇവിടെ സ്വീകരിച്ചിരിക്കുന്നത്.

വെസ്റ്റ്ചെസ്റ്ററിൽ നിന്നുള്ള ലിജോ ജോൺ ആണ് മെൻസ് ഫോറത്തിന്റെ ചെയർ.








നമ്മുടെ പ്രായം ചെന്ന മാതാപിതാക്കളെ ചേർത്തുപിടിക്കാൻ ഹെൽത്ത് ക്ലിനിക്കിന് സാധിക്കട്ടെ എന്ന് ആശംസിച്ചു കൊണ്ട് ഗോപിനാഥ് മുതുകാട് ക്ലിനിക്കിന്റെ ഉദ്ഘാടനം നിർവഹിച്ചു. ഫൊക്കാനയുടെ പേരിൽ ഇങ്ങനെയൊരു പരിപാടി സംഘടിപ്പിക്കുമ്പോൾ അതൊരു മൈൽ സ്റ്റോണായി മാറുകയാണ് ഇന്നിവിടെ ആരംഭിക്കുന്ന ഹെൽത്ത് ക്ലിനിക്ക്.

ഡോക്ടർ ഒരു ബ്ലഡ് ടെസ്റ്റ് ചെയ്തതിനു ശേഷം അറിഞ്ഞില്ലേ എന്ന് ഒരു ചോദ്യം ചോദിച്ചു കഴിഞ്ഞാൽ അതു വരെ നമ്മൾ സംരക്ഷിച്ചതെല്ലാം തകർന്നടിഞ്ഞു പോകുന്നു എന്നത് നമ്മൾ മറക്കരുത്. ജീവിതത്തിന്റെ ഏറ്റവും വലിയ ബാക്കി പത്രം എന്താണെന്നു ചോദിച്ചാൽ നമ്മുടെ ആരോഗ്യം തന്നെയാണ്. ആരാണ് നിങ്ങളുടെ സുഹൃത്ത് എന്നു ചോദിച്ചാൽ അവിടെക്കും ഇവിടേക്കുമല്ല നിങ്ങൾ ചൂണ്ടേണ്ടത്. നിങ്ങളുടെ ഉള്ളിലേക്കാണ്. നമ്മുടെ ഏറ്റവും വലിയ സുഹൃത്ത് നമ്മുടെ ഹൃദയം, ശ്വാസകോശം, കിഡ്നി, നമ്മുടെ പാൻക്രിയാസ്.

നമ്മൾ ഉറങ്ങികിടക്കുമ്പോഴും നമ്മൾ അമ്മയുടെ ഉദരത്തിൽ നിന്ന് പുറത്തു വന്നത് മുതൽ ശ്വസിച്ചു തുടങ്ങുന്നു. അത് മരണം വരെയും ശ്വസിച്ചു കൊണ്ടിരിക്കുന്ന ശ്വാസകോശം നമ്മളോട് ഒരു പ്രതിഫലവും ചോദിക്കുന്നില്ല. നമ്മൾ ഉറങ്ങുമ്പോഴും ഉണ്ണുമ്പോഴും നടക്കുമ്പോഴും കിടക്കുമ്പോഴും എല്ലാം ആ ശ്വാസകോശം നമ്മൾക്ക് വേണ്ടി പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്. നമ്മളുടെ ഹൃദയം മിടിച്ചു കൊണ്ടിരിക്കുന്നു. കരൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു ഒരു പ്രതിഫലവും ആവശ്യപ്പെടുന്നില്ല. പക്ഷേ നമ്മൾ ആരോഗ്യത്തിനുവേണ്ടി എത്രമാത്രം ശ്രദ്ധിക്കുന്നുണ്ട്. രോഗം എന്നത് സ്വാഭാവികമായും വന്നു ചേരും. ഇതാണ് പറയുന്നത് കാലം എല്ലാം തിരിച്ചു ചോദിക്കുമെന്ന്. നിന്റെ സൗന്ദര്യവും സമ്പത്തും ആയവും വ്യയവുമെല്ലാം കാലം തിരികെ വാങ്ങും.

ഞാൻ പറയുന്നത് നിങ്ങളുടെ മാതാപിതാക്കൾ പലപ്പോഴും ഒരു സന്ദർശനത്തിന് വേണ്ടി അമേരിക്കയിലേക്ക് വരുന്ന സമയത്ത് അവരുടെ രോഗാവസ്ഥയ്ക്ക് ഈ രാജ്യം എന്തു ചെയ്യുന്നു. അവിടെയാണ് ഫൊക്കാന ഇരുകൈകളും ചേർത്ത് ഇങ്ങനെ ഒരു പ്രസ്ഥാനത്തിന് തുടക്കം കുറിക്കുന്നത്. ഒരു ഹെൽത്ത് ക്ലിനിക്ക്. മനോഹരമായ ആശയമാണ്. ഇന്നോവേറ്റീവായ ആശയമാണ്. ഈ ആശയം മുന്നോട്ടു വച്ചു ഫൊക്കാനയുടെ സജിമോൻ ആന്റണി അടക്കമുള്ള ഭാരവാഹികളെ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു.

ഒരു സംഘടന എങ്ങനെയായിരിക്കണം. സംഘടന എന്തിനു വേണ്ടിയാണ് പ്രവർത്തിക്കുന്നത്. ഫൊക്കാനയുടെ ഈ പ്രാവശ്യത്തെ ഏറ്റവുകൂടുതൽ പ്രവർത്തനം ആരോഗ്യമേഖലയുമായി ബന്ധപ്പെട്ടതാണെന്ന് ഞാൻ മനസ്സിലാക്കുന്നു. അതുകൊണ്ട് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ശ്രദ്ധിക്കുന്ന ശ്രദ്ധിക്കുന്ന ഫൊക്കാനയുടെ പ്രവർത്തനങ്ങളെ




ആത്മാർത്ഥമായി അഭിനന്ദിക്കുന്നു.

വിമൻസ് ഫോറത്തിന് പുറമെ ഇന്ന് ഇവിടെ മെൻസ് ഫോറം ഉണ്ടാകുന്നു. ആളുകളെ സാമൂഹ്യപ്രതിബദ്ധതയുള്ളവരാക്കുന്നതിന് വേണ്ടി ഒരു ഫോറം രൂപകൊള്ളുകയാണ്. അവരുടെ മനസിലേക്ക് മാനവികതയുടെ സന്ദേശമാണ് ചേർത്തു വയ്ക്കുന്നത്-മുതുകാട് പറഞ്ഞു. ദാഹിക്കുന്നു സഹോദരി വെള്ളം തരൂ എന്ന് ചോദിച്ചപ്പോൾ, അല്ലലാലങ്ങു ജാതി മറന്നിതോ എന്ന് ചോദിച്ച ചണ്ടാല യുവതിയോട് ജാതി ചോദിച്ചില്ല സഹോദരീ എന്ന് പറഞ്ഞുകൊണ്ട് കൈ നീട്ടി നിൽക്കുന്ന ആനന്ദന്റെ മാനവികതയുടെ സന്ദേശം പകർന്ന് ഒരു മെൻസ് ഫോറം ഉണ്ടാക്കുന്നതിൽ സന്തോഷമുണ്ട്. ഫൊക്കാനയുടെ കീഴിൽ വുമൻസ് ഫോറവും മെൻസ്ഫോറവുമെല്ലാം മുന്നേറട്ടെ.' മുതുകാട് പറഞ്ഞു.

ഫൊക്കാന ജനറൽ സെക്രട്ടറി





ശ്രീകുമാർ ഉണ്ണിത്താൻ ഏവരെയും സ്വാഗതം ചെയ്തു. ട്രഷറർ






ജോയ് ചാക്കപ്പൻ, ട്രസ്റ്റീ ബോർഡ് ചെയർ ജോജി തോമസ് എന്നിവർ ആശംസകൾ നേർന്നു. വിപിൻ രാജ് നന്ദി പറഞ്ഞു. പ്രവീൺ തോമസും രേവതി പിള്ളയുമായിരുന്നു എംസിമാർ.

വിവിധ കലാപരിപാടികളും നടന്നു. ചടങ്ങിൽ തോമസ് തോമസ് ഒരു ലക്ഷം രൂപ സംഭാവനയായി മുതുകാടിനെ ഏൽപ്പിച്ചു.




JOSCO TOURS
& TRAVELS
OCTOBER 26 TO NOVEMBER 4, 2025
Best of
BRAZIL &
ARGENTINA
917 817 4115
TOUR DATE: OCT 26-NOV 4, 2025
INCLUDES
Round-trip airfare from New York
2 flights during tour
Accommodations at 4-star hotels
Meals as per itinerary
All entrance and sightseeing fees as per itinerary
And much more
TOUR COST
$4990
PER PERSON/
DOUBLE OCCUPANCY
JOSECO TOURS & TRAVELS
BOOK NOW
JOSE VARUGHESE
Cell: 917-817-4115
FAITH HOLIDAYS
www.faithholidays.com


the cotillion
Outstanding Chinese cuisine
Our Asian Fusion restaurant is known for its modern classic dishes
Authentic Indian food rich in flavor and taste
Conveniently located on Jericho Turnpike
Excellent service and friendly staff
the cotillion
440 Jericho Turnpike
JERICHO, NY 11753
(516) 938-3300
The Cotillion is guaranteed to be a great dine experience
The Cotillion has sophisticated and inviting atmosphere

# അവിസ്മരണീയമായ കാഴ്ചകൾ സമ്മാനിച്ച് താങ്ക്സ് ഗിവിംഗ് ദിന പരേഡ് സമാപിച്ചു



**ഗീവറുഗീസ് ചാക്കോ**

ന്യൂയോർക്ക്: മൂന്നു മണിക്കൂർ നേരം കാണികൾക്ക് അവിസ്മരണീയമായ കാഴ്ചകൾ സമ്മാനിച്ച ന്യൂയോർക്ക് സിറ്റി താങ്ക്സ് ഗിവിംഗ് ദിന പരേഡിന് ആവേശോജ്വല സമാപനം.

ഡിപ്പാർട്ട്മെന്റ് സ്റ്റോർ ശൃംഖലയായ മെയ്സിസിന്റെ ആഭിമുഖ്യത്തിൽ നടന്ന 99-ാമത് പരേഡിൽ ഏതാണ്ട് 8000-ത്തോളം പേർ പങ്കെടുത്തു.

കുട്ടികളുടെ പ്രിയപ്പെട്ട കാർട്ടൂൺ കഥാപാത്രങ്ങൾ അടക്കം ഹീലിയം നിറച്ച ഭീമാകാരങ്ങളായ 30-ലധികം ബലൂണുകൾ പരേഡിന്റെ പാതയിലുടനീളം നീങ്ങിക്കൊണ്ടിരുന്നു.

25-ലധികം ഫ്ളോട്ടുകൾ, പതിനൊന്ന് മാർച്ചിംഗ് ബാൻഡുകൾ, പെർഫോമിംഗ് ഗ്രൂപ്പുകൾ തുടങ്ങിയവ പരേഡിന് കൊഴുപ്പേകി.

ബുസ് ലൈറ്റ് ഈയർ, ഡെർവി ടൈഗർ, പാക്മാൻ തുടങ്ങി അഞ്ച് പുതിയ ഫ്ളോട്ടുകൾ ഇത്തവണയുണ്ടായിരുന്നു.

തണുത്ത കാലാവസ്ഥയെ അതിജീവിക്കാനുള്ള വസ്ത്രങ്ങളും തൊപ്പികളുമണിഞ്ഞ് പതിനായിരങ്ങൾ പരേഡ് വീക്ഷിക്കാനെത്തിയിരുന്നു. ഏതാണ്ട് മൂന്നു മില്യൻ പേർ ടെലിവിഷനിലൂടെ പരേഡ് ദർശിച്ചതായി കണക്കാക്കപ്പെടുന്നു.

സെൻട്രൽ പാർക്കിന്റെ പടിഞ്ഞാറ് 77-ാം സ്ട്രീറ്റിനോട് ചേരുന്ന ഭാഗത്ത് നിന്നും ആരംഭിച്ച് 46 ബ്ലോക്കുകൾ പിന്നിട്ട് മെയ്സിസിന്റെ പ്രധാന സ്റ്റോർ സ്ഥിതിചെയ്യുന്ന 34-ാം സ്ട്രീറ്റിലെ ഹാരോൾഡിലാണ് പരേഡ് സമാപിച്ചത്.



ഹോളിഡേ സീസന് തുടക്കം കുറിച്ചുള്ള താങ്ക്സ് ഗിവിംഗ് ദിന പരേഡ് പതിവുപോലെ സാന്താ ക്ലോസിനെ ന്യൂയോർക്ക് സിറ്റിയിലേക്ക് സ്വാഗതം ചെയ്തുകൊണ്ടാണ് അവസാനിച്ചത്.


പരേഡ് കടന്നുപോകുന്ന വഴിയിൽ ന്യൂയോർക്ക് സിറ്റി പോലീസ് ശക്തമായ സുരക്ഷാക്രമീകരണങ്ങൾ ഒരുക്കിയിരുന്നു.

1924-ൽ ആണ് പരേഡിന് തുടക്കംകുറിച്ചത്. രണ്ടാം ലോക മഹായുദ്ധകാലത്ത് 1942 -44 വരെ മൂന്നു തവണ മാത്രമാണ് പരേഡ് മുടങ്ങിയത്. വ്യാഴാഴ്ച അമേരിക്കയുടെ വിവിധ ഭാഗങ്ങളിലും താങ്ക്സ് ഗിവിംഗ് ദിന പരേഡ് സംഘടിപ്പിച്ചിരുന്നു.




MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
TEENA THOMAS
07-28-1991
to
05-17-2009
We Specialize in Custom Creation and Installation
of Cemetery Granites, Bronze Memorials
Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA

# നിര്യാതരായി



**റവ ജോർജ്ജ് സി. മാത്യു**

വിർജീനിയ: ഇമ്മാനുവേൽ മാർത്തോമ്മാ ദേവാലയത്തിലെ അംഗമായിരുന്ന റവ ജോർജ്ജ് സി. മാത്യു (97) നവംബർ 24-ന് വിർജീനിയയിലെ ബർക്കിൽ മകൾ റേച്ചൽ ജോർജ്ജിന്റെ വസതിയിൽ അന്തരിച്ചു. ഭാര്യ: പരേതയായ സാറാമ്മ ജോർജ്ജ്.മക്കൾ: റേച്ചൽ ജോർജ്ജ്, മാത്യു സി. ജോർജ്ജ്, എബ്രഹാം സി. ജോർജ്ജ്.മരുമക്കൾ: എലിസബത്ത് ജോർജ്ജ്, സുസൻ എബ്രഹാം; കൊച്ചുമക്കൾ ഐറീൻ, സാറാ, പ്രകാശ്. പ്രിയങ്ക,മോഹൻ, മഹിമ.

**മറിയാമ്മ**

.മുള്ളൻകുഴി: കെ.എസ്. മറിയാമ്മ (80) അന്തരിച്ചു. മക്കൾ: ഷൈലമ്മ ജോർജ്, സോണിയ റോബിൻ. മരുമക്കൾ: ജോർജ്, റോബിൻ.



**ഏലിയാമ്മ ഫിലിപ്പ്**

ന്യൂയോർക്ക് : ചെങ്ങന്നൂർ പെണ്ണുക്കര കടവിലേ വീട്ടിൽ കുടുംബാംഗം ഫിലിപ്പ് ജോണിന്റെ (ന്യൂയോർക്ക്) ഭാര്യ ഏലിയാമ്മ ഫിലിപ്പ് (75) സ്റ്റാറ്റൻ ഐലന്റിൽ അന്തരിച്ചു. മകൾ : സൂസൻ ഫിലിപ്പ് ആലപ്പുഴ പുത്തൻപറമ്പിൽ കുടുംബാംഗം സുജിത് ഫ്രാൻസിസ് (Electronic Engineer, NY City) ജാമാതാവും, സാമുവൽ ഫിലിപ്പ് ഫ്രാൻസിസ് പേരക്കുട്ടിയുമാണ്. സ്റ്റാറ്റൻ ഐലൻഡ് മാർത്തോമാ ചർച്ച് ഇടവക അംഗങ്ങളാണ് ജോണും കുടുംബവും.

**നന്ദിനി മണി**

ഏറ്റുമാനൂർ:പട്ടിത്താനം രേഷൻകടപടിയിൽ ഉപ്പാൻതൊഴുകയിൽ നന്ദിനി മണി (78) അന്തരിച്ചു.



**തങ്കമ്മ ചെറിയാൻ**

കോട്ടയം : മൂലവട്ടം ചാമക്കാട്ട് കുടുംബംഗം പരേതനായ സിഎം ചെറിയാന്റെ ഭാര്യ തങ്കമ്മ ചെറിയാൻ (89) അന്തരിച്ചു. മക്കൾ : ഉഷാ കുര്യൻ (വട്ടക്കാട്ട്, പാക്കിൽ), പരേതനായ ഷാബു ചെറിയാൻ (കോട്ടയം), തമ്പു ചെറിയാൻ (കോട്ടയം), ആഷ എബ്രഹാം (ന്യൂയോർക് യുഎസ്എ). മരുമക്കൾ: പരേതനായ രാജു (വട്ടക്കാട്ട്, പാക്കിൽ) ബീന (മണയന്ത്ര, കൊല്ലാട്) മിനോ (താഴത്തേക്കുറ്റ് , കുമ്പനാട്) ഹബേൽ എബ്രഹാംപരേത വള്ളംകുളം ഊരാക്കൽ കണ്ടത്തിൽ കുടുംബാംഗമാണ്.

**ഏലിക്കുട്ടി**

പുതുവേലി:വട്ടപ്പാറയിൽ ഏലിക്കുട്ടി (82) അന്തരിച്ചു.ഭർത്താവ്: പരേതനായ ഓനൻ.



**കുഞ്ഞമ്മ ജോർജ്**

ചിക്കാഗോ : പരേതനായ പാസ്റ്റർ എംഎസ് ജോർജിന്റെ ഭാര്യ കുഞ്ഞമ്മ ജോർജ് (86) ചിക്കാഗോയിൽ അന്തരിച്ചു.പൊയ്കയിൽ പരേതരായ ചെറിയാൻ ജോസഫിന്റെയും അന്നമ്മ ജോസഫിന്റെയും മകളാണ്. കേരളത്തിലെ വിവിധ സകൂളുകളിൽ അധ്യാപികയായിരുന്ന പരേത.1977 ലാണ് ചിക്കാഗോയിൽ കുടുംബമായി എത്തിയത്. വിൽസൺ ജോർജ്, സക്കറിയ ജോർജ്, ലൂയി ചിക്കാഗോ, ഗാനരചയിതാവായ ഷേർളി ഫിലിപ്പ് ചിക്കാഗോ, വില്യം ജോർജ്, സാം ജോർജ് എന്നിവർ മക്കളും സൂസൻ ജോർജ്, ഷൈനി ജോർജ്, മാത്യു ഫിലിപ്പ്, ലൗലി ജോർജ്, ശ്വേതാ ജോർജ് എന്നിവർ മരുമക്കളും ആണ്.



**സ്റ്റാൻലി ജോസഫ്**

ഡാളസ്/തൃശൂർ :നാല് പതിറ്റാണ്ടോളം ഡാളസിൽ വിവിധ മേഖലകളിൽ പ്രവർത്തിച്ച ഗാർലാൻഡ് ഐ എസ് ഡി മുൻ ജീവനക്കാരനും നാല് വർഷമായി തൃശൂർ അഞ്ചേരിയിൽ സ്ഥിരതാമസ്സക്കാരനുമായ സ്റ്റാൻലി ജോസഫ് (ബോബി) (63 വയസ്സ്) അന്തരിച്ചു ഭാര്യ: ജിജി ജോസഫ്. മക്കൾ ജെനിഫർ,അഞ്ജന. മരുമകൻ റൂബൻ. സഹോദരങ്ങൾ :ജോൺ ജോസഫ്,മേഴ്സി,തമ്പി,ജെസ്സി ,റോയ് (എല്ലാവരും ഡാലസ്), സൂസി(ആഫ്രിക്ക).

**കെ.സി. രമേശൻ**

പനച്ചിക്കാട്: കെ.സി. രമേശൻ (തമ്പുരാൻ,68) അന്തരിച്ചു. ഭാര്യ: ലൈല (തിരുവഞ്ചൂർ). മക്കൾ: വി.ആർ.ഷൈൻ, രേഷ്മ.



**ത്രേസ്യാമ്മ മാത്യു**

ന്യൂയോർക്ക്: മാത്യു അത്തിമറ്റത്തിലിന്റെ ഭാര്യ ത്രേസ്യാമ്മ മാത്യു അത്തിമറ്റത്തിൽ (75) ന്യൂയോർക്കിൽ അന്തരിച്ചു. പരേത നീണ്ടൂർ ഇല്ലത്തുപറമ്പിൽ കുടുംബാംഗമാണ്. മക്കൾ: റോബിൻ & റ്റീന അത്തിമറ്റത്തിൽ, നോബിൾ & ആഷിത അത്തിമറ്റത്തിൽ, സിബിൾ & ബ്രയൻ. സഹോദരങ്ങൾ: പരേതയായ സൂസമ്മ, എൽസി, മേരി, അലക്സ്, ഗ്രേസി.

**ഫാത്തിമ ബീവി**

നെടുംകുന്നം:ആലയ്ക്കാപ്പറമ്പിൽ ഫാത്തിമ ബീവി (85) അന്തരിച്ചു.അതിരമ്പുഴ പുത്തൻവീട്ടിൽ കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ ഹസൻ റാവുത്തർ.

**സി.എം. തോമസ്**

കണ്ടൻകാവ്:വെള്ളത്തൂവൽ ചാമക്കാലയിൽ സി.എം. തോമസ് അന്തരിച്ചു. ഭാര്യ: വാഴൂർ പരിയാരത്ത് സിസിലി തോമസ്. മക്കൾ: റിജോ തോമസ്, റീബ രഞ്ജിത്



**സാറാമ്മ വർഗീസ്**

ന്യൂയോർക്ക്/കോന്നി: നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന സെക്രട്ടറിയും, ബ്രോങ്ക്സ് സെന്റ് മേരീസ് ഓർത്തഡോക്സ് വികാരിയുമായ ഫാ. ഡോ. വർഗീസ് എം. ഡാനിയേലിന്റെ മാതാവുമായ സാറാമ്മ വർഗീസ് (79) അന്തരിച്ചു. മരുർപ്പാലം മേലേച്ചിറ്റേത്ത് ബ്ളെസ് കോട്ടേജിൽ പരേതനായ ഡി വർഗീസിന്റെ ഭാര്യയാണ്.മറ്റ് മക്കൾ: സജി എം.റ്റി (കോന്നി), റെജി എം.ഡി (ഓസ്ട്രേലിയ). മരുമക്കൾ: സുരഭി സജി (കോന്നി), ഡോ. സ്മിത വർഗീസ് (വിൽട്ടൺ, കണക്ക്റ്റിക്കട്ട്), റെക്സി റെജി (ഓസ്ട്രേലിയ).കൊച്ചുമക്കൾ: സ്നേഹ, ആൻസൺ, ആദർശ്, ഏഞ്ചലാ, സ്റ്റീവ്, സ്റ്റേസി.

**മേരിക്കുട്ടി ജോൺ**

ബെംഗളൂരു:പുനലൂർ ചാലിയേക്കര അമ്പിക്കോണത്ത് മേരിക്കുട്ടി ജോൺ (84) അന്തരിച്ചു.



**മേരി മാത്യു**

ചിക്കാഗോ: പരേതനായ മാത്യു തെക്കേപറമ്പിലിന്റെ (മാഞ്ഞൂർ) ഭാര്യ മേരി മാത്യു തെക്കേ പറമ്പിൽ (മങ്ക, 87) ചിക്കാഗോയിൽ അന്തരിച്ചു . പരേത ഉഴവൂർ എള്ളങ്കിൽ കുടുംബാംഗമാണ്. മക്കൾ: ജോണി തെക്കേ പറമ്പിൽ , വിമല നെടുമാക്കൽ, ഷേർളി തോട്ടുങ്കൽ, ജോമോൻ തെക്കേ പറമ്പിൽ,സുനി ഐക്കര. (എല്ലാവരും ചിക്കാഗോ ). മരുമക്കൾ: അന്നമ്മ വിലങ്ങുകല്ലുങ്കൽ ,മാത്യു നെടുമാക്കൽ ( മുൻ ചിക്കാഗോ കെ. സി. എസ്. പ്രസിഡന്റ് ), മാത്യു തോട്ടുങ്കൽ ,ലിസി താനത്ത് , അനി ഐക്കര. സഹോദരങ്ങൾ : പരേതനായ ഇ.ജെ. ലൂക്കോസ് എക്സ് എം. എൽ. എ, മത്തച്ചൻ എള്ളങ്കിൽ , ചിന്നമ്മ പുതുശ്ശേരിൽ , ഗ്രേസി കുന്നപ്പള്ളി , സൈമൺ എള്ളങ്കിൽ ( മുൻ ചിക്കാഗോ കെ. സി. എസ് പ്രസിഡന്റ് ), പരേതയായ ശാന്ത വാളശ്ശേരിൽ



**ജേക്കബ് ചാക്കോ**

ന്യൂയോർക്ക് : ന്യൂയോർക്ക് ഈസ്റ്റ് മെഡോയിൽ താമസിക്കുന്ന കണ്ണൂർ കണിച്ചാർ തടത്തേൽ ജേക്കബ് ചാക്കോ (തമ്പി) (61) അന്തരിച്ചു.ഭാര്യ; കണ്ണൂർ കുളക്കാട് ഓലിക്കുഴിയിൽ ലിസ്സി ജേക്കബ്,മക്കൾ: ജോയൽ ജേക്കബ് , ക്രിസ്റ്റീനാ ജേക്കബ്. സഹോദരർ: ലീലാമ്മ ചാക്കോ (ഡാളസ്), ഏലിക്കുട്ടി ചാക്കോ (കീഴ്പ്പള്ളി, കണ്ണൂർ), സാറാമ്മ മത്തായി (കേരളം), പൊന്നമ്മ ഏലിയാസ് (പുന്നപ്പാലം, കണ്ണൂർ), എബ്രഹാം തടത്തേൽ (ന്യൂയോർക്ക്) ലാലി ജയൻ (ന്യൂയോർക്ക്), മിനി മാത്യൂസ് (ഷിക്കാഗോ).

**മറിയം ആഗസ്തി**

ചക്കാമ്പുഴ:മറിയം ആഗസ്തി (പെണ്ണമ്മ94) അന്തരിച്ചു.മക്കൾ: കുട്ടിയമ്മ, ബേബി, ലീലാമ്മ, മാത്തൻ, സെലി, റോസിലി, ആലീസ്, കൊച്ചുറാണി, പരേതനായ കുര്യൻ.



**ടിഞ്ചു ജോയൽ**

ഹൂസ്റ്റൺ: കൊല്ലം പുത്തൂർ തെക്കേവീട്ടിൽ ജോയൽ ഭവനിൽ ജോയൽ രാജന്റെ ഭാര്യ ടിഞ്ചു ജോയൽ (35) ഹൂസ്റ്റണിൽ അന്തരിച്ചു. ഹൃദയ സംബന്ധമായ അസുഖത്തെ തുടർന്നായിരുന്നു അന്ത്യം. പത്തനംതിട്ട ജില്ല യിലെ അടൂർ പറക്കോട് അറുകാലിക്കൽ വെസ്റ്റ് അലക്സ് വില്ലയിൽ സെൽവൻ പി അലക്സ് - ജയ സെൽവൻ ദമ്പതികളുടെ മകളാണ്. മക്കൾ: അന്ന, ഏബൽ.

**ഏലിയാമ്മ**

ചിക്കാഗോ: ഏലിയാമ്മ കാഞ്ഞിരത്തിങ്കൽ (83 വയസ്സ് ) ചിക്കാഗോയിൽ അന്തരിച്ചു. പരേത കരിങ്കുന്നം കളപ്പുരയിൽ കുടുംബാഗമാണ്. ഭർത്താവ് : പരേതനായ കുട്ടപ്പൻ കാഞ്ഞിരത്തിങ്കൽ. മക്കൾ: ബെസ്സി & സജി ഉതുപ്പാൻ (ചിക്കാഗോ).സിറിൾ & ജോളി കാഞ്ഞിരത്തിങ്കൽ (റ്റാമ്പാ)



THE ONE AND ONLY
daily news
BULLETIN
For North American Malayalees!
pravasi CHANNEL HD
ഡെയിലി
ന്യൂസ് ബുള്ളറ്റിൻ
പ്രവാസി മലയാളികളുടെ
സ്വന്തം ചാനലിൽ മാത്രം!
Watch
Pravasi Channel
LIVE 24 Hrs
www.pravasichannel.com
or Watch Anytime via 'VOD' Video on Demand
by downloading MediaAppUSA App FREE!
Download on the App Store
Google play
Available in App Store or Google Store
MediaAppUSA
Call 1-917-900-2123 for Advertisements & News